# മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ



**മാർ കുര്യാക്കോസ് കുന്നശേരി**


| | | |
|---|---|---|
| ജനനം | : | 11 - 9- 1928 |
| തിരുപ്പട്ടം | : | 21 - 12- 1955 |
| മെത്രാഭിഷേകം | : | 24 - 2- 1968 |
| മരണം | : | 14 - 6 -2017 |



**റവ. ഫാ. ജോസഫ് (ജെയ്സൺ) പുത്തൻപുര MST**


| | | |
|---|---|---|
| ജനനം | : | 21 - 04- 1961 |
| തിരുപ്പട്ടം | : | 01 - 01- 1990 |
| മരണം | : | 24 - 05 -2017 |

## പൗരോഹിത്യ ശുശ്രൂഷയിൽ
## 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക് ആശംസകൾ'
## പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. സിറിയക് ജോൺ വളച്ചനാത്ത്**

പൗരോഹിത്യസ്വീകരണം: 13 – 4 – 1993



**റവ.ഫാ. ജേക്കബ്**
**മുളവേലിക്കുന്നേൽ**

പൗരോഹിത്യസ്വീകരണം: 27 – 4 – 1993



**റവ.ഫാ. തോമസ്**
**മണക്കുന്നേൽ**

പൗരോഹിത്യസ്വീകരണം: 29 – 4 – 1993

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08** **ജൂലൈ–2017** **ലക്കം 7**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................... 09
സർക്കുലർ ........................................................... 14
പുരോഹിതൻ ദൈവത്തിന്റെ മനുഷ്യൻ ............... 18
രൂപതാകച്ചേരി വാർത്തകൾ ...................................... 25
വൈദികരുടെ മാസധ്യാനം ...................................... 30
സെമിനാരി വാർത്തകൾ ........................................ 32
മതബോധനരംഗം ................................................... 35
ചെറുപുഷ്പമിഷൻലീഗ് ............................................ 46
*Department of Youth Ministry* ............................................ 55
കെ.സി.വൈ.എം. ..................................................... 58
കുടുംബപ്രേഷിതത്വം ................................................ 65
സീയോൻ വാർത്തകൾ ............................................... 68
സാമൂഹ്യ സേവനരംഗം (WSSS) ................................ 70
ബയോവിൻ അഗ്രോ റിസർച്ച് ..................................... 77
റേഡിയോ മാറ്റൊലി ................................................. 81
*Mary Matha Arts & Science Collge* ..................................... 88
ഡി.എഫ്.സി. ........................................................... 89
അറിയിപ്പുകൾ ........................................................ 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 92
ബിഷപ്സ് പ്രോഗ്രാം ................................................... 93

# യുവജനദിനം 2017

**ജൂലൈ 9, ഞായർ**

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കു ന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലക പ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജന ങ്ങൾക്കുവേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

**1. ആധുനിക ലോകത്തിലെ യുവജനങ്ങൾ**

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസ തത്പരതയിലും ദൈവസ്നേഹ തീക്ഷ്ണതയിലും വളരണം. ധാർമ്മിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും

ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർദ്ധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബര ജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനികലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

**2. വിശ്വാസവും വിളിയും**

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. “നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും” (ഉത്പ. 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ. 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes 16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. എന്റെ സ്വർഗസ്ഥനായ

പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണ രായിരിക്കുവിൻ" (മത്താ.5:45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യം ബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നൽകാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തു കൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹിക വുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊസി, 205)

### 3. വിവേചിച്ചറിയൽ എന്ന ദാനം

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥ യെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രക്രിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന്

തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീകകൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. ''ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല'' (ഫുൾട്ടൻ ജെ ഷീൻ). ''ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം" (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണ്ണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ

കഴിവതും വേഗം നല്ണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)
**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)
**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

---

**NB:- ഈ സർക്കുലർ 2017 ജൂലൈ 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 04/2017*
*Prot. No. 20013/2017*

## ആശാകിരണം – ക്യാൻസർ സുരക്ഷായജ്ഞം

ശാസ്ത്ര കണ്ടുപിടുത്തങ്ങളുടെയും പുരോഗമനത്തിന്റെയും പാതയിൽ മനുഷ്യൻ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽത്തന്നെ അവന്റെ ജീവിതസാഹചര്യങ്ങൾക്കും ഒരുപാട് വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആധുനിക വൈദ്യശാസ്ത്രം എത്ര പുരോഗമിച്ചുവെന്നു പറഞ്ഞാലും മനുഷ്യ ജീവിതത്തിന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിൽ മനുഷ്യന്റെ നിസ്സഹായവസ്ഥ വിളിച്ചോതുന്ന ഒരു മഹാവിപത്താണ് അർബുദം അഥവാ ക്യാൻസർ. ഇന്ന് മനുഷ്യനെ മരണത്തിലേക്കു നയിക്കുന്ന ഏറ്റവുംവലിയ ഒരു മാരകരോഗമായി ക്യാൻസർ മാറികഴിഞ്ഞു. ലോകാരോഗ്യസംഘടനയുടെ (WHO) കണക്കനുസരിച്ച് ആഗോളതലത്തിൽ 120 ലക്ഷം ആളുകൾ പ്രതിവർഷം ക്യാൻസർ ബാധിതരാവുകയും 90 ലക്ഷം പേർ മരണമടയുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തിൽ ഓരോ വർഷവും 25 ലക്ഷം പേർ രോഗബാധിതരാവുകയും 6 ലക്ഷംപേർ മരണമടയുകയും ചെയ്യുന്നു. നമ്മുടെ കൊച്ചുകേരളത്തിൽ ഒരു വർഷം 35000 ആളുകൾ ക്യാൻസർ ബാധിതരാകുന്നുണ്ട്. ആഗോളതലത്തിൽ 6 മരണങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ അതിലൊരാൾ ക്യാൻസർ രോഗത്താലാണ് മരിക്കുന്നത്. എന്നാൽ നമ്മുടെ രാജ്യത്തിൽ 4 പേർ മരിക്കുമ്പോൾ അതിലൊരാൾ ക്യാൻസർ രോഗത്താലാണെന്ന കണക്കുകൾ നമ്മളെ ഓർമ്മിപ്പിക്കുന്നത് ഈ രോഗത്തിന്റെ ഭീകരതതന്നെയാണ്.

കുടുംബത്തിൽ ഒരു വ്യക്തി ക്യാൻസർ ബാധിതനായാൽ രോഗി മാത്രമല്ല കുടുംബം മുഴുവനുമാണ് കഷ്ടതയിലേക്ക് നിപതിക്കുന്നത്. ക്യാൻസർ ബാധിച്ച വ്യക്തി മരണമടയുമ്പോൾ ആ കുടുംബം പലപ്പോഴും ഭീമമായ സാമ്പത്തിക പ്രതിസന്ധിയിലേക്കും കടക്കെണിയിലേക്കും വീണുപോകുന്നു. അവർക്ക് ആശ്രയമാകാനോ ആലംബമാകാനോ പലപ്പോഴും നമുക്ക് സാധിക്കാറുമില്ല എന്നതും വലിയ വസ്തുതയാണ്. ഇത് നമ്മെ ചിന്തിപ്പിക്കേണ്ട വസ്തുതയാണ്.

ക്യാൻസർ എന്ന മഹാവിപത്ത് നമ്മുടെ സമൂഹത്തിൽ പടരാൻ കാരണങ്ങൾ പലതാണ്. പരമപ്രധാനമായി ഗവേഷകർ പറയുന്ന കാരണം മനുഷ്യന്റെ മാറിക്കൊണ്ടിരിക്കുന്ന ദൈനംദിന ജീവിതശൈലി തന്നെയാണ്. പരമ്പരാഗതമായ പല ജീവിതരീതികളും സാഹചര്യങ്ങളും നമുക്ക് നഷ്ടപ്പെട്ടു. ഭക്ഷണക്രമങ്ങളും ഇന്ന് മാറിയിരിക്കുകയാണ്. മാരകമായ വിഷാംശം കലർന്ന ആഹാരവസ്തുക്കൾ, മദ്യത്തിന്റെ ദുരുപയോഗം, മയക്കുമരുന്നുകളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് ഭക്ഷണ ശൈലി, ആവശ്യമായ വ്യായാമവും വിശ്രമമില്ലായ്മയും, മാനസിക സംഘർഷം നിറഞ്ഞ ജീവിതശൈലി എന്നിവ ഈ വിപത്തിന്റെ മറ്റു കാരണങ്ങളായി പറയപ്പെടുന്നു.

പഠനങ്ങൾ മനസിലാക്കുമ്പോൾ ഈ വിപത്ത് ഒരു ജീവിത ശൈലി രോഗമാണെന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയും. വന്നതിനുശേഷം ചികിത്സിക്കുക എന്നതിനേക്കാൾ ഈ വിപത്ത് വരാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ മൂന്നിലൊന്ന് ക്യാൻസർ രോഗങ്ങളും യഥാസമയത്തുള്ള രോഗനിർണ്ണയവും വഴി സുഖപ്പെടുത്താൻ നമുക്ക് കഴിയും.

ക്യാൻസർ എന്ന മഹാവിപത്ത് നമ്മുടെ ഇടയിൽ നിന്ന് തുടച്ചു നീക്കേണ്ടതാണ്. അങ്ങനെ നമുക്ക് ഈ രോഗത്തെ പ്രതിരോധിക്കാൻ കഴിയണം. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതക്രമത്തിന് നമ്മൾ മാറ്റം വരുത്തുവാൻ തയ്യാറാകണം. നമ്മുടെ പരമ്പരാഗത രീതിയിലുള്ള ജീവിതക്രമങ്ങൾ പാലിക്കുവാൻ നാം പ്രാപ്തരാകണം. ഈ പ്രക്രിയയ്ക്ക് നമ്മുടെ കുടുംബങ്ങളിൽ നമുക്ക് സാഹചര്യമൊരുക്കാൻ കഴിയും. വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ നമ്മുടെ വീട്ടുവളപ്പുകളിൽ നാം ഉത്പാദിപ്പിക്കുകയും നമ്മുടെ ആഹാര രീതിയിലും ജീവിത വ്യവസ്ഥയിലും മാറ്റം വരുത്തുകയും ചെയ്താൽ ഒരു പരിധി വരെ നമുക്ക് ക്യാൻസറിനെ തടയാൻ കഴിയും.

ഇത്തരുണത്തിൽ കേരള കത്തോലിക്കസഭയിലെ 31 രൂപതകളോട് ചേർന്ന് നമ്മുടെ രൂപതയിലെ സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അതോടൊപ്പം മിഷൻലീഗും കാരിത്താസ് ഇന്ത്യയും കൂടി ക്യാൻസറിനെ പ്രതിരോധിക്കാൻ പുതിയ ഒരു സംരംഭം ആരംഭിക്കുകയാണ് ‘ആശാകിരണം’ എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുക. ക്യാൻസർ ബോധവൽക്കരണ പരിപാടികൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, പ്രാരംഭത്തിൽ തന്നെ രോഗം കണ്ടെത്തി ചികിത്സ നൽകുക, ക്യാൻസർ

ബാധിതർക്ക് സാമ്പത്തികവും മാനസികവുമായ പിന്തുണ നൽകാൻ കഴിവുള്ള സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലനം നൽകുക, ജനകീയ കൂട്ടായ്മകളിലൂടെ ക്യാൻസർ ബാധിതർക്ക് ആശ്വാസമാകുക എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. രണ്ടുതലത്തിലാണ് ആശാകിരണം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് 1. രോഗ പ്രതിരോധവും 2. രോഗ നിവാരണവും.

ആദ്യത്തേത് ക്യാൻസർ രോഗത്തിനെതിരേയുള്ള പ്രതിരോധമാണ്. ഇതുകൊണ്ടുദ്ദേശിക്കുന്നത് ജീവിതരീതിയിലുള്ള മാറ്റവും മാനസിക സാമൂഹിക സമീപനവുമാണ്. രോഗത്തെക്കുറിച്ചും രോഗകാരണങ്ങളെക്കുറിച്ചുമുള്ള ബോധവത്ക്കരണം നൽകുക, സെമിനാറുകൾ സംഘടിപ്പിക്കുക, വീടുകളിൽ ജൈവകൃഷിയേയും പരമ്പരാഗത കൃഷിയേയും പരമ്പരാഗത വിത്തിനങ്ങളെയും പ്രോത്സാഹിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയാണ്. രോഗിയും രോഗിയുടെ കുടുംബവും അവരുടെ കഷ്ടപാടിന്റെ അവസ്ഥയിൽ ഒറ്റപ്പെടുത്തപ്പെടാതെ അവർക്ക് പ്രതീക്ഷയും സഹായവും നൽകിക്കൊണ്ട് സമൂഹത്തിന്റെ മുൻനിരയിൽ അവരെ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ്.

രണ്ടാമത്തെ തലം എന്നു പറയുന്നത് വൈദ്യശാസ്ത്രപരമായ സമീപനമാണ്. രോഗിക്ക് നല്ലതും വ്യക്തവുമായ ചികിത്സാസഹായങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തണം. ക്യാൻസർ രോഗം അതിന്റെ പ്രാഥമിക ഘട്ടത്തിൽതന്നെ കണ്ടെത്താനായാൽ പൂർണ്ണമായും ചികിത്സിച്ചുഭേദമാക്കാൻ സാധിക്കുന്ന ഒരു രോഗാവസ്ഥയാണെന്ന് ആധുനികവൈദ്യശാസ്ത്രത്തിന്റെ ചികിത്സാരീതികൾ തെളിയിച്ചിട്ടുള്ള ഒട്ടനവധി ജീവിക്കുന്ന ഉദാഹരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്.


ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നമ്മുടെ ഇടവകകളുടെ നിസ്വാർത്ഥമായ സഹകരണം ആവശ്യമാണ്. നമ്മുടെ ഇടവകകളിലെ കൈകാരന്മാരുടെയും കമ്മിറ്റി അംഗങ്ങളുടെയും ഭക്തസംഘടനകളുടെയും അകമഴിഞ്ഞ സഹകരണം പദ്ധതിയുടെ നടത്തിപ്പിനായി ആവശ്യമുണ്ട്. ഇടവകകളിൽ സഹോദരസ്നേഹവും പൊതുപ്രവർത്തന തല്പരതയുമുള്ള സന്നദ്ധപ്രവർത്തകർ ഇതിനായി മുന്നോട്ടുവരണം. ക്യാൻസർ രോഗബാധിതരുടെ സർവ്വേ നടത്തുക, ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക, രോഗബാധിതർക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനും സഹായം നൽകുക, നിർദ്ധന ക്യാൻസർ രോഗികൾക്ക് വീട്ടിലിരുന്ന് തന്നെ ചെയ്യാൻ കഴിയുന്ന സ്വയം തൊഴിലുകൾക്ക് പഠനസഹായം നൽകുക, നമ്മുടെ പ്രദേശങ്ങളിൽ

തന്നെയുള്ള ആശുപത്രികൾ, ആതുരശുശ്രൂഷകർ തുടങ്ങിയവരുടെ സേവനങ്ങളെയും സർക്കാരിന്റെയും സർക്കാരിതര സംവിധാനങ്ങളുടെയും സഹായവും ഉറപ്പുവരുത്തുവാൻ നമുക്കാവണം. പദ്ധതികൾ ഇവരുടെ സഹായത്തോടെ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ സഹായമനസ്കരെ കണ്ടെത്തുന്നതിന് നേതൃത്വമെടുക്കുമല്ലോ. അച്ചന്മാരുടെ നിർല്ലോഭമായ സഹകരണം അഭ്യർത്ഥിക്കുകയാണ്.

മറ്റൊരുകാര്യം ആശാകിരണം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട തുക കണ്ടെത്തേണ്ടതാണ്. അതിന് ഫണ്ട് രൂപീകരണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. നമ്മുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകണം. ആശാകിരണം പദ്ധതിയുടെ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും പ്രവർത്തനശൈലിയും വിശദീകരിക്കുവാനും ക്യാൻസറിനെതിരായി ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഇടവകകൾതോറും സെമിനാറുകൾ സംഘടിപ്പിക്കാനും പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ടെന്ന് നാം ഉറപ്പുവരുത്തണം. ബഹു. വികാരിയച്ചന്മാർ സെമിനാറുകൾ എത്രയുംവേഗം സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

നമുക്കൊന്ന് ചേർന്ന് ഈ സംരംഭത്തെ വിജയത്തിലെത്തിപ്പിക്കാം. നമ്മുടെ നാട്ടിൽ നിന്നും ക്യാൻസർ എന്ന ഈ മഹാവിപത്തിനെ ഇല്ലായ്മ ചെയ്യാനും രോഗാതുരർക്കും കുടുംബാംഗങ്ങൾക്കും ആശ്വാസമാകാനും ഈ ബൃഹത് പദ്ധതിക്ക് കഴിയട്ടെ എന്നാശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ജൂൺ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ജൂലൈ 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷ വിചിന്തനങ്ങൾ

# പുരോഹിതൻ ദൈവത്തിന്റെ മനുഷ്യൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: മർക്കോ 9,2–50)**

ഈ തിരുവചനഭാഗം ഈശോയുടെ യഥാർത്ഥ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന ഒരു ഭാഗമാണ്. എട്ടാമദ്ധ്യായത്തിൽ തന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള ചോദ്യവും ഉത്തരവും ശിഷ്യന്മാരുമായുള്ള സംഭാഷണത്തിൽ പങ്കുവച്ച ഈശോ (8,27–30) ഈ അദ്ധ്യായത്തിൽ അത് കൂടുതൽ വ്യക്തമാക്കുന്നു. അഞ്ച് പ്രധാനപ്പെട്ട സംഭവങ്ങളിലൂടെയാണ് ഇത് ഈശോ നിർവഹിക്കുന്നത്. 1. രൂപാന്തരീകരണം (9,2–8); 2. അപസ്മാരബാധിതനായ കുട്ടിയെ സുഖപ്പെടുത്തുന്നു (9,14–29); 3. രണ്ടാം പീഡാനുഭവപ്രവചനം (9,30–32); 4. ചെറിയവരാകുവാനുള്ള ആഹ്വാനം (9,33–37); 5. ചെറിയവർക്ക് ഇടർച്ച നല്കാതിരിക്കാനുള്ള ആഹ്വാനം (9,42–48). "നീ മിശിഹായാണ്" എന്ന് പത്രോസ് ഏറ്റുപറഞ്ഞപ്പോൾ, യഹൂദർക്ക് അന്ന് മിശിഹായെക്കുറിച്ച് ഉണ്ടായിരുന്ന കാഴ്ചപ്പാടും ധാരണയുമൊക്കെയാണ് ശിഷ്യർക്കും ഉണ്ടായിരുന്നത്. എന്നാൽ അതിനെ തിരുത്തി ദൈവപുത്രനടുത്ത തന്റെ ശരിയായ വ്യക്തിത്വമാണ് ഇവിടെ ഈശോ വെളിപ്പെടുത്തിക്കൊടുക്കുന്നത്. ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലത്തിൽ പുരോഹിതന്റെ ദൈവികമായ വ്യക്തിത്വം മനസ്സിലാക്കാൻ നമുക്കു കഴിയും. പുരോഹിതശുശ്രൂഷ വെറും മാനുഷികമായി നിർവഹിക്കേണ്ടതല്ല. അത് ദൈവൈക്യത്തിൽ നിർവഹിക്കേണ്ട ഒന്നാണ്.

**1. പുരോഹിതൻ: ദൈവൈക്യത്തിൽ ജീവിക്കുന്നവൻ**

"*ആറു ദിവസം കഴിഞ്ഞ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഈശോ ഒരു ഉയർന്ന മലയിലേക്കു പോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. ...അപ്പോൾ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ*" (9,2–8).

താബോർമലയിൽ വച്ചുനടന്ന ഈശോയുടെ രൂപാന്തരീകരണമാണ് ഇവിടെ വിവരിക്കുന്നത്. മുൻവാക്യത്തിൽ ഈശോ നടത്തിയ പീഡാനുഭവപ്രവചനത്തിന്റെ പൂർത്തീകരണമാണ് ഈ സംഭവം. ഈശോ അപമാനകരമായ മരണത്തിനു വിധേയനാകുമെങ്കിലും

ആത്യന്തികമായി മഹത്ത്വം പ്രാപിക്കുമെന്ന ഉറപ്പാണ് ഈ സംഭവം ശിഷ്യന്മാർക്കു നല്കുന്നത്. 'ആറു ദിവസം കഴിഞ്ഞ്' എന്ന പരാമർശം പുറ. 24,15-16 നെ അനുസ്മരിപ്പിക്കുന്നതാണ്. മോശ ആറു ദിവസം സീനായ് മലയിൽ കഴിഞ്ഞു. ഏഴാം ദിവസമാണ് ദൈവം പ്രത്യക്ഷപ്പെട്ടത്. മോശയും ഏലിയായും ഈ സംഭവത്തിലെ കഥാപാത്രങ്ങളാണ്. അവർ ഈശോയോടു സംസാരിച്ചുകൊണ്ടിരുന്നു (9,4). അവർ രണ്ടു പേരും ദൈവാനുഭവത്തോടുകൂടിയും ദൈവത്തിന്റെ നിർദ്ദേശപ്രകാരവും തങ്ങളുടെ ദൈവദത്തമായ ദൗത്യം നിർവഹിച്ചവരാണ്. നിയമത്തെയും പ്രവാചകരെയും, അഥവാ പഴയനിയമത്തെ, പ്രതിനിധാനം ചെയ്യുന്നവരാണ് മോശയും ഏലിയായും. ഈശോയുടെ ജീവിതവും പ്രവർത്തനങ്ങളും ദൈവഹിതപ്രകാരമുള്ളതും ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണവുമാണെന്നതിന്റെ സൂചനയാണ് ഈശോയുമൊത്തുള്ള അവരുടെ സാന്നിദ്ധ്യവും സംസാരവും.

"മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു: ഇവൻ എന്റെ പ്രിയ പുത്രൻ" (9,7). മാമ്മോദീസായുടെ സന്ദർഭത്തിലുണ്ടായ വെളിപ്പെടുത്തലിന്റെ നവീകരണമാണ് ഇവിടെ സംഭവിക്കുന്നത്. ദൈവപിതാവുമായുള്ള ഈശോയുടെ പുത്രനടുത്ത ബന്ധം അവിടുത്തെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനമാണെന്ന് ഇതു വ്യക്തമാക്കുന്നു. "പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ" (യോഹ 1,18) എന്നാണല്ലോ ഈശോ വിശേഷിപ്പിക്കപ്പെടുന്നത്. ഈ ലോകത്തിൽ ശുശ്രൂഷയിലേർപ്പെട്ട് മനുഷ്യരുടെ മദ്ധ്യേ ജീവിച്ചിരുന്നപ്പോഴും പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും കടന്നുപോയപ്പോഴും ഈശോ പിതാവിന്റെ മടിയിലാണ് ഇരുന്നതെന്ന് ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തലിനോടൊപ്പം "അവന്റെ വാക്കു ശ്രവിക്കുവിൻ" എന്നുകൂടി പറയുന്നു. ഈശോ ദൈവൈക്യത്തിൽ ജീവിക്കുക മാത്രമല്ല, ദൈവഹിതമനുസരിച്ച് തന്റെ ശുശ്രൂഷ പൂർത്തിയാക്കുകയും ചെയ്തു. ഈശോയുടെ സഹനവും മരണവും ഉത്ഥാനവുമെല്ലാം ഈ ദൈവൈക്യത്തിന്റെ പ്രകാശനമായിരുന്നു. പുരോഹിതൻ നിരന്തരം ദൈവൈക്യത്തിൽ വ്യാപരിക്കേണ്ടവനാണ്. ദൈവഹിതപ്രകാരം അനുനിമിഷം തന്റെ ശുശ്രൂഷ നിർവഹിക്കേണ്ടവനുമാണ്.

**2. പ്രാർത്ഥനാജീവിതത്തിലൂടെ ശക്തി പ്രാപിക്കുന്നവൻ**

*"അവൻ അവരോടു പ്രതിവചിച്ചു: വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും? അവനെ എന്റെയടുക്കൽ കൊണ്ടുവരു. ... ഈശോ വീട്ടിലെത്തിയപ്പോൾ ശിഷ്യന്മാർ സ്വകാര്യമായി ചോദിച്ചു:*

*എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? അവൻ പറഞ്ഞു: പ്രാർത്ഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല*" (9,19.28-29).

രൂപാന്തരീകരണാനുഭവത്തോടെ മലയിൽ നിന്നിറങ്ങിവന്ന ഈശോയുടെ ദർശനമാത്രയിൽ ജനങ്ങൾക്കനുഭവപ്പെടുന്ന ഉൽക്കടമായ ആശ്ചര്യവും അവരുടെ ആവേശപൂർവകമായ അഭിവാദനവും സൂചിപ്പിക്കുന്നത് രൂപാന്തരീകരണമഹത്ത്വം അവിടുന്നിൽ പ്രതിഫലിച്ചിരുന്നുവെന്നാണ്. ദൈവദർശനം കഴിഞ്ഞ് സീനായ് മലയിൽനിന്നും ഇറങ്ങിവന്ന മോശയുടെ മുഖം ദിവ്യശോഭയാൽ തിളങ്ങിയിരുന്നതിനെ (പുറ 34,29; 2 കൊറി 3,7) ഇത് ഓർമ്മിപ്പിക്കുന്നു. മലയിൽനിന്നിറങ്ങി വന്ന ഈശോയ്ക്കും ശിഷ്യന്മാർക്കും നേരിടേണ്ടിവന്നത് അശുദ്ധാരൂപിയെ ബഹിഷ്കരിക്കുന്നതിൽ താഴെ നിന്ന ശിഷ്യന്മാർക്കുണ്ടായ പരാജയമാണ്. ഈ പരാജയം ആവർത്തിച്ചു പരാമർശിക്കപ്പെട്ടിരിക്കുന്നു (9,18.28). ശിഷ്യർക്ക് അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുവാനുള്ള അധികാരം സുവിശേഷപ്രഘോഷണദൗത്യത്തോടൊപ്പം നല്കപ്പെട്ടതാണ് (മർക്കോ 6,7). അവർ ഇതിനുമുമ്പ് ഈ അധികാരം പ്രായോഗികമാക്കിയിട്ടുമുണ്ട് (മർക്കോ 6,13). എങ്കിലും ഇപ്പോൾ അവർക്കു കഴിയാതെപോയി എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അധികാരമുണ്ടായിട്ടും അത് പ്രായോഗികമാക്കാൻ കഴിയാതെ പോകുന്ന സ്ഥിതിവിശേഷം പുരോഹിതജീവിതത്തിലും ശുശ്രൂഷയിലും അനുഭവപ്പെടാം. ഇപ്രകാരം സംഭവിച്ചതിൽ ഈശോ അസ്വസ്ഥനാകുന്നുമുണ്ട് (9,19).

അധികാരമുണ്ടായിട്ടും അത് പ്രാവർത്തികമാക്കുവാൻ കഴിയാതെ പോയതിന്റെ കാരണമെന്താണെന്ന് ഈശോ ഈ സന്ദർഭത്തിൽ വ്യക്തമാക്കുന്നുണ്ട്. അതിലൊന്ന് വിശ്വാസമില്ലായ്മയാണ്. ഈശോ പറയുന്നു: "വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും?" (9,19). പിന്നീട് വീട്ടിലെത്തിയപ്പോൾ ശിഷ്യന്മാർ സ്വകാര്യമായി, എന്തുകൊണ്ടാണ് തങ്ങൾക്ക് അതിനെ ബഹിഷ്കരിക്കാൻ കഴിയാതെ പോയതെന്ന് ഈശോയോടു ചോദിച്ചു (9,28). അപ്പോൾ ഈശോ പറഞ്ഞു: "പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തു പോകുകയില്ല" (9,29). ചില കയ്യെഴുത്തുപ്രതികളിൽ 'പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ' എന്നും കാണുന്നുണ്ട്. പ്രാർത്ഥന വിശ്വാസത്തിനു പ്രകാശനം നല്കുന്ന സന്ദർഭമാണ്. പ്രാർത്ഥനയിലൂടെ വിശ്വാസം നവീകരിക്കപ്പെടുകയും ചെയ്യും. ഉപവാസം പ്രാർത്ഥനയുടെ

ഒരു അവിഭാജ്യഘടകമാണ്. ദൈവത്തോടുകൂടെ വസിക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും വിശ്വാസത്തെ ഉണർത്തുകയും ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്തുകൊണ്ടിരുന്നാലേ പൗരോഹിത്യസ്വീകരണത്തിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന ദൈവികശക്തി ശുശ്രൂഷയിലൂടെ ഫലപ്രദമായവിധം പ്രായോഗികമാക്കുവാൻ കഴിയൂ.

**3. ദൈവഹിതത്തിന് സ്വയം ഏല്പിച്ചു കൊടുക്കുന്നവൻ**

"*അവൻ പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുകയും അവർ അവനെ വധിക്കുകയും ചെയ്യും. അവൻ വധിക്കപ്പെട്ടു മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേല്ക്കും. ഈ വചനം അവർക്കു മനസ്സിലായില്ല. എങ്കിലും, അവനോടു ചോദിക്കാൻ അവർ ഭയപ്പെട്ടു*" (9,31–32).

തന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള ഈശോയുടെ രണ്ടാമത്തെ പ്രവചനമാണിത്. സന്ദർഭം ഗലീലിയായിലൂടെയുള്ള യാത്രയാണ്. ശിഷ്യന്മാരെ പഠിപ്പിക്കുകയായിരുന്നതുകൊണ്ട് ഇക്കാര്യം ആരും അറിയരുതെന്ന് ഈശോ ആഗ്രഹിച്ചു (9,30). അറിഞ്ഞാൽ വലിയ ജനക്കൂട്ടം തന്നെ തേടിവരുമെന്നും ആ സാഹചര്യത്തിൽ ശിഷ്യന്മാരെ പഠിപ്പിക്കുക അസാദ്ധ്യമാകുമെന്നും ഈശോ മനസ്സിലാക്കിയിട്ടുണ്ടാവും. ശിഷ്യന്മാരെ പഠിപ്പിക്കുന്നതിന്റെ പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. മനുഷ്യപുത്രനെന്ന നിലയിൽ തന്റെ വ്യക്തിത്വം ശിഷ്യർ മനസ്സിലാക്കണം എന്നതിന് ഈശോ നല്കിയ പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. അത് അത്ര എളുപ്പമായിരുന്നില്ല എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നുമുണ്ട്: "ഈ വചനം അവർക്കു മനസ്സിലായില്ല. എങ്കിലും അവനോടു ചോദിക്കാൻ അവർ ഭയപ്പെട്ടു" (9,32). ഈശോയുടെ വ്യക്തിത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അവിടുത്തെ ശിഷ്യത്വം ജീവിക്കുവാൻ വിളിക്കപ്പെട്ട പുരോഹിതർക്ക് വ്യക്തമായ ബോദ്ധ്യങ്ങൾ ഉണ്ടായിരിക്കണം. എങ്കിൽമാത്രമേ, ഈശോയുടെ പുരോഹിതദൗത്യം ഏറ്റെടുത്തിരിക്കുന്നവർക്ക് അതു വേണ്ടവിധത്തിൽ നിർവഹിക്കുവാൻ കഴിയൂ.

ഏറ്റവും ലളിതവും ഹ്രസ്വവുമാണ് ഈ രണ്ടാം പ്രവചനം. സഹനത്തിന്റെ ആവശ്യകതയോ, ഉത്തരവാദികളായ യഹൂദനേതാക്കന്മാരെയോ, പീഡാനുഭവരംഗങ്ങളോ പരാമർശിക്കുന്നില്ല. എന്നാൽ, പീഡാനുഭവരഹസ്യത്തിന്റെ അഗാധങ്ങളെ സ്പർശിക്കുന്ന പ്രസ്താവനയാണ് ഈ പ്രവചനത്തിന്റെ കേന്ദ്രത്തിലുള്ളത്: "മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു" (9,31). പിന്നീട് ഗദ്സേമനിയിൽ തന്റെ

പീഡാനുഭവത്തെ വിശേഷിപ്പിക്കുന്നത് ഈ വിധത്തിലാണ്: "ഇതാ, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു" (മർക്കോ 14,41). 'ഏല്പിക്കപ്പെടുക' എന്നത് ദൈവശാസ്ത്രപരമായി വളരെ അർത്ഥവത്തായ ഒരു പ്രയോഗമാണ്. ഈശോ ഏല്പിക്കപ്പെട്ടത് ദൈവത്തിന്റെ നിശ്ചിത പദ്ധതിപ്രകാരമാണ് (നട 2,23). ഈശോയെ യഹൂദരുടെ കൈകളിൽ ഏല്പിച്ചത് യൂദാ സ്ക്കറിയോത്തായാണ് (മത്താ 26,14-16). അതേസമയം ഈശോ യഹൂദരുടെ കൈകളിൽ ഏല്പിക്കപ്പെട്ടത് ദൈവഹിതത്തിനു വിധേയപ്പെട്ട് അവിടുന്നുതന്നെ അപ്രകാരം തീരുമാനമെടുത്തതുകൊണ്ടാണ് (മർക്കോ 14,36). ഈശോയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്ന പുരോഹിതനും ദൈവഹിതത്തിനു വിധേയപ്പെട്ട് സ്വയം ഏല്പിച്ചുകൊടുക്കുവാൻ തയ്യാറാവണം. സഹനത്തിനു കാരണമായിത്തീരുന്ന മാനുഷികസാഹചര്യങ്ങളിൽ പ്രാർത്ഥനയിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ് അതിനു വിധേയപ്പെടുവാൻ പുരോഹിതനു കഴിയണം.

**4. എല്ലാവരുടെയും ശുശ്രൂഷകൻ**

"*അവൻ ഇരുന്നിട്ടു പന്ത്രണ്ടു പേരെയും വിളിച്ചുപറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം*" (9,35).

ഈശോ തന്റെ പീഡാനുഭവത്തിലേക്ക് യാത്ര ചെയ്യുകയും അതിന്റെ അർത്ഥതലങ്ങൾ ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ, അവർ തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെപ്പറ്റി തർക്കിക്കുന്നു. മനുഷ്യപുത്രന്റെ സഹനഭാഗധേയത്തെയും ശിഷ്യത്വത്തെയുംകുറിച്ച് ഈശോയോടു ചോദിക്കാനുള്ള ഭയത്തിന്റെയും തുടരുന്ന അജ്ഞതയുടെയും (9,32) വ്യക്തമായ പ്രകാശനമാണ് അവരുടെ തർക്കം. ഈശോയുടെ ചോദ്യത്തോട് മൗനം വഴി പ്രതികരിച്ചതു സൂചിപ്പിക്കുന്നത് തങ്ങളുടെ തർക്കം അനുചിതമാണെന്ന് അവർക്കു ബോദ്ധ്യമായി എന്നാണ്. ഈ സാഹചര്യത്തിൽ വളരെ പ്രാധാന്യമുള്ള ഒരു പ്രബോധനം ഈശോ ശിഷ്യർക്കു നല്കുകയാണ്. "അവൻ ഇരുന്നിട്ട് പന്ത്രണ്ടു പേരെയും വിളിച്ചു പറഞ്ഞു" (9,35) എന്നത് അതിന്റെ സൂചനയാണ്. ആരാണ് ഏറ്റം വലിയവൻ എന്ന തർക്കം ഉന്നതപദവിക്കും അധികാരത്തിനുംവേണ്ടിയുള്ള അവരുടെ സ്വാർത്ഥപരമായ ദുരഭിലാഷത്തിന്റെ അടയാളമാണ്. മിശിഹായെയും അവിടുത്തെ സഹനഭാഗധേയത്തെയും കുറിച്ചുള്ള ചിന്തകൾക്കു പകരം, മാനുഷികവും സ്വാർത്ഥപരവുമായ ചിന്തകൾക്കാണ് അവരുടെ മനസ്സിൽ ആധിപത്യം.

കുരിശിന്റെ വഴിയിൽ മനുഷ്യപുത്രനെ അനുഗമിക്കേണ്ടവരായ ശിഷ്യന്മാർക്ക് പ്രഥമസ്ഥാനമോഹം തികച്ചും നിഷിദ്ധമാണ്.

ശിഷ്യന്മാർ തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കേണ്ടത് സ്വാർത്ഥപരമായ വ്യർത്ഥമോഹങ്ങളല്ല. മനുഷ്യപുത്രന്റെ വിനീതശുശ്രൂഷയുടെ പൊരുൾ ഗ്രഹിച്ച്, അംഗീകരിച്ച് എല്ലാവരിലും അവസാനത്തവരും സകലരുടെയും ശുശ്രൂഷകരുമാകുകയാണ് ശിഷ്യന്മാരുടെ ധർമ്മം. 'ശുശ്രൂഷകൻ' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് 'ദിയാക്കൊനോസ്' എന്നതാണ്. മർക്കോസിന്റെ സുവിശേഷത്തിൽ ഇവിടെ ആദ്യമായിട്ടാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. ഭക്ഷണമേശയിലെ ശുശ്രൂഷയുടെ പ്രത്യേകതകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. അത് സ്നേഹത്തോടെയുള്ള ശുശ്രൂഷയാണ്. വ്യക്തിപരമായ കരുതലും, വ്യക്തിപരമായ ആവശ്യങ്ങളെക്കുറിച്ചുള്ള ജാഗ്രതയും പുലർത്തുന്ന ശുശ്രൂഷയാണ്. ഈ വാക്കാണ് സഭയിലെ ശുശ്രൂഷയെ കുറിക്കുന്ന വാക്കായിത്തീർന്നത്. 'ഒരു ശിശുവിനെ എടുത്ത്, അവരുടെ മദ്ധ്യേ നിറുത്തി, അവനെ കൈകളിൽ വഹിച്ചുകൊണ്ട്, അതുപോലുള്ള ഒരു ശിശുവിനെ സ്വീകരിക്കുന്നവൻ തന്നെയും തന്നെ അയച്ച പിതാവിനെയും സ്വീകരിക്കുന്നു' (9,36-39) എന്നു പറഞ്ഞുകൊണ്ടാണ് ഈ പ്രബോധനം ഈശോ നല്കിയത്. അതുകൊണ്ട് തങ്ങളുടെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെടുന്ന ഓരോരുത്തരുടെയും, അവർ മാനുഷിക പരിഗണനയിൽ എത്ര നിസ്സാരരായാലും, ശുശ്രൂഷകരാകുവാൻ ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ച പുരോഹിതരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു.

**5. എല്ലാവർക്കും മാതൃകയാകേണ്ടവൻ**

"*വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും, അവനു കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്*" (9,42).

മറ്റുള്ളവർക്ക് ഇടർച്ച നല്കുന്നതിന്റെ ഗൗരവം എടുത്തുകാണിക്കുന്ന ഒരു സുവിശേഷഭാഗമാണിത്. "വിശ്വസിക്കുന്ന ഈ ചെറിയവരിൽ" ഒരുവന് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്, അത് മിശിഹായിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ചാണ് പറയുന്നതെന്ന് വ്യക്തമാണ്. മിശിഹായുടെ ശിഷ്യത്വപാതയിൽനിന്നു വിശ്വാസികളെ വ്യതിചലിപ്പിക്കുന്നവർക്ക് ദൈവത്തിൽനിന്നും കഠിനമായ ശിക്ഷ ലഭിക്കും എന്ന് ഈശോ പറയുന്നു. 'ഇടർച്ച വരുത്തുക' എന്ന പദം വിശ്വാസം നഷ്ടപ്പെടുത്തുന്നതിനെയാണു സൂചിപ്പിക്കുന്നത് (4,17; 14,27.29). മിശിഹാ ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്നവരുടെ പാദങ്ങൾ ഇടറത്തക്കവിധം പാതയിൽ ഇടർച്ചവസ്തുക്കളിടുന്നവർ വലിയ പാതകമാണു

ചെയ്യുന്നത്. അത്തരക്കാർ ഭൂമിയിൽ ജീവിക്കാതിരിക്കുന്നതാണ് കൂടുതൽ അഭികാമ്യമെന്ന് ഈശോ സൂചിപ്പിക്കുന്നു. ഇടർച്ച കൊടുക്കുന്നത്, അഥവാ മറ്റുള്ളവർക്കു പാപകാരണമായിത്തീരുന്നത്, വളരെ ഗൗരവാവഹമായ കുറ്റമാണെന്ന് ഈശോ ഇവിടെ പഠിപ്പിക്കുന്നു.

പുരോഹിതൻ വിശുദ്ധിയുടെ ശുശ്രൂഷകനാണ്. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു (LG അദ്ധ്യായം 5). പുരോഹിതന്റെ ശുശ്രൂഷയുടെ ഫലമായി സഭയിൽ എല്ലാവരും ആത്യന്തികമായി വിശുദ്ധിയിൽ വളരണം. സഭയിൽ എല്ലാവരെയും വിശുദ്ധിയിലേക്കു വളർത്തേണ്ടവനാണ് പുരോഹിതൻ. ഇതു സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻതന്നെ വിശുദ്ധിയിൽ വളരേണ്ടിയിരിക്കുന്നു. വിശുദ്ധിയിൽ വളരണമെങ്കിൽ പാപത്തോടു പടവെട്ടണം. മനുഷ്യശരീരത്തിലെ അവയവങ്ങളെ പാപത്തിന്റെ പിണിയാളുകളായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. പാപപ്രലോഭനങ്ങൾ കൈകളിലൂടെയും (നാം ചെയ്യുന്നവ) കാലുകളിലൂടെയും (നാം പോകുന്ന ഇടങ്ങൾ) കണ്ണുകളിലൂടെയും (നമ്മുടെ നോട്ടം, കാഴ്ചകൾ, കണ്ടുമുട്ടുന്ന വ്യക്തികൾ, വസ്തുക്കൾ തുടങ്ങിയവ) കടന്നുവരാം. പാപത്തിന്റെ കടന്നുവരവിന് കാരണമാകാത്തവിധം അവയെ നിയന്ത്രിച്ചുകൊണ്ട് വിശുദ്ധിയിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ എല്ലാവർക്കും മാതൃകയായിത്തീരുവാനും പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. പ്രാർത്ഥനാജീവിതത്തിലൂടെ നിരന്തരം ദൈവൈക്യത്തിൽ വ്യാപരിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും വിശ്വാസത്തെ ശക്തിപ്പെടുത്തി പുരോഹിതശുശ്രൂഷ ചെയ്യുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. ദൈവഹിതത്തിന് സ്വയം ഏല്പിച്ചുകൊടുക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. എല്ലാവരുടെയും, പ്രത്യേകിച്ച് ഈശോയുടെ ചെറിയവരുടെയും ശുശ്രൂഷകനാകുവാൻ ഞാൻ എപ്രകാരം ശ്രമിക്കണം?
5. വിശുദ്ധയിൽ ജീവിക്കുവാനും എന്റെ ശുശ്രൂഷാതലങ്ങളിലെല്ലാം മറ്റുള്ളവർക്കു വിശുദ്ധിയുടെ മാതൃകയാകുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർദിനം – ജൂലൈ 3**

സീറോ മലബാർ സഭാദിനമായി കൂടി ആചരിക്കുന്ന നമ്മുടെ സഭയുടെ പിതാവായ മാർതോമ്മാ ശ്ലീഹായുടെ തിരുനാൾദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളും സഭാദിനവുമായ ജൂലൈ മൂന്നിന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം**

കേരളസഭ ജൂലൈ 9–ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## New Address & Phone Numbers

1) Rev. Fr. Saji Thomas Kattamkottil
   Dharmaram Vidya Kshetram
   Bangalore- 560 029
   Mobile :09961933831 (Kerala), 09740381284
   email: skattamkottil@gmail.com

2) Fr. Babu Maplassery - Mob. 7598663892
3) Fr. Paul Vazhappilly - Mob. 9483045305
4) Fr. Saji Pariappanal, Mandya - Mob. 07090175555
5) Fr. Augustine Puthenpura - Mob. 8078072776

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 17–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 22–ാം തീയതി വെള്ളിയാഴ്ച വരെയും സെപ്റ്റംബർ 24–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 29 വെള്ളിയാഴ്ചവരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹു. ഷാജി കരിംപ്ലാനിൽ കപ്പൂച്ചിൻ അച്ചനാണ് ധ്യാനം നയിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2017 SEPTEMBER 17 SUNDAY to 22 FRIDAY

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 16 | Kallupura Johny |
| 2 | Athickal Mathew | 17 | Kappiarumalayil John |
| 3 | Chakkittukudiyil Jose | 18 | Karukapally Joseph |
| 4 | Changanamthundathil George | 19 | Kassamkuttiyil Sebastian |
| 5 | Chembakkara James | 20 | Kattath Thomas (Anish) |
| 6 | Cheruthottil Paul | 21 | Kattuthuruthiyil Thomas |
| 7 | Chettaniyil Thomas | 22 | Kavumkal Joseph |
| 8 | Chettiyassery Joseph (Jaise) | 23 | Kazhuthadiyil Mathew |
| 9 | Elamkunnapuzha Joseph (Sijo) | 24 | Keezheth Sebastian |
| 10 | Elavanappara Sebastian | 25 | Kizhakkanputhupally John |
| 11 | Elemkunnel Sebastian | 26 | Kizhakkumpuram George |
| 12 | Iykkarakanayil Thomas | 27 | Kochuparackal Kurion |
| 13 | Kachirayil Thomas | 28 | Koipuram Sebastian |
| 14 | Kalappura Vincent | 29 | Kokkandathil Jilson |
| 15 | Kalapura Jose | 30 | Kollamkunnel Varghese |

31 Korandiyarkunnel Paul
32 Korattiparambil Vincent
33 Kottackal Stephen
34 Kottaram Jose
35 Kottayil Joseph
36 Kulathinal James
37 Kulirany Jose
38 Kuthukallunkal Francis
39 Kuttikattukunnel Thomas
40 Madapallikunnel Mathew
41 Madathil Abraham
42 Manakkunnel Thomas
43 Manikuttiyil Kurian
44 Manjakunnel Mathew
45 Mannoor Thomas
46 Maplassery Lukose
47 Mavara Stanislaus
48 Mecheril Joseph
49 Moonnanal Justin
50 Mundackamattam Jose
51 Mundolickal Paul
52 Muthanikkattu Justin
53 Muthirakalayil Joseph
54 Nechikatt Joseph
55 Nedumkallel Joseph
56 Nellikunel Francis
57 Nilackappillil Augustine
58 Ousepparampil Joseph
59 Padinjarayil George
60 Padinjarayil Mathew
61 Palackeel Sebastian
62 Palakkattu Antony
63 Palath Joseph
64 Palathadathil George
65 Pallichankudiyil Mathai
66 Parambil Kuriakose
67 Peedikappara James
68 Perumattikunnel John
69 Perumattikunnel Thomas
70 Pinakkatt Joseph
71 Plassanal Thomas
72 Poothakkuzhy Jacob
73 Poovathinkal Peter
74 Pudussery Vincent
75 Pulikuzhiyil Abraham
76 Pullamkunel Joy
77 Pulpayil Joseph
78 Punakkatt Chandy
79 Punchayil Lucka
80 Punnakkapadavil Sebastian
81 Puthanapra Kurian
82 Puthenpura Augustine
83 Puthenpurayil Joseph
84 Puthukattil Mathew
85 Puthukulangara Thomas
86 Puthukulathil John
87 Thadathil luke
88 Thamarasseril Vincent
89 Thekkepera Mathew
90 Thekkilakkattil Mathew
91 Thevarkunnel Don Bosco
92 Thuruthel Kuriakose
93 Thuruthel Thomas
94 Thykunnumpuram Thomas
95 Vadayaparambil Jose
96 Valachannath Cyriac
97 Vazhakatt Joseph
98 Vazhakkala Chackochan
99 Vazhappilly Paul
100 Vettickal John

## II[nd] BATCH - 2017 SEPTEMBER 24 SUNDAY to 29 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Chakkittakudiyil James |
| 3 | Chelackapallil Thomas |
| 4 | Chempalayil Augustine |
| 5 | Chirayilparambil Thomas |
| 6 | Chittarackal Varghese (Sanoj) |
| 7 | Choorapuzhayil John |
| 8 | Chozhenparambil John |
| 9 | Edayakondattu Paul |
| 10 | Elavunkal Johny |
| 11 | Elayidathu Mani |
| 12 | Kakkattikalayil Sebastian |
| 13 | Kakkonal Manoj |
| 14 | Kalambukattu Joseph (Jaimon) |
| 15 | Kalappura Alex |
| 16 | Kaliyaniyil Kuriakose (Anoop) |
| 17 | Kalliyatt Devasia |
| 18 | Kallumgatharayil Agustine |
| 19 | Kappiarumalayil Jose |
| 20 | Karuthedath Mathew |
| 21 | Kattamkottil Thomas |
| 22 | Kattamkottil Joseph |
| 23 | Kattarath Mathew |
| 24 | Kavalakkadan Varghese |
| 25 | Kizhakkanputhupally Varghese |
| 26 | Kocharackal Jose |
| 27 | Kochuparackal Mathew |
| 28 | Kollarthottam Mathew |
| 29 | Koottala Paul |
| 30 | Koyikattil Thomas |
| 31 | Kumbukal James |
| 32 | Kunnath Johny |
| 33 | Kunnathett James |
| 34 | Kuttimakkal James |

| SN | Rev.Frs. Housename & Name |
|---|---|
| 35 | Kuzhikandathil Joseph |
| 36 | Madapallikunnel Antony (Sibi) |
| 37 | Madathil Sebastian |
| 38 | Malayil Mathew |
| 39 | Mampallil Anto |
| 40 | Mampallil George |
| 41 | Mankottil James |
| 42 | Meppurath Chacko |
| 43 | Moloparambil Jose |
| 44 | Moolayil Thomas (Jimmy) |
| 45 | Moothedath Mathew |
| 46 | Moothedath Thomas |
| 47 | Mukkattukavunkal Thomas |
| 48 | Mulakodiyankal Varghese |
| 49 | Mulavelikunnel Jacob (Shaju) |
| 50 | Mundackal Jose |
| 51 | Munjanattu Mathew |
| 52 | Muthirakalayil George |
| 53 | Muthukathaniyil Varghese |
| 54 | Muthukattil Shantidas |
| 55 | Myladoor George |
| 56 | Nanthikatt Joseph |
| 57 | Narikuzhy Jacob |
| 58 | Nellickal Abraham |
| 59 | Olickal Thomas (Jimmy) |
| 60 | Ottaplackal Thomas |
| 61 | Paikkatt Mathew |
| 62 | Painumkal George (Lal) |
| 63 | Pakkanikuzhy Sebastian |
| 64 | Palakatt Augustine |
| 65 | Parackal Varghese |
| 66 | Parayil Sebastian |
| 67 | Parunthanolil Thomas |
| 68 | Paruvummel Joseph |

69 Peechattu Joseph
70 Periappuram Mathew
71 Perumattikunnel Mathew
72 Ponparackal John
73 Ponthottiyil Thomas
74 Pudussery Martin
75 Pulinthanam Jose
76 Puthen Sebastian
77 Puthenpura John
78 Thanniyil Augustine
79 Thattuparambil Varghese
80 Thekkanady Jose
81 Therakam George
82 Therakam Thomas Joseph
83 Thondiparambil Joseph
84 Thondiparambil Sebastian
85 Thuruthel Joseph
86 Unnippally Sebastian
87 Urumbil Joseph
88 Vadakkemulanjanal Michael
89 Vadassery Thomas
90 Vadayaparambil Sony
91 Valakodiyil Dominic
92 Valloppilly Joseph
93 Vathelil Abraham
94 Vattakkatt Paul
95 Vattukulathil Mathew
96 Vattukunnel Issac
97 Vazhachalil Thomas
98 Vazhakkalayil Jose
99 Vazhayil Kurian
100 Venakuzhy Mathai

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Paul Vazhappilly, the Director of Pastoral Centre. His mobile No. **9483045305.**

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## നടവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 ജൂൺ 07 ന് കായക്കുന്ന് ലാസലെററ് ആശ്രമത്തിൽവച്ച് നടത്തി. മാസധ്യാനത്തിൽ 22 വൈദികർ പങ്കെടുത്തു. ബഹു. സുപ്പീരിയർ ജെൻസനച്ചൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും, ഫാ. ജോസഫ് TOR ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് ചേർന്ന മീറ്റിംഗിൽ നടവയൽ ഫൊറോനയിലേക്ക് പുതുതായി കടന്നുവന്ന റവ.ഫാ. ബെന്നി മുതിരക്കാലായിൽ (ഫൊറോന വികാരി), റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ. ഫാ. ജോസഫ് പരുവുമ്മേൽ, റവ.ഫാ. ജോസ് കുളിരാനി, റവ. ഫാ. ജോർജ്ജ് കിഴക്കുംപുറം, റവ. ഫാ. ജോസ് കപ്യാരുമലയിൽ, റവ. ഫാ. തോമസ് പൊൻതൊട്ടിയിൽ, റവ. ഫാ. ജോസഫ് കുഴികണ്ടത്തിൽ, റവ. ഫാ. അബ്രാഹം പുലിക്കുഴിയിൽ, റവ.ഫാ.റോബിൻ വയലിൽ എന്നീ വൈദികരെ ബഹു. കുററിമാക്കലച്ചൻ സ്വാഗതം ചെയ്ത് ആശംസകൾ നേർന്നു. വിവിധ സംഘടനകളുടെ ഫൊറോന ഡയറക്ടർമാരായി ഫാ.ജോസ് കപ്യാരുമലയിൽ (സി.എം.എൽ), ഫാ. ജോസ് കുളിരാനി (മദ്യവിരുദ്ധം), ഫാ. ജോസഫ് കുഴികണ്ടത്തിൽ (മതബോധനം), ഫാ. ഷൈജു മുതിരക്കാലായിൽ (കെ.സി.വൈ.എം) എന്നീ വൈദികർ തിരഞ്ഞെടുക്കപ്പെട്ടു. അടുത്ത മാസധ്യാനം ജൂലൈ 11-ന് കണിയാമ്പററ പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജിബിൻ വട്ടുകുളത്തിൽ**
സെക്രട്ടറി

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജൂൺ 6-ാം തീയതി മീനങ്ങാടി വിൻസെൻഷ്യൻ ആശ്രമത്തിൽ വച്ച് നടത്തി. ബഹു. ഫിലിപ്പ് നെടുംതുരുത്തിയിൽ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. ബഹു. ജോസഫ് ഇല്ലിമൂട്ടിൽ അച്ചൻ ധ്യാനചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ബഹു. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നൽകി. ബത്തേരി ഫൊറോനയിൽ സേവനത്തിനായി കടന്നുവന്ന

ഫാ. കുര്യാക്കോസ് പറമ്പിൽ (മൂലങ്കാവ്), റവ. ഫാ. ജോസ് മുണ്ടയ്ക്കാമറ്റം (വാകേരി), റവ. ഫാ. അനിൽ മൂഞ്ഞനാട്ട് (ചിത്രഗിരി), റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വടക്കനാട്), റവ. ഫാ. ഡെന്നിസ് പൂവത്തിങ്കൽ (തോമാട്ടുചാൽ), റവ. ഫാ. ജോസഫ് പൊന്നമ്പേൽ TOR, റവ. ഫാ. റോണി മാന്തോട്ടം TOR, റവ. ഫാ. ഫിജോ മേലിറ്റ് Rogathe, ബ്ര. ഫിലിപ്പ് (Don Bosco) എന്നിവരെ സ്വാഗതം ചെയ്തു. വിവിധ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. റവ. ഫാ. കുര്യാക്കോസ് പറമ്പിൽ (മാതൃസംഘം), റവ. ഫാ. ഡെന്നിസ് പൂവത്തിങ്കൽ (സി. എം. എൽ), റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (കെ.സി.വൈ. എം.) എന്നിവരെ മേഖലാ ഡയറക്ടർമാരായി തെരഞ്ഞെടുത്തു. അടുത്ത മാസധ്യാനം ജൂലായ് 11-ാം തീയതി പഴൂർ ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഷിജോ വേനക്കുഴിയിൽ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2017 ഏപ്രിൽ 10 ന് തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി.

അറയ്ക്കപ്പറമ്പിൽ ഇമ്മാനുവൽ, ചക്കുളത്തിൽ ജോസഫ്, ഏലംകുന്നേൽ ജോസഫ്, കളരിക്കൽ പോൾ, ഒറവാറന്തറ വിൻസെന്റ് എന്നിവർ മ്ശംശാന പട്ടവും, ചക്കാലയ്ക്കൽ ജോസഫ്, കണിപ്പള്ളിൽ വർഗ്ഗീസ്, ചവറനാൽ തോമസ്, തേൻപള്ളിൽ സെബാസ്റ്റ്യൻ എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, ജോസഫ് കുന്നത്ത്, ഫ്രാൻസിസ് പേഴക്കാട്ടിൽ, ജോർജ്ജ് തലച്ചിറ, ജെയിംസ് ആലക്കതടത്തിൽ, അബ്രാഹം തെക്കേതിൽ, അബ്രാഹം കളപ്പുരയ്ക്കൽ, സെബാസ്റ്റ്യൻ മുളകുടിയാങ്കൽ, ജോസഫ് എടച്ചിലാത്ത്, ജോസഫ് മുട്ടപ്പള്ളിൽ, ദേവസ്യ മഠത്തിപ്പറമ്പിൽ എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

## Major Seminarian's Gathering

2017 ഏപ്രിൽ 24 ന് വൈകുന്നേരം മുതൽ 26 ന് വൈകുന്നേരം വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം മൈനർ സെമിനാരിയിൽ വച്ച് നടന്നു. 25 ന് ചൊവ്വാഴ്ച ഫാ. സജി കണ്ടശ്ശാംകുന്നേൽ എസ്.ജെ. ക്ലാസുകൾ നയിച്ചു. വൈകുന്നേരം 4 മുതൽ 6.30 വരെ സമരിറ്റൻ ഭവൻ സന്ദർശിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. മറ്റു ദിവസങ്ങളിൽ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം, വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ചാൻസലർ പെരിയ ബഹുമാനപ്പെട്ട ഫാ.ജോസഫ് പരുവുമ്മേൽ, റെക്ടർ ഫാ.തോമസ് കച്ചിറയിൽ എന്നിവരും ക്ലാസുകളെടുത്തു. ലീഡർ ഡീക്കൻ റ്റിബിൻ ചക്കുളത്തിൽ നേതൃത്വം നല്കി. 2017-2018 വർഷത്തെ ലീഡറായി ബ്രദർ നിഖിൽ ചവരനാലിനെ തെരഞ്ഞെടുത്തു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 8 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് ബിരുദാനന്തരബിരുദപഠനം പൂർത്തിയാക്കിയ ബ്രദേഴ്സിന്

അഭിവന്ദ്യപിതാവ് വൈദികവസ്ത്രം ആശീർവദിച്ചു നല്കി. വൈദികവസ്ത്രം സ്വീകരിച്ച ജോർജ്ജ് അരുമായിൽ, ജോൺ ഉപ്പുവീട്ടിൽ, സെബാസ്റ്റ്യൻ പാറയിൽ, ജോസഫ് പൊയ്കയിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

തോമസ് കടകേലിൽ - കോട്ടയം

ജോസഫ് പാലാക്കുഴ - ആലുവ

വർഗ്ഗീസ് അറുകാക്കൽ, പോൾ കുളങ്ങര - കൽക്കട്ട

ജോസഫ് നെച്ചിയാട്ട്, മത്തായി തലച്ചിറ - തൃശൂർ

ജോസഫ് വടാശ്ശേരി, ഡൊമിനിക് അതിരകുളങ്ങര, ജോസഫ് ചളുക്കാട്ട് -ഏലൂർ

**ദൈവശാസ്ത്രം**

ജോർജ്ജ് അരുമായിൽ - കുന്നോത്ത്

സെബാസ്റ്റ്യൻ പാറയിൽ - ആലുവ

ജോൺ ഉപ്പുവീട്ടിൽ - ആലുവ

ജോസഫ് പൊയ്കയിൽ - കോട്ടയം

**നന്ദി**

ഒമ്പത് വർഷം നമ്മുടെ രൂപതയുടെ മൈനർ സെമിനാരി റെക്ടറായി സേവനം ചെയ്ത് നിലമ്പൂർ ഫൊറോന വികാരിയായി നിയമിതനായിരിക്കുന്ന പെരിയ ബഹു. തോമസ് കച്ചിറയിലച്ചനും, നാല് വർഷം സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായി സേവനമനുഷ്ഠിച്ച് കാട്ടിക്കുളം ജയമാതാ ആശ്രമത്തിന്റെ ഡയറക്ടറും, പനവല്ലി ഇടവകയുടെ വികാരിയുമായി ചുമതലയേറ്റെടുത്തിരിക്കുന്ന ബഹു. ജോണി പെരുമാട്ടിക്കുന്നേലച്ചനും സെമിനാരി കുടുംബത്തിന്റെ മുഴുവനും നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ സ്ഥലത്ത് എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുകയും ചെയ്യുന്നു.

**സ്വാഗതം**

സെമിനാരിയുടെ ആദ്ധ്യാത്മിക പിതാവായി നിയമിതനായിരിക്കുന്ന ബഹു. അഗസ്റ്റിൻ താന്നിയിലച്ചനും, പ്രൊക്കുറേറ്ററായി നിയമിതനായിരിക്കുന്ന ബഹു. അഗസ്റ്റിൻ കല്ലുങ്കത്തറയിലച്ചനും

സ്നേഹപൂർവകമായ സ്വാഗതം ആശംസിക്കുകയും, എല്ലാ ഭാവുകങ്ങളും നന്മകളും നേരുകയും ചെയ്യുന്നു.

**മൈനർ സെമിനാരിയിലെ നവാഗതർക്ക് സ്വാഗതം**

| *പേരും, വീട്ടുപേരും* | *ഇടവക* | *രൂപത* |
|---|---|---|
| 1. ജോയൽ അരുമായിൽ | ചോക്കാട് | മാനന്തവാടി |
| 2. ജീൻ സാവിയോ എളമ്പാശ്ശേരി | ഇരുളം (വളാഞ്ചേരി) | മാനന്തവാടി |
| 3. അഖിൽ ഇളയിടത്ത് | ശിശുമല | മാനന്തവാടി |
| 4. അമൽ ഏറത്ത് | വാഴവറ്റ | മാനന്തവാടി |
| 5. ജെനിറ്റ് ഐക്കര | നടവയൽ | മാനന്തവാടി |
| 6. ആൽബർട്ട് കണ്ണന്താനത്ത് | പുതുശ്ശേരി | മാനന്തവാടി |
| 7. ഡെന്നി കിഴക്കേകോട്ടിൽ | നിലമ്പൂർ | മാനന്തവാടി |
| 8. നിജോ കോയിക്കര | നരിവാലമുണ്ട | മാനന്തവാടി |
| 9. വിപിൻ കൊയ്ക്കാരപറമ്പിൽ | ചുള്ളിയോട് | മാനന്തവാടി |
| 10. ജോസിൻ കുടക്കച്ചിറ | പയ്യംപള്ളി | മാനന്തവാടി |
| 11. ഗോഡ്വിൻ മാക്കിയിൽ | പനമരം | മാനന്തവാടി |
| 12. എബിൻ മറ്റത്തിൽ | മൂലേപ്പാടം | മാനന്തവാടി |
| 13. സെബാസ്റ്റ്യൻ മുട്ടംതോട്ടിൽ | പാലാങ്കര | മാനന്തവാടി |
| 14. അജിൽ പയ്യനാട്ട് | കുറുമ്പാലക്കോട്ട | മാനന്തവാടി |
| 15. ആൽബിൻ തെക്കിനേത്ത് | തലഞ്ഞി | മാനന്തവാടി |
| 16. ആൽബിൻ ഉള്ളാടപ്പള്ളിൽ | മംഗലശ്ശേരി | മാനന്തവാടി |
| 17. മാത്യൂസ് കാമ്പടത്തിൽ | വാക്കാട് (പാലാ) | ഭദ്രാവതി |
| 18. ജെറിൻ മാറാട്ടിൽ | കുമളി (കാഞ്ഞിരപ്പള്ളി) | ഭദ്രാവതി |
| 19. ആൽബിൻ വടക്കേചാമക്കാലായിൽ | സ്ലീവാപുരം (പാലാ) | ഭദ്രാവതി |

കുട്ടികളെ പറഞ്ഞയച്ച എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ

**HM PP സമ്മേളനം**

മെയ് 27-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പ്രധാനാധ്യാപകരുടെയും വികാരിയച്ചൻമാരുടെയും സംയുക്ത സമ്മേളനത്തോടെ 2017-18 അദ്ധ്യയന വർഷം ആരംഭിച്ചു. ശ്രീ. സിബിൻ ഇല്ലിക്കൽ നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ രൂപതാ മതബോധന ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു. മാനന്തവാടി രൂപതയുടെ പുതിയ പ്രോട്ടോസിഞ്ചെല്ലൂസ് ആയി തിരഞ്ഞെടുക്കപ്പെട്ട റവ. ഡോ. അബ്രാഹം നെല്ലിക്കൽ അച്ചനെ കോൺഫ്രൺസ് ഒന്നടങ്കം വിശ്വാസ പരിശീലന വിഭാഗത്തിലേക്ക് സ്വാഗതം ചെയ്തു. മതാധ്യാപകർ നൽകുന്ന സേവനത്തിന്റെയും ശുശ്രൂഷയുടെയും മാഹാത്മ്യം എത്രമാത്ര മാണെന്ന് ഓർമ്മിപ്പിച്ച അച്ചൻ, തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം വിശ്വാസപരിശീലനമാണെന്ന് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മപ്പെടുത്തി. മാതൃകകൾ അനിവാര്യമായ ഈ സമയത്ത് മതാധ്യാപകർ സമൂഹത്തിനും സഭയ്ക്കും നല്ല ജീവിതമാതൃക നൽകണമെന്ന് തന്റെ സന്ദേശത്തിൽ അച്ചൻ അറിയിച്ചു.

തുടർന്ന് കഴിഞ്ഞ അധ്യയന വർഷം IV, VII, X, XII ക്ലാസ്സു കളിലും HDC കോഴ്സിലും ഉന്നതവിജയം നേടിയവരേയും SELOC, VII, XII ക്ലാസ്സുകളിലെ പ്രതിഭകളേയും അനുമോദിച്ച് രൂപതാ ടീം അംഗം സി. ആൻസി പോൾ SH സംസാരിച്ചു. ബഹു. ജനറാൾ അച്ചനിൽ നിന്ന് വിജയികൾ ക്യാഷ് അവാർഡും മെമന്റോയും ഏറ്റുവാങ്ങി.

വിജയികളായ വിദ്യാർത്ഥികളുടെ പ്രതിനിധിയായി VII -ാം ക്ലാസ്സ് സംസ്ഥാന പ്രതിഭാ ജാനിയ തടങ്ങഴി (ചുങ്കക്കുന്ന്) സംസാരിച്ചു. സംസ്ഥാന പ്രതിഭാസംഗമത്തിലെ ഹൃദ്യമായ അനുഭവങ്ങൾ ജാനിയ പങ്കുവച്ചു. തുടർന്ന് ജനറാളച്ചനും ഔദ്യോഗിക സമ്മേളനത്തിനും രൂപതാ ടീം അംഗമായ ശ്രീ. ജോണി അമ്പാട്ട് കൃതജ്ഞതയർപ്പിച്ചു.

2017-2018 വർഷത്തെ മതബോധന കലണ്ടർ, സിലബസ്, ടീച്ചിംഗ് നോട്ട് തുടങ്ങിയ സുപ്രധാന കാര്യങ്ങൾ രൂപത മതബോധന

സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ വിശ്വാസപരിശീലന രംഗത്ത് ഈ അധ്യയന വർഷം പ്രത്യേകം ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ പങ്കുവച്ചു. ലഹരി വിമുക്ത പ്രവർത്തനങ്ങൾക്ക് ഇടവകയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സംസാരിച്ചു. തുടർന്ന് ശ്രീ. ബേബി ജോസഫ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

HM, PP സമ്മേളനത്തിന് ശേഷം മേഖലാ സെക്രട്ടറിമാരുടെ യോഗം ഉണ്ടായിരുന്നു. മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസപരിശീലന വിഭാഗത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. തോമസ് മണക്കുന്നേൽ (ചുങ്കക്കുന്ന്), റവ.ഫാ.ബിജു തൊണ്ടിപ്പറമ്പിൽ (കല്ലോടി), റവ. ഫാ. സജി കോട്ടായിൽ (കൽപ്പറ്റ), റവ. ഫാ. ജോസ് കൊട്ടാരം (മണിമൂളി), റവ. ഫാ. ശാന്തിദാസ് മുതുകാട്ടിൽ (നടവയൽ), റവ. ഫാ. കുര്യൻ മണിക്കുറ്റിയിൽ (നീലഗിരി), റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ (നിലമ്പൂർ), റവ. ഫാ. സജി പുഞ്ചയിൽ (മുള്ളൻകൊല്ലി), റവ. ഫാ. അഗസ്റ്റിൻ ചേമ്പാല (തരിയോട്) എന്നീ വൈദികർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ സേവന മേഖലകളിൽ പ്രാർത്ഥനാശംസകളും നേരുന്നു.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. സിറിയക് വളച്ചനാത്ത് (ചുങ്കക്കുന്ന്), റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ (ദ്വാരക), റവ. ഫാ. ജോസ് കൊട്ടാരം (കല്ലോടി), റവ. ഫാ. ജിമ്മി ഓലിക്കൽ (കൽപ്പറ്റ), റവ. ഫാ. ജോഷി പെരിയപ്പുറം (മണിമൂളി), റവ. ഫാ. ജെയ്സൻ കുഴികണ്ടത്തിൽ (നടവയൽ), റവ. ഫാ. തോമസ് മണക്കുന്നേൽ (നീലഗിരി), റവ. ഫാ. അഗസ്റ്റിൻ ചേമ്പാല (നിലമ്പൂർ), റവ. ഫാ. സജി കോട്ടായിൽ (മുള്ളൻകൊല്ലി), റവ. ഫാ. ജെയിംസ് മാങ്കോട്ടിൽ (തരിയോട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

## HCC Registration

HCC (Plus One, Plus Two) രജിസ്ട്രേഷൻ ജൂലൈ 16 ന് മുമ്പ് പൂർത്തിയാക്കുക. 50 രൂപ ഫൈനോടുകൂടെ ജൂലൈ 31 വരെ രജിസ്ട്രേഷൻ നടത്താം. ജൂലൈ 31 ന് ശേഷമുള്ള രജിസ്ട്രേഷൻ യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ നടത്തിയ

കുട്ടികളുടെ ലിസ്റ്റും പ്രിന്റും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

**ആമുഖ സെമിനാർ**

ജൂൺ 16-18 ദിവസങ്ങളിൽ നടന്ന ആമുഖ സെമിനാറിൽ 81 പേർ പങ്കെടുത്തു. നവാഗതരായ മതാധ്യാപകർക്ക് ആശംസകളും പ്രാർത്ഥനകളും. അടുത്ത ആമുഖസെമിനാർ ജൂലൈ 7-9 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. അധ്യാപകരുടെ പേര് വിവരം ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുക.

**നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്**

ബൈബിൾ നേഴ്സറി അധ്യാപകർക്കുള്ള പരിശീലനം ആമുഖസെമിനാറിനൊപ്പം ജൂലൈ 7-9 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**HDC, DCC Registration**

HDC, DCC കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും ജൂലൈ 31 ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## Private Registration

പത്താം ക്ലാസ്സ് പഠനത്തിനുശേഷം എൻട്രൻസ് കോച്ചിംഗിനും, മറ്റ് ഉന്നത വിദ്യാഭ്യാസത്തിനായി രൂപതയ്ക്ക് പുറത്ത് പോകേണ്ടി വരുന്നവരുമായ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ സാധാരണ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധ്യമല്ലാത്തതിനാൽ, അവർക്കായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയിരിക്കുന്ന വിശ്വാസപരിശീലന പരിപാടിയാണ് Distance Faith Formation Programme. ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. 2017-18 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, ജൂലൈ 16-ന് മുമ്പ്, രൂപതാ മതബോധന കേന്ദ്രത്തിൽ വിദ്യാർത്ഥികൾ നേരിട്ട് നൽകേണ്ടതാണ്. 1500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.
2. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതോടൊപ്പം Distance Faith Formation Programme-ൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതായി കാണിക്കുന്ന ഇടവക വികാരിയച്ചന്റെ കത്തും ഓഫീസിൽ നൽകണം. വികാരിയച്ചന്റെ അനുവാദമില്ലാതെ രജിസ്ട്രേഷൻ സാധ്യമല്ല.

3. ഇടവകയിൽ നിന്ന് രൂപതയ്ക്കകത്ത് വിവിധ പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ മാത്യ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബ്ബാനയിൽ സംബന്ധിക്കുക.
4. ഞായറാഴ്ച രാവിലെ കുർബ്ബാന മാതൃ ഇടവകയിൽ പ്രായോഗികം അല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി. കുർബ്ബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
5. ഒക്ടോബർ 29-ാം തീയതി നടക്കുന്ന അർദ്ധവാർഷിക പരീക്ഷ രൂപതാ മതബോധന കേന്ദ്രത്തിൽ വന്ന് വിദ്യാർത്ഥികൾ എഴുതണം. രാവിലെ 11.00 മണി മുതൽ 1.00 മണി വരെയാണ് പരീക്ഷാ സമയം.
6. 2018 ഏപ്രിൽ 2 തിങ്കൾ 10. 00 am മുതൽ ഏപ്രിൽ 5 വ്യാഴം 4.00 pm വരെയാണ് XI വിദ്യാർത്ഥികൾക്കുള്ള ക്യാമ്പ്. 2018 മെയ് 27 ഞായർ 10.00 am മുതൽ 30 ബുധൻ 4.00 pm വരെയാണ് XII വിദ്യാർത്ഥി കളുടെ ക്യാമ്പ്. രണ്ട് ക്യാമ്പുകളും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചാണ് നടത്തപ്പെടുന്നത്.
7. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് ക്യാമ്പിലെ 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്. ക്യാമ്പിന്റെ അവസാനദിവസമായിരിക്കും യൂണിവേഴ്സിറ്റി പരീക്ഷ.
8. ക്യാമ്പിൽ പങ്കെടുക്കാൻ എത്തുമ്പോൾ പുസ്തകം, ഉപപാഠ പുസ്തകം, നമസ്കാര പുസ്തകം, പൊതുവിജ്ഞാനം (മന്ന), നോട്ട് ബുക്ക്, ബഡ്ഷീറ്റ്, എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പുദിവസ ങ്ങളിൽ പാസ്റ്ററൽ സെന്ററിൽ തന്നെ താമസിക്കേണ്ടതാണ്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
9. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപതാ റാങ്കിന് പരിഗണിക്കുന്നതല്ല. ഇവർക്ക് SAY പരീക്ഷ ഉണ്ടായി രിക്കുന്നതല്ല.

## ചർച്ചാവിഷയം I : സഭയുടെ പരിസ്ഥിതി ദർശനം

നമ്മുടെ പൊതുവാസ കേന്ദ്രത്തെ പടുത്തുയർത്തുന്നതിന് ഒന്നിച്ചധ്വാനിക്കുവാൻ വേണ്ട കഴിവ് ഇപ്പോഴും മനുഷ്യവംശത്തിനുണ്ട്. (ഫ്രാൻസിസ് പാപ്പ - അങ്ങേയ്ക്ക് സ്തുതി)

**പരിസ്ഥിതി - ബൈബിളിൽ**

ഭൂമിയുടെ ഉപയോഗത്തെ സംബന്ധിച്ചും ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മുന്നേറ്റത്തെ സംബന്ധിച്ചും ക്രൈസ്തവരുടെ ദർശനങ്ങളുടെ അടിസ്ഥാനം ബൈബിളാണ്. മണ്ണിനെ

സ്നേഹിച്ച ദൈവത്തിന്റെ കഥയാണ് ബൈബിൾ ലോകത്തിന് നൽകുന്നത്. മണ്ണുകൊണ്ട് മനുഷ്യനെ മെനഞ്ഞ ദൈവം തന്റെ സൃഷ്ടി മുഴുവനും അവന്റെ ഉത്തരവാദിത്വത്തിനേൽപ്പിച്ചു. ഏദേൻ തോട്ടം ഒരു സമഗ്ര ആവാസ വ്യവസ്ഥയുടെ ചിത്രമാണ് നമുക്ക് നൽകുന്നത്. ഭൂമിയും സസ്യജാലങ്ങളും മൃഗങ്ങളും പ്രകൃതിവസ്തുക്കളും മനുഷ്യർക്കൊപ്പം സംഘടിതമായി കഴിയുന്ന ഇടമാണ് പറുദീസ. ഈ സംരക്ഷണത്തിന്റെ ചുമതലയാണ് ദൈവം മനുഷ്യന് നൽകിയത്. നൻമതിൻമകളെ വേർതിരിച്ച്, തിൻമ തരുന്ന താത്കാലിക സന്തോഷത്തിലേക്ക് ചാഞ്ഞ് പറുദീസ നഷ്ടമാക്കരുത്. പ്രകൃതി സംരക്ഷണത്തിന്, ദൈവം ഒരുക്കിയ ക്രമത്തെ തകിടം മറിക്കരുതെന്ന മഹത്തായ സന്ദേശമാണ് ഉൽപ്പത്തി ഗ്രന്ഥകാരൻ നൽകുന്നത്. ബൈബിളിൽ ദൈവം മനുഷ്യനു പ്രത്യക്ഷപ്പെടുന്നതെല്ലാം പ്രപഞ്ചശക്തികളുടെ വിസ്മയ കാഴ്ചകളിലൂടെയായിരുന്നു. ഇസ്രായേൽക്കാരുടെ പ്രാർത്ഥനകളിൽ സൃഷ്ടികളുടെ മഹനീയത കണ്ട് അവർ ദൈവത്തെ സ്തുതിക്കുന്നതായി നാം കാണുന്നു. പ്രകൃതിശക്തികളുടെ മേൽ വിജയം വരിച്ച ദൈവപുത്രന്റെ മരണത്തിലും ഉയിർപ്പിലും പ്രകൃതി പങ്കുചേരുന്നത് സുവിശേഷത്തിൽ നാം വായിക്കുന്നു. (Mt : 27: 45, 51, 28: 2)

പ്രപഞ്ചത്തിന്റെ സൗന്ദര്യം അതിന്റെ ക്രമസംവിധാനത്തിലാണ്. ഇതിൽ എല്ലാറ്റിനും പരസ്പരാശ്രയത്വം, സമർപ്പണം എന്നിവയുണ്ട്. സൃഷ്ടിയുടെ സൗന്ദര്യം സ്രഷ്ടാവിന്റെ അനന്ത സൗന്ദര്യത്തിന്റെ പ്രതിഫലനമാണ്. സ്രഷ്ടാവിനോടുള്ള ആദരവും വിധേയത്വവും മനുഷ്യന്റെ ബുദ്ധിയിലും മനസ്സിലും ഉദീപിപ്പിക്കുവാൻ അതു പ്രേരകമാകണം. (CCC341)

പ്രപഞ്ചം ദൈവത്തിൽ നിന്നു തുടങ്ങി ദൈവത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നു (ഷർദ്ദാൻ). പരിണാമത്തിന് സ്രഷ്ടാവിന്റെ സാന്നിധ്യം കൂടിയേ തീരു. സ്രഷ്ടാവ് വേർപെട്ടാൽ സൃഷ്ടിയില്ല, രൂപമാറ്റവുമില്ല. എല്ലാ സൃഷ്ടിജാലങ്ങളും സ്രഷ്ടാവ് സ്ഥാപിച്ച സാർവ്വത്രിക ക്രമത്തിൽ പരിഗണിക്കപ്പെടുകയും നിലനിർത്ത പ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് പരിസ്ഥിതിയുടെ സുഖകരമായ അവസ്ഥ. എല്ലാത്തിനെയും സംരക്ഷിച്ചും പരിപോഷിപ്പിച്ചും ആവശ്യമായവ എല്ലാവർക്കും വേണ്ടുവോളം നൽകിയുമാണ് പ്രപഞ്ചം ക്രമം പാലിച്ചുകൊണ്ട് നിൽക്കുന്നത്. യാതൊരു വ്യത്യാസവുമില്ലാതെ

എല്ലാവർക്കും തുല്യമായി നൽകുന്ന നീതിയാണ് പ്രകൃതിയുടെ നിയമം. അതുതന്നെയാണ് പരിസ്ഥിതിയുടെ ധാർമ്മികതയും. ഈ ഒരു സമഗ്ര ആവാസവ്യവസ്ഥയുടെ ചിത്രമാണ് ഏദേൻ തോട്ടം നമുക്ക് നൽകുന്നത്. പ്രകൃതിക്കൊരു മൂല്യമുണ്ട്. ദൈവത്തിന്റെ രക്ഷയുടെ പാത്രമാണ് പ്രപഞ്ചം (പച്ചയായ പുൽത്തകിടിയിലേക്ക് 4.6).

**പരിസ്ഥിതി – സഭാപിതാക്കൻമാരുടെ കാഴ്ചപ്പാടിൽ**

സഭാപിതാക്കൻമാരിൽ പലരും പ്രകൃതിയുടെ ഹൃദയം കണ്ടവരും പ്രകൃതിയെ സ്നേഹിച്ചവരുമായിരുന്നു. പ്രപഞ്ചത്തിൽ ദൈവസാന്നിധ്യം കണ്ടെത്തിയ അവരുടെ കീർത്തനങ്ങങ്ങൾ പലതും സഭയുടെ ഔദ്യോഗിക പ്രാർത്ഥനയുടെ ഭാഗമാണ്. പരിസ്ഥിതി ശാസ്ത്രജ്ഞൻ എന്നറിയപ്പെടുന്ന വി. അപ്രേമിന്റെ കാഴ്ചപ്പാടിൽ പ്രപഞ്ചം ദൈവത്തിന്റെ വാസസ്ഥലമാണ്. മനുഷ്യനോടൊപ്പം പ്രപഞ്ചവും രക്ഷയ്ക്കായി കാത്തിരിക്കുന്നുവെന്നും സർവ്വ സൃഷ്ടികളും മിശിഹായിൽ സായൂജ്യം കണ്ടെത്തും എന്നുമാണ് വി. അപ്രേം പഠിപ്പിക്കുന്നത്. വി. ജെറോം, വി. ബെനഡിക്ട്, വി. ആഗസ്തീനോസ് തുടങ്ങിയവരെല്ലാം പരിസ്ഥിതി സംരക്ഷണത്തെ ക്കുറിച്ച് സംസാരിച്ചവരായിരുന്നു. ചെറിയ പുൽക്കൊടിപോലും ദൈവത്തെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു എന്നാണ് സഭാപിതാവായ വി. ബേസിൽ പറഞ്ഞത്. ഭൂമിയെ മനുഷ്യന്റെ പൊതുസ്വത്തായി വി. അംബ്രോസ് വിശേഷിപ്പിക്കുമ്പോൾ ശരീരത്തിൽ ആത്മാവ് എങ്ങനെയോ അതേ രീതിയിൽ ദൈവം പ്രപഞ്ചത്തിൽ വസിക്കുന്നു എന്നാണ് വി. തോമസ് അക്വീനാസ് എഴുതിയത്. പരിണാമതത്ത്വത്തെ ക്രിസ്തീയവത്കരിച്ച ഫ്രഞ്ച് ചിന്തകൻ തെയ്യാർദ് ഷർദാൻ സർവ്വപ്രപഞ്ചവും ക്രിസ്തുവിൽ പൂർണ്ണത കണ്ടെത്തുമെന്നും പ്രപഞ്ചം തന്നെ ക്രിസ്തുവിന്റെ ശരീരം ആണെന്നും പഠിപ്പിക്കുന്നു.

ഭൂമിയുടെ ഉപയോഗം സംബന്ധിച്ചും ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മുന്നേറ്റത്തെ സംബന്ധിച്ചും ക്രൈസ്തവരുടെ പെരുമാറ്റത്തിന് ബൈബിളിലെ ദർശനമാണ് പ്രചോദനം നൽകുന്നത്. നൂറ്റാണ്ടുകളായി മനുഷ്യൻ ഭൗതിക ശാസ്ത്ര മേഖലയിലും, സാങ്കേതിക രംഗത്തും, ലിബറൽ ആർട്ടുകളിലും തന്റെ പ്രതിഭ ഉപയോഗിച്ചതിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുരോഗതിയെ പിതാക്കൻമാർ അംഗീകരിക്കുന്നു. മനുഷ്യകുലത്തിന്റെ വൻവിജയങ്ങൾ ഓരോന്നും ദൈവമഹത്വത്തിന്റെ അടയാളവും അവിടുത്തെ

നിഗൂഢപരിപാലനത്തിന്റെ പൂവണിയലുമാണെന്നാണ് ക്രൈസ്ത വരുടെ ബോധ്യം. അതേസമയം ഓരോ മാനുഷിക പ്രവൃത്തിയും ദൈവത്തിന്റെ പദ്ധതിയോടും ഹിതത്തോടും മനുഷ്യവംശത്തിന്റെ യഥാർത്ഥ നൻമയോടും ചേർന്നതായിരിക്കണം.

**സഭാ പ്രബോധനങ്ങളിൽ**

പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും പൊതുസ്വത്തായി കാണണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചത്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ നേടിയിട്ടുള്ള വിജയങ്ങൾ ഓരോന്നും ദൈവമഹത്വത്തിന്റെ അടയാളവും അവിടുത്തെ പരിപാലനയുടെ പൂവണിയലുമാണെന്നാണ് ക്രൈസ്തവരുടെ ബോധ്യം. അതുകൊണ്ട് തന്നെ കത്തോലിക്കാ സഭ പുരോഗതിയെ എതിർക്കുന്നില്ല എന്നുമാത്രമല്ല, അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. എന്നാൽ പരിസ്ഥിതിയുടെ ഒരു മണ്ഡലത്തിൽ ഇടപെടുന്നത് മറ്റു മണ്ഡലങ്ങളിൽ ആ ഇടപെടൽ സൃഷ്ടിക്കുന്ന അനന്തരഫലങ്ങളേയും ഭാവിതലമുറയേയും കുറിച്ച് വേണ്ടത്ര ശ്രദ്ധിച്ചിട്ടായിരിക്കണമെന്ന് കൗൺസിൽ പിതാക്കൻമാർ ആവർത്തിച്ചു പറയുന്നു. പരിസ്ഥിതി സംരക്ഷിക്കാനുള്ള മാനുഷിക ഉത്തരവാദിത്വത്തെക്കുറിച്ച് സഭ ഇങ്ങനെ പറയുന്നു. 'പുതിയ ശാസ്ത്രീയ കഴിവുകളെ സുശക്തമായ ധാർമ്മിക മാനത്തോടു ചേർക്കുന്നതിൽ മനുഷ്യവംശം വിജയിച്ചാൽ പരിസ്ഥിതിയെ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള ഒരു ഭവനവും വിഭവവുമാക്കി വളർത്താൻ കഴിയും.' (സഭ ആധുനിക ലോകത്തിൽ)

അതിൽ ജൈവ വൈവിധ്യങ്ങൾക്ക് പ്രാധാന്യം നൽകണം. ഭാവിതലമുറയെക്കുറിച്ചുള്ള ചിന്ത പുലർത്തണം. രാഷ്ട്രങ്ങളുടെ നിയമ വ്യവസ്ഥകളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തണം. സാമ്പത്തിക വികസനത്തിന്റെ പദ്ധതികൾ പരിഗണിക്കുമ്പോൾ പ്രകൃതിയുടെ സമഗ്രതയേയും ആവർത്തനചക്രങ്ങളേയും ആദരിക്കണം. ഊർജ്ജത്തിന്റെ പുതിയ ഉറവിടങ്ങളും പകരം ഉറവിടങ്ങളും കണ്ടെത്തുന്നതോടൊപ്പം ന്യൂക്ലിയർ ഊർജ്ജത്തിന്റെ സുരക്ഷിതത്വ നിലവാരം ഉയർത്താനും കഴിയണം. ഭൂപ്രദേശങ്ങളോടും വിഭവങ്ങളോടും തദ്ദേശീയരായ ജനങ്ങൾക്കുള്ള ബന്ധം മനസ്സിലാക്കി അവരുടെ അവകാശങ്ങളെ സംരക്ഷിക്കാൻ കഴിയണം. കാരണം പരിസ്ഥിതിയോടുള്ള സമഗ്രമായ ഐക്യത്തിൽ ജീവിക്കുന്നതിന്റെ

മാതൃകയാണ് അവർ. ജീവപരമായ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലും പരിസ്ഥിതിക്ക് ഹാനികരമായത് സംഭവിക്കാതിരിക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണമെന്ന് കൗൺസിൽ പിതാക്കൻമാർ ഓർമ്മിപ്പിക്കുന്നു. (സഭ ആധുനിക ലോകത്തിൽ) പ്രകൃതിയുടെ വിഭവങ്ങൾ പങ്കുവയ്ക്കുന്ന കാര്യത്തിൽ നീതിയും പരസ്നേഹവും പുലർത്തേണ്ടത് അത്യാവശ്യമാണ്. അത്യാഗ്രഹം - അത് വ്യക്തിപരമായാലും സംഘാത്മകമായാലും സൃഷ്ടിയുടെ ക്രമത്തിന് വിരുദ്ധമാണെന്നാണ് സഭ പഠിപ്പിക്കുന്നത്. സൃഷ്ടിയുടെ ക്രമത്തെ ആദരിക്കുകയും എല്ലാവരുടെയും അടിസ്ഥാനാവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന കാർഷികവും വ്യവസായികവുമായ ഉത്പാദനത്തിന്റെ രൂപങ്ങൾ വളർത്താൻ നമുക്കു കഴിയണം. 'സമഗ്ര പാരിസ്ഥിതികത' എന്ന കാഴ്ചപ്പാടിലൂടെ പരിസ്ഥിതി വിഷയങ്ങൾ സാമൂഹ്യസാമ്പത്തിക സാംസ്കാരിക മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് സഭ ലോകത്തിന് നൽകാൻ ശ്രമിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിൽ മാനുഷിക പരിസ്ഥിതിയും ഉൾപ്പെടുന്നതിനാൽ മനുഷ്യകുലത്തിന്റെ എല്ലാ തലങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നാണ് സഭയുടെ പ്രബോധനം.

കത്തോലിക്കാ സഭയുടെ പരിസ്ഥിതി സ്നേഹത്തിന്റെ പ്രചോദനം പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയാണ്. ഭൂമി അദ്ദേഹത്തിന് സഹോദരിയും അമ്മയുമായിരുന്നു. അദ്ദേഹത്തിന്റെ പരിസ്ഥിതി ശാസ്ത്രത്തിനാണ് അങ്ങേയ്ക്കു സ്തുതി എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പ പുനരാവിഷ്കാരം നൽകിയത്.

വി. ജോൺ 22-ാമൻ മുതൽ എല്ലാ മാർപ്പാപ്പമാരും പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി പഠിപ്പിച്ചിട്ടുണ്ട്. ഭൂമിയിൽ സമാധാനം എന്ന ചാക്രികലേഖനത്തിൽ ആഗോള പരിസ്ഥിതിയുടെ അധ:പതനത്തെപ്പറ്റി മാർപ്പാപ്പ ആകുലപ്പെടുന്നുണ്ട്. കടിഞ്ഞാണില്ലാത്ത മനുഷ്യ പ്രവർത്തനത്തിന്റെ ദാരുണമായ പ്രത്യാഘാതം എന്നാണ് പോൾ ആറാമൻ മാർപ്പാപ്പ പരിസ്ഥിതി പതനത്തെ വിശേഷിപ്പിച്ചത്. വി. ജോൺ പോൾ രണ്ടാമൻ ആഗോള പാരിസ്ഥിതിക മാനസാന്തരത്തിനായി ലോകജനതയെ ക്ഷണിച്ചു. ലോകസമാധാനം നേരിടുന്ന ഭീഷണി ആയുധശേഖരമോ വംശീയകലാപമോ അല്ല പരിസ്ഥിതി നേരിടുന്ന പ്രതിസന്ധികളാണ് എന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. മനുഷ്യന്റെ

നിരുത്തരവാദപരമായ പെരുമാറ്റമാണ് പ്രകൃതിയുടെ അപചയത്തിന് കാരണമെന്നാണ് ബനഡിക്ട് 16-മൻ മാർപ്പാപ്പ പറഞ്ഞത്. പ്രകൃതി വിഭവങ്ങളുടെ പൂഴ്ത്തിവയ്പ്പിനേയും ഊർജ്ജസ്രോതസ്സുകൾ കയ്യടക്കിവച്ചിരിക്കുന്നതിനേയും അദ്ദേഹം അപലപിക്കുന്നു. (സത്യത്തിൽ സ്നേഹം) ഫ്രാൻസിസ് പാപ്പായുടെ അങ്ങേയ്ക്ക് സ്തുതി എന്ന ചാക്രിക ലേഖനം സഭയുടെ എക്കാലത്തെയും അതിവിശിഷ്ടമായ പരിസ്ഥിതി പ്രബോധനമാണ്. 'ഭൂമിയെ നമ്മുടെ പൊതുഭവനം' എന്ന മനോഹരമായ സംബോധനയ്ക്കുള്ളിൽ നിർത്തി യപ്പോൾ സഭയുടെ പരിസ്ഥിതി വിജ്ഞാനത്തിന് വേറിട്ടൊരു ദർശനം ഉണ്ടായി. 'നമ്മുടെ പൊതുഭവനത്തിന് എന്ത് സംഭവിക്കുന്നു' എന്നു ചോദിക്കുന്ന മാർപ്പാപ്പ, സമകാലീന പരിസ്ഥിതി പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

**മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലെ പ്രശ്നങ്ങൾ**

ഒരു ധാർമ്മിക പരിഗണനയുമില്ലാത്ത എല്ലാറ്റിന്റെയും മേൽ വ്യവസ്ഥയില്ലാതെ ആധിപത്യം പുലർത്താൻ കാണിക്കുന്ന അതിമോഹം

-സൃഷ്ടിയുടെ വിഭവങ്ങൾ തെറ്റായ പരിഗണനയോടെ ചൂഷണം ചെയ്യാനുള്ള പ്രവണത

-കീഴടക്കാനുള്ള സംഘടിതമായ, ആക്രമണപരമായ മുന്നേറ്റം.

-ഭവനം എന്ന നിലയിലുള്ള പരിസ്ഥിതിയെ വിഭവം എന്ന നിലയിൽ ഉപയോഗിക്കാൻ തുടങ്ങി.

-പ്രകൃതി മനുഷ്യന്റെ കയ്യിൽ കിട്ടിയ ഒരു ഉപകരണമായി കാണുന്നു. പ്രത്യേകിച്ച് സാങ്കേതിക വിദ്യവഴി തന്നിഷ്ടംപോലെ സ്ഥിരമായി ഉപയോഗിക്കേണ്ട ഒരു യാഥാർത്ഥ്യമായി കാണുന്നു.

-ഊർജ്ജവും വിഭവങ്ങളുമൊക്കെ അനന്തമായ അളവിൽ ലഭ്യമാകുമെന്ന തെറ്റായ ധാരണകൾ.

-ജീവശാസ്ത്രപരമായ ഗവേഷണരംഗത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന വികലമായ പരീക്ഷണങ്ങൾ

-സസ്യജീവന്റെയും മൃഗജീവന്റെയും പുതിയ രൂപങ്ങളെ മനസ്സാക്ഷിയില്ലാതെ വികസിപ്പിക്കൽ

-വ്യവസായത്തിന്റെയും കൃഷിയുടെയും മണ്ഡലങ്ങളിൽ ദൂരവ്യാപകമായ ദ്രോഹങ്ങൾ സൃഷ്ടിക്കുന്ന കണ്ടുപിടിത്തങ്ങൾ

പ്രകൃതിയുടെ ദുരുപയോഗം വഴി പ്രകൃതി നശിക്കാൻ

പോകുന്നു, അതുവഴി മനുഷ്യരും നാശത്തിലേക്ക് നീങ്ങുന്നു എന്ന കാഴ്ചപ്പാടാണ് സെക്കുലർ പ്രതികരണങ്ങൾ മുന്നോട്ട് വക്കുന്നത്. എന്നാൽ തിരുസഭ പരിസ്ഥിതിനാശത്തെ പ്രപഞ്ചസ്രഷ്ടാവായ ദൈവത്തോട് ബന്ധപ്പെടുത്തി കാണുന്നു. അതുകൊണ്ട് തന്നെ പരിസ്ഥിതി സംരക്ഷണം ജൈവശാസ്ത്രപരമോ രാഷ്ട്രീയമോ ആയ വിഷയം മാത്രമല്ല. അതിന്റെ അടിസ്ഥാനം ദൈവശാസ്ത്ര ദർശനങ്ങളാണ്. (പച്ചയായ പുൽത്തകിടിയിലേക്ക് 2)

സഭയ്ക്ക് പരിസ്ഥിതി സംരക്ഷണം ഒരു പ്രബോധനവിഷയ മെന്നതിലുപരി സഭ തന്നെ അതിന് മാതൃകയാവേണ്ടതുണ്ട്.

ഒരു വിശ്വാസസമൂഹം പരിസ്ഥിതി സംരക്ഷിക്കാനുള്ള ഉത്തര വാദിത്വം അവരുടെ വിശ്വാസജീവിതത്തിന്റെ ഭാഗമായി തെരഞ്ഞെടു ക്കുകയും അവരുടെ ദേവാലയവും സ്ഥാപനങ്ങളും പരിസരങ്ങളും പരിസ്ഥിതി സൗഹൃദമായി മാറുകയും ചെയ്യുമ്പോഴാണ് സഭയുടെ പ്രബോധനങ്ങൾക്ക് ജീവനുണ്ടാകുക. പരിസ്ഥിതി സംരക്ഷണത്തിന്റെ അടിസ്ഥാന തത്വങ്ങളായ Reduce, Reuse, Recycle എന്നിവ ഓരോ ഇടവകയിലും നടപ്പിലാക്കണം.

ദേവാലയലങ്കാരം, ദീപാലങ്കാരം, Oasis, തെർമോകോൾ, ഫ്ളക്സ് ഇവയുടെ ഉപയോഗം, ദേവാലയത്തിലെ പാഴ്‌വസ്തുക്കളുടെ നിർമ്മാർജ്ജനം, സെമിത്തേരിയുടെ സംരക്ഷണം, പള്ളിമുറ്റത്തെ സത്കാരങ്ങൾ, ഉച്ചഭാഷിണിയുടെ ഉപയോഗം, കരിമരുന്നു പ്രയോഗം, കമ്മ്യൂണിറ്റി ഹാൾ, ഡൈനിംഗ് ഹാൾ ഇവയുടെ ഉപയോഗം, ശൗചാലയങ്ങളിലെ ശുചിത്വം ഇവ സംബന്ധിച്ച് ഓരോ ഇടവകയിലും പരിസ്ഥിതി സൗഹൃദ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും പാലിക്കപ്പെടേ ണ്ടതുണ്ട്. പ്രകൃതി വിഭവങ്ങളെ പരിപാലിക്കാനും ഊർജ്ജസംരക്ഷ ണത്തിനുള്ള നൂതനസംവിധാനങ്ങൾ പ്രയോജനപ്പെടുത്താനും വിശ്വാസികൾ പഠിക്കണം. ജലവിനിയോഗത്തിലും സംരക്ഷണത്തിലും മാതൃകയാകാനും ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുവാനും വിശ്വാസികൾക്കു കഴിയണം.

വിശ്വാസപരിശീലനത്തിന്റെ അവിഭാജ്യഘടകമാണ് പരിസ്ഥിതി വിദ്യാഭ്യാസം. പരിസ്ഥിതി സംരക്ഷണം ജീവിതത്തിന്റെ പുണ്യമാണെന്നും പ്രകൃതിക്കുമേൽ അടിച്ചേൽപ്പിക്കുന്ന ക്ഷതങ്ങൾ പാപമാണെന്നുമുള്ള തിരിച്ചറിവിലേക്ക് വിശ്വാസികളെ വളർത്താൻ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് കഴിയണം. അപ്പോൾ ഭൂമിയിൽ

ദൈവരാജ്യം സ്ഥാപിക്കുക എന്ന സഭയുടെ ദൗത്യത്തോട് നീതി പുലർത്താൻ നമുക്കു സാധിക്കും. അതിനുവേണ്ടി ഒന്നു ചേർന്നു നമുക്കു പ്രാർത്ഥിക്കാം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ.

**റഫറൻസ് ഗ്രന്ഥങ്ങൾ:**

- രണ്ടാം വത്തിക്കാൻ കൗൺസിൽ - സഭ ആധുനിക ലോകത്തിൽ (Gaudiam Et Spes)
- CCC 282-314 , 337-344
- പച്ചയായ പുൽത്തകിടിയിലേക്ക് (POC)
- അങ്ങേയ്ക്ക് സ്തുതി (Laudato Si) - ഫ്രാൻസിസ് പാപ്പ
- സഭയുടെ സാമൂഹിക പ്രബോധനങ്ങൾ (451- 487)
- സത്യത്തിൽ സ്നേഹം - ബെനഡിക്ട് 16-മൻ പാപ്പ

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

മാനന്തവാടി മിഷൻലീഗിന്റെ മാർഗ്ഗരേഖ-മഴവില്ല്. ഏഴിൽ നിന്ന് എഴുപതിലേക്കുള്ള സുദീർഘമായ യാത്രയുടെ നന്ദി പ്രകാശനം. സപ്തതി വർഷം കൃതജ്ഞതയുടെയും ദൈവാനുഗ്രഹത്തിന്റെയും കാലമാകട്ടെ...

മിഷൻലീഗ് എന്ന ഭക്ത സംഘടന വിഭാവനം ചെയ്യുന്ന ചിട്ടയായ ക്രമീകരണങ്ങളിലൂടെയുള്ള ഒരു യാത്രയാണിത്. വി.കൊച്ചു ത്രേസ്യായുടെ മദ്ധ്യസ്ഥത്താലും വി.അൽഫോൻസാമ്മയുടെ പ്രചോദനത്താലും രൂപീകൃതമായ സംഘടന ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും പ്രവർത്തക അംഗങ്ങളെ ദൈവഭക്തിയിലും ദൈവഭയത്തിലും സഭയോട് ചേർന്ന് ജീവിക്കുവാൻ പഠിപ്പിക്കുക, സാഹചര്യം ഒരുക്കുക എന്നതാണ്. ഏഴുപേരുടെ ഗ്രൂപ്പിൽ ആരംഭിക്കുന്ന സുകൃതജീവിത, മാനുവൽബുക്ക് രൂപീകരണം, കുടുംബത്തിലും സമൂഹത്തിലും കാതലായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. മാതാപിതാക്കൾ മക്കളിൽ നിന്ന് ആഗ്രഹിക്കുന്നത് -സുകൃത ജീവിതമാണ്. പിതാവായ ദൈവത്തിന്റെ കയ്യിലുള്ള കണക്ക് പുസ്തകത്തിന്റെ ഒരു പതിപ്പ് നമ്മുടെ ജീവിതത്തിലും സൂക്ഷിക്കേണ്ടതുണ്ട്. പ്രാർത്ഥനയിലും പരോപകാര പ്രവർത്തിയിലും, ആശയടക്കത്തിലും ബൈബിൾ പാരായണത്തിലും ഒരുവൻ വളരേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുകയാണ് - മാനുവൽ ബുക്ക്.

ഒരാളുടെ വ്യക്തിത്വം രൂപീകൃതമായാൽ മാത്രമേ സഭയിലും സമൂഹത്തിലും പ്രചോദക ശക്തിയായി മാറാൻ സാധിക്കൂ. ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങളിലൂടെ വളരാനും വളർത്താനും ഈ സപ്തതിവർഷം നമ്മെ ഉണർത്തട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം, **ജോജോച്ചൻ**

**മേഖല ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർക്ക് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ വിവിധ മേഖലകളിൽ മിഷൻലീഗ് സംഘടനയുടെ ഡയറക്ടറായും ജോയിന്റ് ഡയറക്ടറായും സേവനം

ചെയ്ത് സഹായിച്ച എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. മാനന്തവാടി മേഖലയെ നയിച്ച ബഹുമാനപ്പെട്ട ജിമ്മി മൂലയിലച്ചനും, ബഹുമാനപ്പെട്ട സി.ഹെലന എസ്.എ.ബി.എസ്സിനും, പയ്യമ്പള്ളി മേഖലയെ നയിച്ച ബഹുമാനപ്പെട്ട ബിവാൾഡിനച്ചനും, കല്ലോടി മേഖലയെ നയിച്ച ബഹുമാനപ്പെട്ട അനിൽ മുഞ്ഞനാട്ടച്ചനും ബഹുമാനപ്പെട്ട സി.ടെയ്സി എസ്.എച്ച് നും, തരിയോട് മേഖലയെ നയിച്ച ബഹുമാനപ്പെട്ട സി.ടെസ്‌ലിൻ എഫ്.സി.സി.ക്കും, നടവൽ മേഖലയെ നയിച്ച ബഹുമാനപ്പെട്ട ജോർജ്ജ് തേരകത്തിലച്ചനും ബഹുമാനപ്പെട്ട സി.നിർമ്മൽ എഫ്.സി.സി.ക്കും, പുൽപ്പള്ളി മേഖലയെ നയിച്ച ബഹുമാനപ്പെട്ട സജി പുതുകുളങ്ങരയച്ചനും ബഹുമാനപ്പെട്ട സി.ആൻസീന എസ്.എ.ബി.എസ്സിനും, ബത്തേരി മേഖലയെ നയിച്ച ബഹുമാനപ്പെട്ട ഷാജു മുളവേലിക്കുന്നേലച്ചനും, നീലഗിരി മേഖലയെ നയിച്ച ബഹുമാനപ്പെട്ട ബിനോയി കാശാൻകുറ്റിയച്ചനും, മണിമൂളി മേഖലയെ നയിച്ച ബഹുമാനപ്പെട്ട ജോസ് പുതിയത്തച്ചനും, നിലമ്പൂർ മേഖലയെ നയിച്ച ബഹുമാനപ്പെട്ട സെബിൻ ഐക്കരതാഴത്തച്ചനും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**സ്വാഗതം**

വിവിധ മേഖലകളുടെ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന വൈദികർക്കും സിസ്റ്റേഴ്സിനും സ്വാഗതം ആശംസിക്കുന്നു. മാനന്തവാടി മേഖല-ഫാ.ജിനോജ് പാലത്തടത്തിൽ, പയ്യമ്പള്ളി -ഫാ.ജോണി പെരുമാട്ടിക്കുന്നേൽ, കലോടി മേഖല-ഫാ.സജി എളയിടത്ത്, ദ്വാരക മേഖല-ഫാ.ബിജു തൊണ്ടിപറമ്പിൽ, സി.ആൻസി എസ്.എ.ബി.എസ്, തരിയോട് മേഖല-സി.ഷീജ എസ്.സി.വി, നടവയൽ -ഫാ.ജോസ് കപ്യാരുമല, പുൽപ്പള്ളി- ഫാ.റോബിൻ പടിഞ്ഞാറയിൽ, ബത്തേരി- ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, നീലഗിരി -ഫാ.സോണി വടയാപറമ്പിൽ, മണിമൂളി -ഫാ.ജിതിൻ പീച്ചാട്ട്, നിലമ്പൂർ-ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി എന്നിവർക്ക് സ്വാഗതം ആശംസിക്കുന്നു.

**പുതിയ മേഖലകൾ**

കലോടി മേഖല വിഭജിച്ച്, ദ്വാരക, കല്ലോടി എന്നിങ്ങനെ രണ്ട് മേഖലകളായി പ്രവർത്തനം ആരംഭിക്കുന്നു. രണ്ട് മേഖലകളുടെയും ഡയറക്ടർ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും സ്വാഗതവും പ്രവർത്തനാശംസകളും നേരുന്നു. പുതുതായുള്ള രജിസ്റ്റർ ബുക്കുകളും റിക്കോർഡുകളും സൂക്ഷിക്കാൻ പരിശ്രമിക്കുമല്ലോ?.

**പുതിയ ശാഖ**

വാഴവറ്റയുടെ സ്റ്റേഷൻ പള്ളിയായിരുന്ന കളത്തുവയൽ സെന്റ് മേരീസ് ദേവാലയത്തിൽ 18-6-2107 ന് മിഷൻലീഗിന്റെ പുതിയ പ്രവർത്തന ശാഖ ആരംഭിച്ചു. രൂപതാ ഡയറക്ടർ ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ നേതൃത്വം നൽകി. ശാഖ ഡയറക്ടറായി ഫാ.സിജോ എളംകുന്നപ്പുഴയെ ചുമതലപ്പെടുത്തി.

**ടീം ട്രെയിനിംഗ് & ആരാധന**

രൂപത പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്ന ടീം അംഗങ്ങൾക്കായി തോണിച്ചാൽ പള്ളിയിൽ വച്ച് മെയ് 21 ഞായറാഴ്ച്ച ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചു. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ സാർ ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് ബെന്നി പാറാനിയച്ചൻ ടീം അംഗങ്ങൾക്കായി ആരാധന നടത്തി.

**രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്ക് ജൂൺ 10 ശനിയാഴ്ച്ച ദ്വാരകയിൽ ജപമാലയോടെ തുടക്കം കുറിച്ചു. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ പതാക ഉയർത്തി. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കലച്ചൻ തിരി കൊളുത്തി പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപത ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ സ്വാഗതവും രൂപത സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും ആശംസിച്ചു. രൂപത ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ മാർഗ്ഗരേഖ അവതരണം നടത്തി. രൂപത ജോ. ഡയറക്ടർ സി. ലിസ എസ്.കെ.ഡി, സിനീഷ് ആപ്പുഴയിൽ എന്നിവർ അശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപത എക്സിക്യൂട്ടീവ്, സീനിയർ, ജൂനിയർ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**മാർഗ്ഗരേഖ പ്രകാശനം**

മാനന്തവാടി രൂപതയുടെ 2017-18 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ മാർഗ്ഗരേഖയുടെ പ്രകാശനം ദ്വാരക മേഖല ഡയറക്ടർ ബിജു തൊണ്ടിപറമ്പിലച്ചൻ നിർവഹിച്ചു

**സംസ്ഥാന പ്രസിഡണ്ടിന് ആദരവ്**

ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി തെരഞ്ഞെടുക്കപ്പെട്ട ബിനു മാങ്കൂട്ടത്തെ

കൗൺസിലിൽ വച്ച് ആദരിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അച്ചൻ മെമന്റോ നൽകി. രൂപതാ എക്സിക്യൂട്ടീവ് അംഗം ജോൺസൺ ചിറായിൽ ആശംസകളർപ്പിച്ച് സംസാരിച്ചു.

**മിഷൻ വാഴ – വിതരണോദ്ഘാടനം**

ശാഖാ–മേഖല–രൂപത നേതൃത്വത്തിൽ മിഷൻ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിനായിട്ടുള്ള മിഷൻ വാഴ വിതരണോദ്ഘാടനം, കല്ലോടി മേഖല ഡയറക്ടർ റവ.ഫാ.സജി ഇളയിടത്ത് നിർവഹിച്ചു. വിവിധ ശാഖ ഭാരവാഹികൾ വാഴ കന്നുകൾ ഏറ്റു വാങ്ങി.

**സ്കോളർഷിപ്പ് വിതരണം**

ഡിപ്ലോമ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ അനിറ്റ് റോയി മാളിയേക്കൽ – മരകാവ്, +2 പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ ജെസ്സി നിരപ്പിൽ – കൊട്ടിയൂർ എന്നിവർക്ക് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അച്ചൻ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

**അഭിനന്ദനം – ഫുൾ A+**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ ശാഖകളെ നയിക്കുന്ന ശാഖ ഭാരവാഹികൾക്കിടയിൽ 10–ാം ക്ലാസിലും +2 വിലും മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയവരെ രൂപത കൗൺസിലിൽ വച്ച് അഭിനന്ദിച്ചു. സി.എം.എൽ മുൻ പ്രസിഡണ്ട് ജോയി മേപ്പാടം സമ്മാനം വിതരണം ചെയ്തു.

**സമ്മാനകൂപ്പൺ വിതരണോദ്ഘാടനം**

ആശാകിരണം ക്യാൻസർ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന സമ്മാന കൂപ്പണിന്റെ വിതരണോദ്ഘാടനം കൗൺസിലിൽ വച്ച് പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ.പോൾ വാഴപ്പള്ളി നിർവഹിച്ചു. പ്രൊജക്ട് അവതരണം തോമസ് സാർ നടത്തി.

**കാണിക്ക ഉദ്ഘാടനം**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി തയ്യാറാക്കിയ കാണിക്ക ടിന്നിന്റെ വിതരണോദ് ഘാടനം രൂപത കൗൺസിലിൽ വച്ച് മുൻ രൂപത സെക്രട്ടറിയും ടീം അംഗവുമായ ഷാജി പനച്ചിക്കൽ നിർവഹിച്ചു.

**മികച്ചശാഖകൾ**

പ്രവർത്തനവർഷത്തിലെ മികച്ച ശാഖകൾ – വാഴവറ്റ, ധർമ്മഗിരി, കരിമ്പിൽ ശാഖകൾ 1, 2, 3, സ്ഥാനങ്ങൾ കരസ്ഥമാക്കി. മറ്റു മികച്ച

ശാഖകളായി-കയ്യൂന്നി, പൂളപ്പാടം, നെല്ലിയോടി, പുതുശ്ശേരി, ആടിക്കൊല്ലി, ഇരുളം, മീനങ്ങാടി എന്നിവ തിരഞ്ഞെടുക്കപ്പെട്ടു.

**മികച്ച മേഖലകൾ**

നടവയൽ, മണിമൂളി, ബത്തേരി മേഖലകൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**കയ്യെഴുത്തു മാസിക**

കല്ലോടി, പനഞ്ചിറ, ബത്തേരി ശാഖകൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ആടിക്കൊല്ലി, കയ്യൂന്നി, പയ്യമ്പള്ളി, കല്ലുമുക്ക്, വാഴവറ്റ, പറളിക്കുന്ന്, പൂളപ്പാടം എന്നീ ശാഖകൾ തുടർന്നുള്ള സ്ഥാനങ്ങൾ സ്വന്തമാക്കി.

**കുഞ്ഞുമിഷനറി ഡയറി**

മികച്ച കുഞ്ഞുമിഷനറി ഡയറി എഴുതിയ ലെറ്റീഷ് ബാബു-പോരൂർ, മരിയ ജേക്കബ്-അപ്പപാറ, റിയാന്റ മംഗലത്ത്കരോട്ട്, റിച്ചു മംഗലത്ത്കരോട്ട് -കബനിഗിരി, മരിയ കുന്നത്തുകുഴി-കമ്മന എന്നിവർക്ക് കൗൺസിലിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

**സെമിനാർ - സംഘടന ശാക്തീകരണം**

സംഘടനയുടെ ശാക്തീകരണ വർഷത്തിന്റെ ഭാഗമായി സെമിനാർ സംഘടിപ്പിച്ചു. ക്ലാസുകൾക്ക് രൂപത എക്സിക്യൂട്ടീവ് അംഗം ജിജിൽ കിഴക്കരക്കാട്ട് നേതൃത്വം നൽകി.

**മണിമൂളി നിലമ്പൂർ നീലഗിരി റീജണൽ കൗൺസിൽ**

മണിമൂളി നിലമ്പൂർ, നീലഗിരി റീജണൽ കൗൺസിൽ ജൂൺ 11-ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. മണിമൂളി ഫൊറോന വികാരി ഫാ. ചാക്കോ മേപ്പുറത്ത് തിരി കൊളുത്തി കൗൺസിൽ സമ്മേളനത്തിന് തുടക്കം കുറിച്ചു. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപത റീജണൽ ഓർഗ്ഗനൈസർ ജോസഫ് തോട്ടുംകര സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, മണിമൂളി മേഖല മുൻ ഡയറക്ടർ ഫാ. ജോസ്, നിലമ്പൂർ മേഖല ഡയറക്ടർ ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കൗൺസിലിൽ വച്ച് കാണിക്ക ടിൻ, മിഷൻ വാഴ, സമ്മാന കൂപ്പൺ എന്നിവയുടെ വിതരണോദ്ഘാടനം നടത്തി. രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ കൗൺസിലിന് നന്ദി ആശംസിച്ചു.

**മണിമൂളി നിലമ്പൂർ റീജണൽ ജോ. ഡയറക്ടേഴ്സ് സംഗമം**

മണിമൂളി നിലമ്പൂർ റീജണൽ ജോ. ഡയറക്ടേഴ്സ് സംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സംഗമത്തിന്

റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ശ്രീ.ഷാജി ചന്ദനപറമ്പിൽ ശ്രീ.ബിനീഷ് തുമ്പിയാംകുഴിയിൽ, ശ്രീ.ബിജു ചിറ്റേടത്ത് എന്നിവർ നേതൃത്വം നൽകി

**മേഖല ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സമ്മേളനം**

മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മേഖല ഡയറക്ടേഴ്സിന്റെയും ജോ.ഡയറക്ടേഴ്സിന്റെയും സമ്മേളനം ദ്വാരകയിൽ വെച്ച് നടത്തി. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപത ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. രൂപത സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി അർപ്പിച്ചു. ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, സി. ലിസ എസ്.കെ.ഡി, ജോയ്സ് പുൽപറമ്പിൽ, തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്**

മാനന്തവാടി രൂപതയുടെ വിവിധ മേഖലകൾക്ക് നേതൃത്വം നൽകുന്ന പ്രസിഡണ്ട്, സെക്രട്ടറിമാരുടെ മീറ്റിംഗ് ജൂൺ 15 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

**ജൂലൈമാസ പ്രവർത്തനങ്ങൾ**

**മേഖലാ രൂപതാ സാഹിത്യമത്സരം**

2017-18 വർഷത്തെ മേഖലാ രൂപതാ സാഹിത്യ മത്സരം അതാത് മേഖലാ കേന്ദ്രങ്ങളിൽവച്ച് ജൂലൈ 16 ഞായറാഴ്ച 2 മണിക്ക് നടത്തപ്പെടുന്നു. മാനദണ്ഡങ്ങളും വാല്യു പോയന്റ്സും മാർഗരേഖ പേജ് 62-65 കാണുക. രചനാ മത്സര വിഷയങ്ങൾ ശ്രദ്ധിക്കുക.

**ജൂലൈ 2 ഞായർ**

സെന്റ് തോമസ് ഡേ കൺവെൻഷൻ കൽപ്പറ്റ മേഖലയിൽ വച്ച് നടത്തപ്പെടുന്നു.

**ശാഖാ ജോയിന്റ് ഡയറക്ടർ സംഗമം ജൂലൈ 8 ശനി, തോണിച്ചാൽ**

മാനന്തവാടി രൂപതയിലെ മുഴുവൻ ശാഖാജോയിന്റ് ഡയറക്ടർമാരുടെ മീറ്റിംഗ് 8-ാം തീയതി രാവിലെ 9.30 മുതൽ 1.30 വരെ തോണിച്ചാൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ശാഖകൾക്ക് ആവശ്യമായ മിഷൻ കലണ്ടറിന്റെ എണ്ണം, പലതുള്ളി കളക്ഷൻ, കരുതൽ പുസ്തകത്തിന്റെ എണ്ണം എന്നിവ കൊണ്ടുവരണം.

**മാനുവൽ ബുക്ക്, പ്രാർത്ഥനാ പുസ്തകം, ബാഡ്ജ്, മിഷൻക്വിസ് പുസ്തകം** എന്നിവ ആവശ്യമുള്ളവർ രൂപത ഓഫീസുമായി ബന്ധപ്പെടുക.

**അംഗത്വ ലിസ്റ്റ്** സമർപ്പിക്കാനും തിരുത്തലുകൾ വരുത്താനും ജൂലൈ 8 വരെ മാത്രമെ അവസരം ഉണ്ടായിരിക്കൂ.

**ശാഖ, മേഖല മാർഗ്ഗരേഖ**

ശാഖ – മേഖല മാർഗ്ഗരേഖ തയ്യാറാക്കുവാനും ഒരു കോപ്പി രൂപത ഓഫീസിൽ എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**കുഞ്ഞുമിഷനറി ഡയറി**

ഏറ്റവും മികച്ച കുഞ്ഞുമിഷനറി ഡയറിക്ക് സംസ്ഥാന സമിതിയും രൂപത സമിതിയും ഈ വർഷം സമ്മാനങ്ങൾ നൽകുന്നു. ജനുവരി 31–ന് ഡയറി രൂപതാ ഓഫീസിൽ എത്തിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സംസ്ഥാന തലത്തിൽ പ്രതിഭാ സംഗമം ഉണ്ടായിരിക്കും. മാർഗ്ഗരേഖ, പേജ് 27, 31 ശ്രദ്ധിക്കുക.

**ബെസ്റ്റ് ശാഖ, മേഖല**

ബെസ്റ്റ് ശാഖ, മേഖല നിർണ്ണയത്തിൽ സംസ്ഥാന സമിതി വരുത്തിയ മാറ്റങ്ങൾ മാർഗ്ഗരേഖ പേജ് 54–61 ൽ ശ്രദ്ധിക്കുമല്ലോ.

**ജൂലൈ 30 അൽഫോൻസ കൺവെൻഷൻ**

ജൂലൈ 30 അൽഫോൻസ കൺവെൻഷൻ തരിയോട് മേഖലയിൽ വച്ച് നടത്തപ്പെടുന്നു.

**വാർഷിക റിപ്പോർട്ട്**

2016–17 – വാർഷിക റിപ്പോർട്ട് തരാനുള്ള ശാഖകൾ ജൂലൈ 8–ന് ശാഖ ജോ.ഡയറക്ടേഴ്സ് മീറ്റിംഗിന് വരുമ്പോൾ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ. സന്ദർശന റിപ്പോർട്ട് എല്ലാ ശാഖകളും പൂരിപ്പിച്ച് വെക്കാൻ ശ്രദ്ധിക്കണേ.

എല്ലാ മാസങ്ങളിലും10–ാം തീയതിക്ക് മുമ്പായി മാസ റിപ്പോർട്ടുകളും ബുള്ളറ്റിൻ മാറ്ററുകളും വെവ്വേറെ പേപ്പറുകളിൽ എഴുതി സി.എം.എൽ രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കണേ.

**നന്ദിയോടെ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ നെഞ്ചിലേറ്റി മേഖല പ്രവർത്തനങ്ങൾക്ക് ജീവൻ നൽകി പ്രസ്ഥാനത്തെ മുൻ വർഷങ്ങളിൽ നയിച്ച പ്രിയപ്പെട്ട ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴ്സിനും സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പുതിയ പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നന്ദിയോടെ ഓർക്കേണ്ടവർ ഒത്തിരി പേർ, ശാഖയിലും മേഖലയിലും രൂപത

പ്രവർത്തനങ്ങൾക്ക് ജീവൻ പകരുന്ന പ്രിയപ്പെട്ട ശാഖ, മേഖല ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, ഭാരവാഹികൾ പ്രവർത്തകാംഗങ്ങൾ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. പുതിയ പ്രവർത്തന വർഷത്തിൽ ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ശാഖാ വാർത്തകൾ**

*1. പയ്യമ്പള്ളി:-* രൂപതാക്യാമ്പിൽ രണ്ട് കുട്ടികൾ പങ്കെടുത്തു. രൂപതയിൽ നടന്ന വചനതാരത്തിൽ ശാഖയിൽ നിന്ന് 6 കുട്ടികൾ പങ്കെടുത്തു. രൂപതയിൽ ജൂണിയർ വിഭാഗത്തിൽ 4-ാം സ്ഥാനം ജിയ കൊല്ലപ്പള്ളി കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത 6 കുട്ടികൾക്കും ഇടവകയിൽ നിന്ന് പ്രോത്സാഹന സമ്മാനവും, ജിയ കൊല്ലപ്പള്ളിക്ക് 1000 രൂപ ക്യാഷ് അവാർഡും നൽകി ആദരിച്ചു. രോഗീസഹായം, വിദ്യാഭ്യാസസഹായം, പഠന സഹായം എന്നിവ നൽകി. എക്സിക്യൂട്ടീവ് അംഗങ്ങൾ കാട്ടിക്കുളം കരുണാഭവൻ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകുകയും സ്നേഹ കൂട്ടായ്മ പങ്കിടുകയും ചെയ്തു.

*2. പനവല്ലി:-* നിർദ്ധന കുടുംബത്തിന്റെ ഭവന നിർമ്മാണ പ്രക്രിയയിൽ പനവല്ലി സി.എം.എൽ അംഗങ്ങൾ പങ്കെടുത്തുകൊണ്ട് ഈ വർഷത്തെ പ്രവർത്തനം ആരംഭിച്ചു.

*3. തൃശ്ശിലേരി:-* കുട്ടികൾക്ക് ക്രിസ്റ്റീൻ ധ്യാനം നടത്തി. സൺഡേ സ്കൂൾ വാർഷികം നടത്തി. അർദ്ധദിന സെമിനാർ നടത്തി. എസ്.എസ് എൽ.സി., പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് കിട്ടിയവരെ ആദരിച്ചു. കണ്ണൂർ വിസ്മയ പാർക്കിലേക്ക് വിനോദ യാത്രപോയി.

*4. പുതിയിടംകുന്ന്:-* സി. എം.എൽ അംഗങ്ങൾ എല്ലാവരും ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്തു. സ്ഥലം മാറിപോയ വികാരിയച്ചന് യാത്രയയ്പ്പ് നൽകി. പുതിയ വികാരിയച്ചന് സ്വീകരണം നൽകി. പുതിയ ശാഖാ ഭാരവാഹികളെ തെരഞ്ഞെടുത്തു. പഴയ ശാഖാ ഭാരവാഹികളെ നന്ദിയോടെ അനുസ്മരിച്ചു. ഇടവകയിലെ ആദ്യകുർബാന സ്വീകരണം, വേളാങ്കണ്ണിമാതാവിന്റെ തിരുനാൾ എന്നിവയിലെല്ലാം സി.എം.എൽ അംഗങ്ങൾ സഹകരിച്ചു.

*5. ചാരിറ്റി:-* രൂപതാ ക്യാമ്പിൽ 2 പേർ പങ്കെടുത്തു. അൾത്താര കുട്ടികൾ കണ്ണൂർ വിസ്മയ പാർക്കിലേക്ക് ടൂർ പോയി. അസിസ്റ്റന്റ് വികാരി റവ. ഫാ. വിനിൽ കുരിശുതറ, സെന്റ് ക്ലാരറ്റ് പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. അജോയ് വല്യമ്യാലിൽ, അഡ്മിനിസ്ട്രേറ്റർ റവ. ഫാ.ജോസ് പുത്തേട്ട് എന്നിവർക്ക് പ്രാർത്ഥനാ നിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു. സെമിനാരി പഠനത്തിനുപോകുന്ന ജെറിൻ,

ഷാരൂൺ എന്നിവർക്ക് സ്നേഹോപഹാരമായി സമ്പൂർണ്ണ ബൈബിൾ നൽകി. റവ.ഫാ.ജോസഫ് പുത്തൻപുര (കപ്പൂച്ചിൻ) നേതൃത്വത്തിൽ നടന്ന 2 ദിവസത്തെ ധ്യാനത്തിൽ മുഴുവൻ സി.എം.എൽ അംഗങ്ങളും പങ്കുചേർന്ന് ദിവ്യാനുഗ്രഹങ്ങൾ സ്വന്തമാക്കി.

*6. വടക്കനാട്:-* മെയ് 11, 12, 13 തീയതികളിൽ കുട്ടികൾക്കായി ക്രസ്റ്റീൻ ധ്യാനം സംഘടിപ്പിക്കുകയും എല്ലാ മിഷൻലീഗ് അംഗങ്ങളും പങ്കെടുക്കുകയും ചെയ്തു.

7. പുൽപ്പള്ളി:- ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് ആശംസ നേർന്നു സമ്മാനം നൽകി. കാണിക്കയായി 1400 രൂപ രൂപതയിൽ ഏൽപ്പിച്ചു. ഇടവക വാർഷിക ധ്യാനത്തിൽ കുട്ടികൾ പങ്കെടുത്തു. 4 വർഷം ശാഖയെ നയിച്ച് നെടുമ്പാലയിലേയ്ക്ക് സ്ഥലം മാറിപോകുന്ന ജോ. ഡയറക്ടർ സി. ദീപ എസ്.എച്ച് ന് യാത്രയയ്പ്പ് നൽകി.

*8. സീതാമൗണ്ട്:-* ശാഖാ ഇലക്ഷൻ നടത്തി. ശാഖാ വാർഷികം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. 40-ാം വെള്ളിയാഴ്ച ശാഖാ ഭാരവാഹികളും ജോ. ഡയറക്ടറും ശിശുമലയിൽ വച്ചു നടത്തപ്പെട്ട കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

## LIFE Training Regular- 2016 Batch

ലൈഫ് ട്രയിനിംഗ് റെഗുലർ–2016 ബാച്ചിന്റെ ക്ലാസ്സ് 2017 മെയ് 30 ചൊവ്വാഴ്ച വൈകുന്നേരം 4 മണി മുതൽ 31 ബുധനാഴ്ച വൈകുന്നേരം 3 മണിവരെ Dwaraka Pastoral Centre ൽ വെച്ച് നടന്നു. 30–ാം തീയതി വൈകുന്നേരം പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിച്ചു. വിദ്യാർത്ഥികളുടെ ജീവിത ശൈലി വിലയിരുത്തുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. G.K യും, Vocabulary യും ടെസ്റ്റ് നടത്തി. ഫാ. ലാൽ, സി. ആൻസി CMC എന്നിവർ കുട്ടികൾക്ക് ക്ലാസ്സെടുത്തു. സി. ലിൻസി SCV, ലിൻഷ മരിയ എന്നിവർ നേതൃത്വം നൽകി.

## LIFE Training - 2017 Batch

ലൈഫ് ട്രയിനിംഗ് റെഗുലർ–2017 ബാച്ചിന്റെ ക്ലാസ്സ് 2017 മെയ് 30–ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ആരംഭിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച ക്ലാസ്സുകൾക്ക് സി. ആൻസി സി.എം.സി. നേതൃത്വം നല്കി. JMJ LIFE Style എങ്ങനെ പ്രാവർത്തികമാക്കാമെന്നും എങ്ങനെ പ്രാർത്ഥനയിലൂടെ വിജയത്തിലേക്ക് എത്താമെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതുമായിരുന്നു ക്ലാസ്സുകൾ. അവരുടെ അനുഭവങ്ങൾ പങ്കുവക്കുന്ന ഷെയറിംഗ് സെഷനും സ്പിരിചൽ ആനിമേഷനും നടത്തി. കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുകയും ടെസ്റ്റുകൾ നടത്തുകയും ചെയ്തു. ഫാ. സജി കാട്ടാംകോട്ടിൽ ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. 31–ാം തീയതി ബുധനാഴ്ച വൈകുന്നേരം 3 മണിയോടെ ക്ലാസ്സ് അവസാനിച്ചു. ഫാ. ലാൽ ജേക്കബ്, സി. ആൻസി സി.എം.സി, സി. ലിൻസി എസ്.സി.വി, ലിൻഷ മരിയ എന്നിവർ ക്ലാസ്സുകൾക്കും മറ്റു ക്രമീകരണങ്ങൾക്കും നേതൃത്വം നല്കി.

## Psycho-Spiritual Training

Plus two Private Registration നടത്തിയ വിദ്യാർത്ഥികൾക്കു വേണ്ടി Catechism Department ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന Psycho-Spiritual Training Programme ന്, Department of Youth Ministry നേതൃത്വം നല്കി. 2017 മെയ് 22, 23, 24 തീയതികളിലായി Dwaraka Pastoral Centre ൽ വെച്ച് നടത്തിയ Programme ന്,

ബഹു.ഫാ. മാത്യു പനച്ചിപ്പുറം CST നേതൃത്വം കൊടുത്തു. 60 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ.നോബിൾ പാറയ്ക്കൽ, ഫാ. റോയി വട്ടക്കാട്ട് എന്നിവർ ക്ലാസ്സെടുത്തു. ആരാധന, കുമ്പസാരം, കുർബാന, സ്പിരിച്വൽ ഷെയറിംഗ് എന്നിവ ഈ ട്രെയിനിംഗിൽ ഉൾപ്പെടുത്തിയിരുന്നു. 22-ാം തീയതി തിങ്കളാഴ്ച 10 മണിയോടെ ആരംഭിച്ച പ്രോഗ്രാം 24-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിയോടെ അവസാനിച്ചു. സി.ആൻസി സി.എം.സി, സി. ലിൻസി എസ്.സി.വി, സി.നോയൽ മരിയ എസ്.എ.ബി.എസ്, ലിൻഷ മരിയ എന്നിവർ പ്രാർത്ഥന, സ്പിരിചൽ ഷെയറിംഗ് എന്നിവയ്ക്ക് നേതൃത്വം നല്കി. സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## Holyland Pilgrimage

Department of Youth Ministry യുടെ നേതൃത്വത്തിലുള്ള വിശുദ്ധനാട്ടിലേക്ക് നടത്തുന്ന തീർത്ഥാടന യാത്ര 2017 മെയ് 21 ഞായറാഴ്ച ആരംഭിച്ച്, ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പലസ്തീൻ, എന്നീ രാജ്യങ്ങൾ സന്ദർശിച്ച് 2017 മെയ് 30-ാം തീയതി ബുധനാഴ്ച തിരിച്ചെത്തി. സഹായവും സഹകരണവും നൽകിയ ഫാ. ചാക്കോ മേപ്പുറത്ത്, ഫാ.സജി പുഞ്ചയിൽ, ഫാ.തോമസ് മണക്കുന്നേൽ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

## LIFE Training -2016 Batch

LIFE Training-2016 Batch-ന്റെ ജൂൺ മാസത്തെ ക്ലാസ് 2017 ജൂൺ 9-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണി മുതൽ 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിവരെ നടന്നു. ആരാധനയോടെ ആരംഭിച്ച ക്ലാസ്സിന് ലാലച്ചൻ, സി. ആൻസി CMC എന്നിവർ നേതൃത്വം നല്കി. വിവിധ സബ്ജറ്റുകളുടെ പരീക്ഷ, ഷെയറിംഗ് സെഷൻ എന്നിവ നടത്തി. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. പോൾ വാഴപ്പിള്ളി വിദ്യാർത്ഥികളെ സന്ദർശിക്കുകയും കുട്ടികൾ അവരുടെ ലൈഫ് ട്രയിനിംഗ് അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.1 0-ാം തീയതി സി.അനിത സി.എം.സി. കെമിസ്ട്രി വിഷയത്തിൽ ക്ലാസ്സെടുത്തു. 3 മണിയോടെ ക്ലാസ്സ് അവസാനിച്ചു. സി.ലിൻസി SCV, ലിൻഷ മരിയ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## LIFE Training -2017 Batch

LIFE Training -2017 Batch ന്റെ ജൂൺ മാസത്തെ ക്ലാസ്സ് 2017 ജൂൺ 9-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണി മുതൽ 10-ാം തീയതി ശനിയാഴ്ച്ച വൈകുന്നേരം 3 മണിവരെ നടന്നു.

ആരാധനയോടെ ആരംഭിച്ച ക്ലാസ്സിന് ലാലച്ചൻ, സി. ആൻസി CMC എന്നിവർ നേതൃത്വം നല്കി. വിവിധ സബ്ജറ്റുകളുടെ പരീക്ഷ, ഷെയറിംഗ് സെഷൻ എന്നിവ നടത്തി. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. പോൾ വാഴപ്പിള്ളി വിദ്യാർത്ഥികളെ സന്ദർശിക്കുകയും കുട്ടികൾ അവരുടെ ലൈഫ് ട്രയിനിംഗ് അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.10–ാം തീയതി ശ്രീ. സെബാസ്റ്റ്യൻ സാർ ഇംഗ്ലീഷ് വിഷയത്തിൽ ക്ലാസ്സെടുത്തു. 3 മണിയോടെ ക്ലാസ്സ് അവസാനിച്ചു. സി.ലിൻസി SCV, ലിൻഷ മരിയ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

ലൈഫ് ട്രയിനിംഗ് റെഗുലർ 2016, 2017 ബാച്ചുകളുടെ അടുത്ത ക്ലാസ്സുകൾ ജൂൺ 23–ാം തീയതി വൈകുന്നേരം 6 മണി മുതൽ 24 വൈകുന്നേരം 3 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്.

ജൂലൈ മാസത്തെ ക്ലാസ്സുകൾ 2017 ജൂലൈ 7 (വെള്ളി), 8 (ശനി) ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

**ലിൻഷ മരിയ ഷാന്റി**

വോളന്റിയർ, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

കെ.സി.ബി.സി. ആഹ്വാനം ചെയ്ത യുവജനദിനാഘോഷങ്ങൾക്ക് തിരശീലയുയരുമ്പോൾ ഈ വർഷം പ്രധാനമായും പ്രഥമമായും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാൻമാരുടെ സിനഡിന്റെ 15-ാം പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയും അതിന്റെ വിഷയമായ -'യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്നിവ.

യു ക്യാറ്റ് -ന്റെ ആമുഖത്തിൽ പരിശുദ്ധ ബെനഡിക്റ്റ് മാർപാപ്പ യുവജനങ്ങളെ ഇങ്ങനെ ഓർമ്മപ്പെടുത്തി നിങ്ങൾ വിശ്വസിക്കുന്നതെന്തെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഒരു ഐടി സ്പെഷ്യലിസ്റ്റ് കമ്പ്യൂട്ടറിന്റെ ആന്തരീക പ്രവർത്തനങ്ങൾ അറിയുന്നതുപോലുള്ള കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിയണം. നല്ല സംഗീതജ്ഞൻ ഉപയോഗിക്കുന്ന സംഗീതോപകരണം പോലെ നിങ്ങൾ അതിനെ മനസ്സിലാക്കണം. അതെ നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയെക്കാൾ കൂടുതൽ ആഴത്തിൽ വിശ്വാസത്തിൽ വേരുറച്ചവരാകണം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളും പ്രലോഭനങ്ങളും ശക്തിയോടും ദൃഢതയോടും കൂടെ കൈകാര്യം ചെയ്യാൻ കഴിവുണ്ടാകാനാണത്. നിങ്ങളുടെ വിശ്വാസം സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളി വറ്റിപ്പോകുന്നതുപ്പോലെ വറ്റിപ്പോകാതിരിക്കണമെങ്കിൽ ഉപഭോഗസംസ്ക്കാരത്തിന്റെ അനുനയം തടഞ്ഞു നിർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ സ്നേഹം അശ്ലീല സാഹിത്യത്തിൽ മുങ്ങിപ്പോകാതിരിക്കണമെങ്കിൽ നിങ്ങൾ ദുർബലരെ ഒറ്റിക്കൊടുക്കാതിരിക്കുകയും മുറിവേൽപ്പിക്കപ്പെടുന്നവരെ നിരാശ്രയരായി തള്ളികളയാതിരിക്കുകയും ചെയ്യണമെങ്കിൽ നിങ്ങൾക്കും ദൈവസഹായം ഉണ്ടായിരിക്കണം.

യുവജനങ്ങളാണ് സഭയുടെ വസന്തകാലമെന്നും നിലനിർത്തുന്നവർ. ഒരേ തരത്തിലും മണത്തിലുമുള്ള പൂന്തോട്ടം മനോഹരമാണെങ്കിലും അതിനേക്കാൾ മനോഹരമാണ് പലതരത്തിലും പല നിറത്തിലും മണത്തിലുമുള്ള പൂക്കൾ നിറഞ്ഞ പൂന്തോട്ടം. സഭയെ ശരീരത്തിലെ

വിവിധ അവയവങ്ങളോടുപമിക്കുന്ന വിശുദ്ധ പൗലോസിനോട് ചേർന്ന് ചിന്തിക്കുമ്പോൾ വ്യത്യസ്ത നിയോഗങ്ങളുള്ള കഴിവുകളുള്ള സൗന്ദര്യ മുള്ള യുവജനങ്ങളാൽ സമ്പന്നമാണ് സഭ – വ്യത്യസ്തത നിറഞ്ഞ പൂന്തോട്ടംപ്പോലെ. സഭയുടെ സൗന്ദര്യം ഏറ്റവും കൂടുതൽ പ്രകടമാ കുന്നതും യുവജന സഭയിൽ തന്നെ. പരിശുദ്ധ മാർപ്പാപ്പ ഈ യുവജന സഭയെ സ്നേഹപൂർവ്വം ആശ്ലേഷിക്കുന്നതിന്റെ പ്രതിഫലനമാണ് ഒക്ടോബർ 18 ലെ സിനഡ് എന്നതിൽ സംശയമില്ല. ജീവന്റെയും സ്നേഹത്തിന്റെയും പൂർണ്ണതയിലേയ്ക്കുള്ള വിളി തിരിച്ചറിയുന്നതിനും സ്വീകരിക്കുന്നതിനും യുവജനങ്ങളെ എങ്ങനെ നയിക്കണമെന്ന് ചിന്തിക്കാനും സുവിശേഷ പ്രഘോഷണത്തിനുള്ള ഫലപ്രദമായ മാർഗ്ഗ ങ്ങൾ തിരിച്ചറിയാനും യുവജനത്തോടു തന്നെ ആരായുകയാണ് സിന ഡിന്റെ ലക്ഷ്യം.

ആധുനിക ലോകത്തിലെ യുവജനതയുടെ വിവരണമാണ് മൂന്ന് അദ്ധ്യായങ്ങളുള്ള ഒരുക്ക രേഖയുടെ ആദ്യ അദ്ധ്യായത്തിലെ പ്രമേയം. വിശ്വാസം, വിവേചിച്ചറിയൽ, വിളി അവയെക്കുറിച്ച് പ്രതിപാദിക്കുന്ന രണ്ടാം അദ്ധ്യായത്തിന്റെ ആമുഖത്തിൽ, ആരെയും ഒഴിവാക്കാതെ ഓരോ യുവാവിനെയും യുവതിയെയും കണ്ടുമുട്ടാനും അവരോടൊപ്പം സഞ്ചരിക്കാനും അവരെ ശ്രദ്ധിക്കാനുമുള്ള സഭയുടെ ആഗ്രഹം വ്യക്ത മാക്കുന്നു. അജപാലന പ്രവർത്തനം സംബന്ധിച്ച മൂന്നാം അദ്ധ്യായം സുവിശേഷത്തിന്റെ സന്തോഷത്തിലേയ്ക്കുള്ള വിളി സ്വീകരിക്കാൻ സഭ എങ്ങനെ യുവജനങ്ങളെ സഹായിക്കുന്നു, അജപാലന ശ്രുശ്രൂഷ യുടെയും വിളിപരമായ വിവേചിച്ചറിയലിന്റെയും വെല്ലുവിളികളോട് എങ്ങനെ പ്രത്യുത്തരിക്കാം എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാദി ക്കുന്നു. ഇങ്ങനെ സമസ്ത മേഖലകളിലുമുള്ള യുവജന പ്രാതി നിധ്യവും, പങ്കാളിത്വവും ഉറപ്പുവരുത്താൻ സഭ എറെ ശ്രദ്ധിക്കുന്നു.

പ്രിയ യുവജനസുഹൃത്തുക്കളെ, ക്രിസ്തു എന്ന വിപ്ലവകാരി യുടെ തിരുസഭയിൽ നിന്ന് നൂറ് ശതമാനം പൂർണ്ണത പ്രതീക്ഷിക്കുന്ന ലോകത്ത് നാം ജീവിക്കുമ്പോൾ നല്ല മനോഭാവ രൂപീകരണത്തിലൂടെ, വിശ്വാസ ജീവിത സാക്ഷ്യങ്ങളിലൂടെ നമുക്കും സഭയുടെ തീക്ഷ്ണത യുള്ള വക്താക്കളാകാം. ആഗതമാകുന്ന യുവജന ദിനത്തിന്റെ മംഗള ങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

സസ്നേഹം

**ഫാ. അനീഷ് കാട്ടാംകോട്ടിൽ**

കെസിവൈഎം അസോസിയേറ്റ് ഡയറക്ടർ

**രൂപത അർദ്ധവാർഷിക സെനറ്റ് –ജൂലൈ 8**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 8–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടെ ആരംഭിക്കും. രജിസ്ട്രേഷൻ നടത്തുന്ന ക്രമത്തിലായിരിക്കും സെനറ്റിൽ റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുക. രൂപത സെനറ്റംഗങ്ങളെല്ലാം – മേഖല ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, കോർഡിനേറ്റർ, സെനറ്റ് മെംമ്പേഴ്സ് (3), 2016 വർഷത്തെ പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി (ആകെ 13 പേർ) എന്നിവർ വീഴ്ച്ചവരുത്താതെ പങ്കെടുക്കണം. മേഖല സെനറ്റിൽ അവതരിപ്പിച്ച്, പാസ്സാക്കിയ അർദ്ധ വാർഷിക റിപ്പോർട്ടാണ് രൂപത സെനറ്റിൽ അവതരിപ്പിക്കേണ്ടത്. ആയതിനാൽ രൂപത സെനറ്റിന് മുൻമ്പായി മേഖല സെനറ്റ് സമ്മേളിച്ച് റിപ്പോർട്ട് അവതരിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ജൂലൈ 9 യുവജന ദിനം**

കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ജൂലൈ 3 നു ശേഷം വരുന്ന ഞായറാഴ്ച്ചയാണ് യുവജനദിനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ 9 നാണ് നമ്മൾ യുവജന ദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ രൂപതാതല യുവജനദിനാഘോഷം തൃശ്ശിലേരി യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നു.

**ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ച വയ്ക്കുന്ന യൂണിറ്റിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ആത്മീയം, സാമൂഹികം, ഭൗതീകം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളാണ് സമ്മാനത്തിനായി പരിഗണിക്കുക. പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി നടത്താവുന്ന കാര്യങ്ങൾ

1. അംഗത്വ നവീകരണം പൂർത്തിയാക്കുക.
2. എല്ലാ ആഴ്ചയിലും വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
3. മേഖല സമ്മേളനങ്ങൾ നടത്തുക.
4. മേഖല, രൂപത പരിപാടികളിലുള്ള പങ്കാളിത്വം ഉറപ്പുവരുത്തുക.
5. വഴി– പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുക.

**പ്രചോദിനി 2017, ആനിമേറ്റേഴ്സ് സംഗമം**

ഓഗസ്റ്റ് മാസം നടക്കുന്ന വനിത സംഗമത്തിൽ (പ്രചോദിനി 2017) അമല ക്യാൻസർ സെന്ററുമായി സഹകരിച്ച് ക്യാൻസർ രോഗികൾക്കുവേണ്ടി കേശദാനം പരിപാടി സംഘടിപ്പിക്കാൻ തീരുമാനി ച്ചിരിക്കുന്നു. ദാനം ചെയ്യേണ്ട മുടിയുടെ നീളം കുറഞ്ഞത് 12 ഇഞ്ചാണ്. ഒരു യൂണിറ്റിൽ നിന്ന് ചുരുങ്ങിയത് 10 വനിതകളെയെങ്കിലും ഇതിനുവേണ്ടി ഒരുക്കുമല്ലോ.

**അംഗത്വ നവീകരണം 2017**

ഈ വർഷം അംഗത്വം പുതുക്കേണ്ടതും, ചേർക്കേണ്ടതും ജൂൺ, ജൂലൈ മാസങ്ങളിലാണ്. അവസാന തീയതി ജൂലൈ 31. പുതുക്കുന്നതിന് 10 രൂപയും, പുതിയ അംഗങ്ങളെ ചേർക്കുന്നതിന് 15 രൂപയും ആണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അംഗത്വ നവീകരണ ഫോം രൂപത ഓഫീസിൽ ലഭ്യമാണ്.

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം 2017 ഓഗസ്റ്റ് 26**

കന്ദമാലിലെ ക്രിസ്തീയ രക്തസാക്ഷികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ലോക ക്രൈസ്തവ പീഡനങ്ങളിലെ ക്രൈസ്ത വോചിതമായ നിലപാട് പൊതു സമൂഹത്തെ അറിയിക്കുവാനും ഈ വർഷം ഓഗസ്റ്റ് 26-ാം തീയതി ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം ആചരിക്കുന്നു.

**ആഗസ്റ്റ് - 15 ന് ക്രേസി മഡ് വോളി ബോൾ**

മേഖലയിൽ നിന്ന് രണ്ടിൽ കൂടുതൽ ടീമിനെ പങ്കെടുപ്പിക്കാം. ആദ്യം 500 രൂപ അടച്ച് വികാരിയച്ചന്റെ സാക്ഷിപത്രത്തോടൊപ്പം ഓഫീ സിൽ പേര് രജിസ്റ്റർ ചെയ്യുന്ന 20 ടീമുകൾക്കായിരിക്കും അവസരമുണ്ടാ യിരിക്കുക. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ആഗസ്റ്റ് 8. ബന്ധ പ്പെടേണ്ട നമ്പർ ജിജോ - 9947067967

**ആത്മ ജ്വാല 2017**

പരിശുദ്ധാത്മാവിന്റെ നിറവിനായ് ഒരുമിച്ച് പ്രാർത്ഥിച്ച് കാത്തി രുന്ന പരിശുദ്ധ അമ്മയോടും ശ്ലീഹൻമാരോടും ചേർന്ന് കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ യുവജനങ്ങളും പരിശു ദ്ധാത്മ അഭിഷേകം പ്രാപിക്കാൻ കാവുമന്ദം ലൂർദ്ദ്മാതാ പള്ളിയിൽ ഒരുമിച്ചു കൂടി. ജൂലൈ 3-ാം തീയതി വൈകുന്നേരം 6 മണിക്ക് രജി സ്ട്രേഷനോടുകൂടെ ആത്മജ്വാല ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 6.45 ന് നടന്ന സമ്മേളനത്തിൽ വച്ച് തരിയോട് ഫൊറോന വികാരി ബഹുമാന പ്പെട്ട ജെയിംസ് കുന്നത്തേട്ടച്ചൻ വചനം പാരായണം ചെയ്ത് വ്യാഖ്യാ നിച്ച് ജാഗരണ പ്രാർത്ഥന ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട്

ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷപ്രസംഗം നടത്തി. രൂപത ഡയറക്ടർ ബഹു. ലാൽ ജേക്കബ് പൈനുങ്കൽ അച്ചൻ ഏവരെയും സ്വാഗതം ചെയ്തു. കാവുമന്ദം പള്ളി വികാരി ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചൻ ആമുഖ പ്രഭാഷണം നടത്തി. കെ.സി. വൈ.എം. അസോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംകോട്ടിൽ, രൂപത വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജനറൽ സെക്രട്ടറി ജിഷിൻ സമ്മേളനത്തിന് നന്ദി പറഞ്ഞു. തുടർന്ന് നടന്ന ക്ലാസ്സുകൾക്കും പ്രാർത്ഥനകൾക്കും ബഹുമാനപ്പെട്ട റെജി മുതുകത്താനിയിൽ അച്ചനും ടീമംഗങ്ങളും നേതൃത്വം നൽകി. വചന ശ്രുശ്രൂഷ, കുരിശിന്റെ വഴി, പരിശുദ്ധാത്മ അഭിഷേക പ്രാർത്ഥന, പ്രെയ്സ് ആന്റ് വർഷിപ്പ് എന്നിവകൊണ്ട് സജീവമായിരുന്നു ജാഗരണ പ്രാർത്ഥന. ഞായറാഴ്ച രാവിലെ 5 മണിക്ക് ബഹുമാനപ്പെട്ട അനീഷച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ ബലിയോടുകൂടെ ജാഗരണ പ്രാർത്ഥന അവസാനിച്ചു. രൂപത സെക്രട്ടറിയേറ്റ് – സിൻഡിക്കേറ്റ് അംഗങ്ങളായ എബിൻ, റോസ് മേരി, ജിഷിൻ, ജിജോ താന്നിവേലിൽ, ജിജോ പൊടിമറ്റം, സുബിൻ, അലീന എന്നിവർ നേതൃത്വം നൽകി.

തരിയോട് മേഖലയുടെയും കാവുമന്ദം യൂണിറ്റിന്റെയും അകമഴിഞ്ഞ സഹകരണവും സാന്നിധ്യവുമാണ് പരിപാടിയെ വിജയിപ്പിച്ചതെന്ന് നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് സ്ഥലം അനുവദിച്ച മാർട്ടിൻ പുതുശ്ശേരി അച്ചനും, മേഖല പ്രസിഡണ്ട് ജിജോ പൊടിമറ്റത്തിനും അനൂപ് കൊല്ലംപറമ്പിൽ അച്ചനും ഭക്ഷണ ക്രമീകരണങ്ങൾ നടത്തിയ ആനിമേറ്റർ സി. ലിന്റ എഫ്.സി.സി, ജെറ്റീഷ്, ജോൺസൺ, അമൃത, വിനയ, അഞ്ജു എന്നിവർക്കും, എഫ്.സി.സി. സിസ്റ്റേഴ്സിനും, കാവുമന്ദം ഇടവക ജനത്തിനും രൂപത സമിതിയുടെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ജാഗരണ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്ത ബഹു. റെജി മുതുകത്താനിയച്ചനും ടീമംഗങ്ങൾക്കും നന്ദി.

**ജീവന്റെ വൃക്ഷം 2017 – പരിസ്ഥിതി ദിനാഘോഷം**

പരിസ്ഥിതി ദിനത്തിൽ ജീവന്റെ വൃക്ഷം പദ്ധതിയുമായി മാനന്തവാടി രൂപത കെ.സി.വൈ.എം. ഫ്രാൻസിസ് മാർപാപ്പായുടെ പരിസ്ഥിതിയെ സംബന്ധിച്ചുള്ള ചാക്രിക ലേഖനമായ 'ലൗ ദാത്തോ സീ' യുടെയും കർദ്ദിനാൾ ആലഞ്ചേരി പിതാവിന്റെയും നിർദ്ദേശാനുസരണം, പ്രകൃതിക്കുവേണ്ടിയുള്ള യുവജനങ്ങളുടെ കരുതലാണ് –ജീവന്റെ വൃക്ഷം പദ്ധതി. ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി ദിന സന്ദേശമായ മനുഷ്യനെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കുക എന്ന ആശയം

സ്വീകരിച്ചും കേരള സർക്കാരിന്റെ ഹരിത കേരളം പദ്ധതിയോട് സഹകരിച്ചും മാനന്തവാടി രൂപത കെ.സി.വൈ.എമ്മിന്റെ ജീവന്റെ വൃക്ഷം പദ്ധതിയിലൂടെ രണ്ടായിരത്തിലധികം വൃക്ഷതൈകൾ വിവിധ യൂണിറ്റുകളിലൂടെ വിതരണം ചെയ്തു. ജീവന്റെ വൃക്ഷം പരിപാടിയുടെ രൂപതാ തല ഉദ്ഘാടനം കാട്ടിക്കുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.ജെ.പൈലി നിർവഹിച്ചു. കെ.സി.വൈ.എം.പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. വികാരി ഫാ.തോമസ് ഒറ്റപ്ലാക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ.അനീഷ് കാട്ടാംകോട്ടിൽ, റോസ് മേരി, ജിജോ പൊടിമറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

**സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്**

മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന 39-മത് സംസ്ഥാന അർദ്ധ വാർഷിക സെനറ്റിൽ അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ, ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്, രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, വൈസ്സ് പ്രസിഡണ്ട് റോസ് മേരി തേറുകാട്ടിൽ, ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, കോർഡിനേറ്റർ ജിജോ പൊടിമറ്റം, ട്രഷറർ സുബിൻ, സംസ്ഥാന സിൻഡിക്കേറ്റംഗം സ്റ്റെല്ല ഫ്രാൻസിസ് എന്നിവർ പങ്കെടുത്ത് രൂപതയുടെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

**മീഡിയ വർക്ക് ഷോപ്പ് സെമിനാർ**

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കോട്ടയത്തുവച്ച് നടന്ന മീഡിയ വർക്ക് ഷോപ്പിൽ രൂപത വൈസ്സ് പ്രസിഡണ്ട് റോസ് മേരി തേറുകാട്ടിൽ പങ്കെടുത്തു.

**മറീന – സംസ്ഥാന തീരദേശ ക്യാമ്പ്**

കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ മുനമ്പം ബീച്ചിൽ വച്ച് നടന്ന മറീന തീരദേശ ക്യാമ്പിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതാംഗം അഖിൽ പള്ളത്ത് പങ്കെടുത്തു.

**മേഖല വാർത്തകൾ**

**നടവയൽ മേഖല**

കെ.സി.വൈ.എം. നടവയൽ മേഖല മെയ് 31 ന് പുകയില വിരുദ്ധ ദിനമായി ആചരിച്ചു. കമ്പളക്കാട്, പനമരം എന്നീ ടൗണുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകയും വാട്സ്ആപ്പ് പോസ്റ്റുകളും മറ്റും പോസ്റ്റ് ചെയ്തു. പ്രസിഡണ്ട് ദീപക്, സെക്രട്ടറി അനില, അനു, അജിൻ, സുബിൻ എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് വാർത്തകൾ**

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയ നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുത്ത് നടത്തി. മെയ് 21 ന് ചുള്ളിയാനയിൽ വച്ച് നടന്ന ഫുട്ബോൾ ടൂർണ്ണ മെന്റിൽ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടറുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**തൃശ്ശിലേരി**

യൂണിറ്റിന്റെ ഫണ്ട് സമാഹരണത്തിനായി അച്ചടിച്ച സമ്മാന കൂപ്പൺ കാരുണ്യ 2017 നറുക്കെടുപ്പ് മെയ് 7 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. സംഘടനയുടെ വാർഷികം 29-ാം തീയതി ആഘോഷിച്ചു. കെ.സി.വൈ.എമ്മി.ന്റെ നേതൃത്വത്തിൽ പണി യുന്ന വീടിന്റെ പണി പുനരാരംഭിച്ചു. അംഗങ്ങളുടെ ഇടയിൽ സഹകര ണവും സൗഹൃദവും വളർത്തുവാനായി 23-ാം തീയതി കണ്ണൂർ വിസ്മയ പാർക്കിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിച്ചു. 28-ാം തീയതി അംഗത്വ നവീകരണം നടത്തി. തിരുമുറ്റത്ത് 2017 ന്റെ കീഴിൽ പള്ളിയിലെ ഇഞ്ചി കൃഷിയുമായ് സഹകരിച്ച് പ്രവർത്തിച്ചു.

**മംഗളം യൂണിറ്റ്**

പന്തക്കുസ്ത തിരുനാൾ ദിനത്തിൽ വൈകുന്നേരം 37 കെ.സി. വൈ.എം. അംഗങ്ങൾ ബഹുമാനപ്പെട്ട വിനോദ് പാക്കാനിക്കുഴിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു. പന്തിപൊയിൽ ഇടവകയിൽ നിന്നും ധാരാളം യുവജനങ്ങൾ ആരാധ നയിൽ പങ്കെടുത്തു. ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ 23000 രൂപ വിലയുള്ള നല്ല ഇടയന്റെ രൂപം ഇടവകയ്ക്കു സമ്മാന മായി നൽകി.

**കല്ലോടി യൂണിറ്റ്**

3 വർഷക്കാലം കല്ലോടി ഇടവകയിൽ സേവനം അനുഷ്ഠിച്ച റവ. ഫാ. ജോസ് കൊച്ചറയ്ക്കലിനും ഒരു വർഷക്കാലം ഇടവകയിൽ സേവനം ചെയ്ത അസി. വികാരി റവ. ഫാ. അനീഷ് കാട്ടാത്തിനും പ്രാർത്ഥനാ നിർഭരമായ യാത്രയയപ്പ് നൽകി. കെ.സി.വൈ.എം. മുൻ യൂണിറ്റ് പ്രസിഡണ്ട് ആൽബിൻ ചെറുപ്ലാവിന്റെ ആദ്യവ്രത വാഗ്ദാന ചടങ്ങിൽ കെ.സി.വൈ.എം. ആനിമേറ്റർ സി. ജെസ്സിൻ ജോസ് എഫ്.സി.സി പങ്കെടുത്ത് അഭിനന്ദനങ്ങൾ അറിയിച്ചു.

**ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ**

ജനറൽ സെക്രട്ടറി

## കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 26 മുതൽ 29 വരെ നടന്ന കോഴ്സിൽ 118 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ജൂലൈ | 21 –24 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 11 –14 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 25 –28 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**നന്ദി**

മുൻ വർഷങ്ങളിൽ ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച റവ. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി (ബത്തേരി), റവ.ഫാ.ജെയിംസ് കുന്നത്തേട്ട് (ചുങ്കക്കുന്ന്), റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ (മാനന്തവാടി), റവ. ഫാ. ചാണ്ടി പുനക്കാട്ട് (പയ്യമ്പള്ളി), റവ. ഫാ. ജോഷി പുൽപ്പയിൽ (മുള്ളൻകൊല്ലി), റവ. ഫാ. തോമസ് പരുന്തനോലിൽ (കൽപ്പറ്റ), റവ. ഫാ. വിൻസന്റ് കൊരട്ടിപ്പറമ്പിൽ (നിലമ്പൂർ), റവ. ഫാ. ജോസ് കപ്യാരുമലയിൽ (കല്ലോടി) എന്നീ അച്ചൻമാരെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു.

**മാതൃവേദി**

**മേഖലാ ഭാരവാഹി സംഗമം**

മാതൃവേദി മേഖലാ ഭാരവാഹികളുടെ മീറ്റിംഗ് 10-06-2017 -ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. 45 പേർ പങ്കെടുത്തു. മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രത്യേക നിർദ്ദേശങ്ങൾ നൽകി. മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. ഡയറക്ടർ അച്ചൻമാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**സീയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനം**

ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽ ജൂലൈ മാസം 16 മുതൽ 20 വരെ ഭാര്യയോ ഭർത്താവോ മരിച്ചു പോയവർക്ക് വേണ്ടി പ്രത്യേക ധ്യാനം നടത്തുന്നുണ്ട്. പങ്കെടുക്കേണ്ടവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. പ്രസ്തുത കാര്യം ഇടവകയിൽ അറിയിക്കുമല്ലോ.

**കല്ലോടി മേഖല**

12-5-2017-ന് ദീപ്തിഗിരിയിൽ വച്ച് എക്സിക്യൂട്ടിവ് ചേർന്നു. കഴിഞ്ഞ വർഷങ്ങളിൽ മേഖലയ്ക്ക് വേണ്ടി സേവനം ചെയ്ത റവ. ഫാ. ജോസ് കപ്യാരുമലയിൽ അച്ചന് യാത്രയയപ്പു നൽകി.

**പയ്യമ്പള്ളി മേഖല**

11-5-2017 -ന് എക്സിക്യൂട്ടിവ് മീറ്റിംഗ് മേരിമാത കോളേജിൽ വച്ച് നടത്തി. ബഹു. ചാണ്ടി അച്ചന് യാത്രയയ്പ്പ് നൽകി. ബഹു. ചാണ്ടി അച്ചന്റെ നേതൃത്വത്തിൽ പാലയൂർ, പാവർട്ടി എന്നീ പള്ളികളിലേക്ക് തീർത്ഥാടനം നടത്തി.

**കോട്ടത്തറ**

മാതാവിന്റെ വണക്കമാസാചരണത്തിന്റെ ഭാഗമായി വണക്ക മാസ പുസ്തകം എല്ലാ വീടുകളിലും എത്തിച്ചു. രോഗികളെ ആശുപത്രികളിലും വീടുകളിലും പോയി സന്ദർശിച്ചു.

**തൃശ്ശിലേരി**

മെയ് 17 -ന് പള്ളിയുടെ സുവർണ്ണ ജൂബിലി ഉദ്ഘാടനവും വൈദികമന്ദിരം വെഞ്ചരിപ്പും നടന്നു. പൊതുപ്പണിയിൽ എല്ലാവരും സഹകരിച്ചു. 14 -ന് നടന്ന പ്രൊ-ലൈഫ് സെമിനാറിലും, ഭക്ത സംഘടനകളുടെ വാർഷികാഘോഷത്തിലും സജീവമായി പങ്കു കൊണ്ടു.

**അപ്പപ്പാറ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ പള്ളിയുടെ പരിസരത്ത് പച്ചക്കറിത്തോട്ടം നിർമ്മിച്ചു. വൃക്ഷതൈകൾ നട്ടു.

**നെല്ലിയോടി**

കുടുംബത്തിൽ എങ്ങനെ പ്രാർത്ഥന സജീവമാക്കാം, മദ്യവർജ്ജന പരിപാടിയിൽ അമ്മമാരുടെ പങ്ക് എന്നീ വിഷയങ്ങളെക്കുറിച്ച് വാർഡുകളിൽ ചർച്ചാ ക്ലാസ്സ് നടത്തി. ക്ലാസുകൾക്ക് ആനിമേറ്റർ സിസ്റ്റർ നേതൃത്വം നൽകി. മദ്യവർജ്ജന പരിപാടികളുടെ വിജയത്തിനായി അമ്മമാർ ദിവ്യബലി, ജപമാല, കരുണകൊന്ത, ഉപവാസം എന്നിവ ഒരുവർഷത്തേക്ക് വാഗ്ദാനം

ചെയ്തു. പന്തക്കുസ്താ തിരുനാളിന് ഒരുക്കമായി വാർഡുകളിൽ ദിവ്യബലിയും അതിനുശേഷം വാർഡുതലത്തിൽ കുട്ടികളുടെയും മാതാപിതാക്കളുടെയും കലാപരിപാടികളും നടത്തി. പന്തക്കുസ്താ തിരുനാളിന് രാത്രി 11 മുതൽ 12 മണി വരെ നടത്തിയ ജാഗരണ പ്രാർത്ഥനയിലും 12 മണിക്കുള്ള ദിവ്യബലിയിലും അമ്മമാർ സജീവമായി പങ്കെടുത്തു. അന്നേദിനം കുഞ്ഞുങ്ങളെ പള്ളിയിൽ എഴുത്തിനിരുത്തി.

**പൂക്കോട്ടുംപാടം**

മാതൃവേദി മീറ്റിംഗിൽ തിരുഹൃദയ ജപമാല ആരംഭിച്ചു. വി. ജാന്നയുടെയും വി. ഗീവർഗ്ഗീസിന്റെയും തിരുനാൾ സംയുക്തമായി ആചരിച്ചു. ഏപ്രിൽ 9 –ന് മലയാറ്റൂർ തീർത്ഥാടനം നടത്തി. മാതാവിന്റെ വണക്കമാസം, തിരുഹൃദയ വണക്കമാസം എന്നീ പുസ്തകങ്ങൾ എല്ലാ ഭവനങ്ങളിലും എത്തിച്ചു. 32000/– രൂപ വിവാഹ സഹായമായി നൽകി. ബഹു. വിൻസന്റ് അച്ചന് യാത്രയയപ്പു നൽകി.

**മരിയൻ സിംഗിൾസ്**

ജൂൺ 12 –ന് മീറ്റിംഗിൽ 12 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ് എച്ച് നേതൃത്വം നൽകി. അടുത്ത മീറ്റിംഗ് ജൂലൈ 17 –ന്.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ജൂൺ 2 വെള്ളി – ടീം മീറ്റിംഗ്**

2017 ജൂൺ 2 ന് നടന്ന ടീം മീറ്റിംഗിൽ 65 ശുശ്രൂഷകർ പങ്കെടുത്തു. പ്രാർത്ഥനാ ശുശ്രൂഷയ്ക്കുശേഷം ബഹു. സോണിയച്ചൻ നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി. ഒരുക്ക ശുശ്രൂഷകൾക്കുശേഷം ജാഗരണപ്രാർത്ഥന ആരംഭിച്ചു. 12 മണിക്ക് ആരാധന അവസാനിച്ചു.

**ജൂൺ 3 ശനി – കൺവെൻഷൻ ദിനം**

ജൂൺ 3 ന് 6 മണിക്ക് സീയോൻ ശുശ്രൂഷകർ സീയോൻ ഹാളിൽ പരി. അമ്മയുടെ സന്നിധിയിൽ ഒരുമിച്ചുകൂടി. വിവിധ നിയോഗങ്ങളോടെ ജപമാല പ്രദക്ഷിണം നടത്തി. ബഹു. സോണിയച്ചൻ സീയോൻ ഹാളും പരിസരവും വിശുദ്ധ ജലം തളിച്ച് വെഞ്ചരിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.45 ന് ശുശ്രൂഷകൾ ആരംഭിച്ചു. പ്രഭാതപ്രാർത്ഥന, ജപമാല, സ്തുതി ആരാധന എന്നിവയ്ക്കുശേഷം 11 മണിക്ക് ബഹു. ഡയറക്ടറച്ചൻ വചനപ്രഘോഷണം നടത്തി. 12 മണിക്ക് പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. പോൾ വാഴപ്പള്ളി അച്ചൻ വി. കുർബാന അർപ്പിച്ചു. കുമ്പസാരവും സ്പിരിച്ചൽ ഷെയറിംഗും നടന്നു. ലഘുഭക്ഷണശേഷം അനുഭവസാക്ഷ്യം പങ്കുവച്ചു. തുടർന്ന് ദിവ്യകാരുണ്യആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവയ്ക്കുശേഷം 3 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ജൂൺ 10 രണ്ടാംശനി – പൊതുസ്പിരിച്ചൽ ഷെയറിംഗ് ദിനം**

തലേദിവസം പ്രാർത്ഥിച്ചൊരുങ്ങിയ കൗൺസിലേഴ്സ് അഭിഷേകത്തോടെ ശുശ്രൂഷയ്ക്കായി കടന്നുവന്നു. 82 പേർ വന്ന് ആത്മീയ പങ്കുവെക്കൽ നടത്തുകയും ആന്തരിക ശാരീരിക സൗഖ്യം നേടി തിരിച്ചുപോവുകയും ചെയ്തു.

**ജൂൺ 9 തൂവാനീസ**

ദൈവത്തിന്റെ ഹിതം നിറവേറ്റുന്നവരാരോ അവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മർക്കോ. 3:35)

സ്ത്രീകളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്ത യേശുവിന്റെ കാൽപാടുകളെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയായ

'തൂവാനീസ' ജൂൺ 9 ന് സീയോൻ ചാപ്പലിൽ വച്ച് നടന്നു. ബഹു. ജോസഫ് വള്ളോപ്പള്ളിയച്ചൻ വി.കുർബാനയർപ്പിച്ചു. ബഹു. സോണി യച്ചൻ മാതൃത്വത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് വളരെ ഹൃദയസ്പർശി യായ വിധം ക്ലാസ് നൽകി.

**ജൂൺ 16 മൂന്നാം വെള്ളി – ജാഗരണ പ്രാർത്ഥന**

സീയോൻ ചാപ്പലിൽ വച്ച് ജൂൺ 16–ാം തീയതി 6 pm മുതൽ 6 am വരെ ജാഗരണപ്രാർത്ഥന നടന്നു.

**തിരുഹൃദയ സ്നേഹാനുഭവ ധ്യാനം**

ജൂൺ 18–22 തീയതികളിൽ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് തിരുഹൃദയസ്നേഹാനുഭവധ്യാനം നടത്തപ്പെട്ടു.

**ക്രിസ്റ്റീൻ ധ്യാനം**

5–12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ക്രിസ്റ്റീൻ ധ്യാനം കാരക്കാമല സെന്റ് മേരീസ് പള്ളിയിൽ വെച്ച് മെയ് 28–31 തീയതികളിൽ നടത്തപ്പെട്ടു. 180 കുട്ടികൾ ധ്യാനത്തിൽ സംബന്ധിച്ചു. ക്രിസ്റ്റീൻ രൂപതാ ഡയറക്ടർ ബഹു. വർഗീസ് ചിറ്ററക്കൽ അച്ചൻ നേതൃത്വം നൽകി.

**സിയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 31 | – | സീയോൻ ടീം മീറ്റിംഗ്, കൺവെൻഷൻ ഒരുക്കം |
| ജൂലൈ 1 | – | ആദ്യശനി ഏകദിനകൺവെൻഷൻ |
| ജൂലൈ 8 | – | രണ്ടാംശനി – പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| ജൂലൈ 14 | – | രണ്ടാം വെള്ളി – തൂവാനീസ |
| ജൂലൈ 15 | – | ഓസ്സാനാംഭവൻ ഏകദിന ശുശ്രൂഷ |
| ജൂലൈ 21 | – | മൂന്നാം വെള്ളി – ജാഗരണപ്രാർത്ഥന |
| ജൂലൈ 16–20 | – | വിധവകൾക്കും വിഭാര്യർക്കുമുള്ള ധ്യാനം |
| ജൂലൈ 22 | – | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ

# സാമൂഹ്യ സേവനരംഗം (WSSS)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന സമഗ്ര ആദിവാസി വികസന സമിതി കാര്യക്ഷമമായി മുന്നേറുന്നു. ഈ മാസം എടത്തന, എടമുണ്ട, കാവിൽപാടം കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തപ്പെട്ടു. കൂടാതെ 7 സ്വാശ്രയ സംഘങ്ങളിൽ കുടുംബസമ്മേളനങ്ങൾ സംഘടിപ്പിച്ചു. പങ്കാളികളായ കർഷകർക്കു നൽകുവാനുള്ള കാപ്പി, കുരുമുളക് എന്നിവയുടെ ആവശ്യകതയുമായി ബന്ധപ്പെട്ട കണക്കെടുപ്പ് ഈ മാസം പൂർത്തീകരിച്ചു. ജൂൺ മാസത്തിൽ ആവശ്യമായ തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

**സന്ദർശിച്ചു**

നബാർഡ് സമഗ്ര ആദിവാസി വികസന പ്രവർത്തനങ്ങൾ മനസിലാക്കുന്നതിന് കാസർഗോഡ് സെന്റർ ഫോർ റൂറൽ ഡെവലപ്പ്മെന്റിലെ പ്രവർത്തകരും ആറളം ആദിവാസി വികസന പദ്ധതിയിലെ വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളും WSSS ൽ സന്ദർശനം നടത്തി. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ് പദ്ധതി വിശദീകരിച്ചു. ടീം അംഗങ്ങൾ എടമുണ്ട കോളനി സന്ദർശിച്ചു.

**WSSS കുടുംബത്തിലേക്ക് സ്വാഗതം**

രൂപതയുടെ സാമൂഹിക വികസന പ്രവർത്തനങ്ങളുടെ കോ-ഓഡിനേറ്ററായി നിയമിതനായിരിക്കുന്ന റവ. ഫാ. പോൾ കൂട്ടാലയേയും WSSS ന്റെ അസോസിയേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഫാ. ജിനോ പാലത്തടത്തിൽ, നിലമ്പൂർ മേഖല ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഫാ. ജോസഫ് പീച്ചാട്ടിനെയും WSSS കുടുംബത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**കൃഷിജലദൂത് – ജില്ലാതല പരിശീലനം**

ജലം ജീവനാണ്, ജലസംരക്ഷം യജ്ഞം ജില്ലാ പരിശീലനം 2017 മെയ് 12 വെള്ളിയാഴ്ച WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കൃഷി ജലദൂത് പദ്ധതിയുടെ ജില്ല മാസ്റ്റർ ട്രെയിനി എൻ.ജെ. ചാക്കോ സ്വാഗതം ആശംസിച്ചു. നബാർഡ് ജില്ലാ AGM ശ്രീ. എൻ. സജികുമാർ അദ്ധ്യക്ഷത വഹിച്ചു. ജലസംരക്ഷണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ

കുറിച്ച് സംസാരിച്ചു. ഉദ്ഘാടനം ശ്രീമതി പ്രീതാ ശശി (വൈസ് ചെയർമാൻ, മാനന്തവാടി മുൻസിപ്പാലിറ്റി) നിർവ്വഹിച്ചു. മുഖ്യ സന്ദേശത്തിൽ ശ്രീ. പി. എ. ജോസ് (പ്രോഗ്രാം ഓഫീസർ WSSS മാനന്തവാടി) ഗ്രാമതലങ്ങളിൽ ജലസമൃദ്ധി കൈവരിക്കുവാൻ നാം എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് വിശദീകരിച്ചു. ശ്രീ. അൻസാർ (മുൻസിപ്പൽ കൗൺസിലർ മാനന്തവാടി) ശ്രീ. പി.ഒ. ജോയി (Flame Kerala) ശ്രീമതി ബിനി തോമസ് (ശ്രേയസ്) എന്നിവർ ആശംസകൾ നേർന്നു. ആലീസ് സിസിൽ കൃതജ്ഞതയർപ്പിച്ചു. 11.30 ന് ജലസംരക്ഷണം ഗ്രാമതലങ്ങളിൽ എന്ന വിഷയത്തെക്കുറിച്ച് ശ്രീ. പി.എ. ജോസ് ക്ലാസ്സ് നയിച്ചു.

ഉച്ചഭക്ഷണത്തിന് ശേഷം ജലവിഭവ ഭൂപടം തയ്യാറാക്കൽ പ്രായോഗിക പരിശീലനവും ഗ്രൂപ്പ് വർക്കും നടന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ടു പോകുന്നു. നിലവിൽ 334 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നു സഹായം സ്വീകരിച്ചു വരുന്നു.

സേവ് എ ഫാമിലി പ്ലാൻ ഐശ്വര്യഗ്രാമം കാലടിയിൽ മെയ് 9,10,11 തീയതികളിലായി നടത്തിയ വാർഷികാവലോകന യോഗത്തിൽ സേവ് എ ഫാമിലി കോ-ഓർഡിനേറ്റർ സി. ആനി പങ്കെടുത്തു.

പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി, മാനന്തവാടി, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽപ്പെട്ട ഇടവകകളിൽ സേവ് എ ഫാമിലി പ്ലാനിലേയ്ക്ക് കുടുംബങ്ങൾക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ജലം ജീവനാണ് ജലസംരക്ഷണ യജ്ഞം വയനാട് ജില്ലയിലും**

നബാർഡും സെന്റർ ഫോർ എൺവിറോൺമെന്റ് എഡ്യൂക്കേഷനും സംയുക്തമായി നടപ്പാക്കുന്ന ജലം ജീവനാണ് ജലസംരക്ഷണ യജ്ഞം പദ്ധതിയുടെ ജില്ലാ നോഡൽ ഏജൻസിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെയും മാസ്റ്റർ ട്രെയിനിയായി എൻ. ജെ. ചാക്കോയെയും തിരഞ്ഞെടുത്തു. വയനാട് ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകളിലും 3 മുൻസിപ്പാലിറ്റിയിലുമായി 419 വാർഡുകളിൽ ജലസംരക്ഷണ യജ്ഞം (Water Campaign) നടത്തുന്നത് സപ്പോർട്ടിംഗ് ഏജൻസികളായി ശ്രേയസ് (4 പഞ്ചായത്ത്), സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ (4 പഞ്ചായത്ത്), ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (4 പഞ്ചായത്ത്) ഫ്ളെയിം കേരള (2 പഞ്ചായത്ത്) എന്നിവരെ തിരഞ്ഞെടുക്കുകയും ഓരോ പഞ്ചായത്തിലും പദ്ധതിയുടെ നടത്തിപ്പിനായി

രണ്ട് വീതം ജലദൂതുമാരെ കണ്ടെത്തുകയും ചെയ്തു. ഗ്രാമങ്ങളിൽ ജലസമൃദ്ധിക്കായുള്ള പദ്ധതികൾ ഗ്രാമവാസികളുടെ സഹകരണത്തോടെ ജലവിഭവ ഭൂപടം തയ്യാറാക്കി ജലസംവാദത്തിലൂടെ കണ്ടെത്തുന്ന തീരുമാനങ്ങൾ റിപ്പോർട്ടാക്കി സമർപ്പിക്കുകയും ജലസംരക്ഷണത്തിന്റെ ആവശ്യകത ഗ്രാമവാസികൾക്ക് മനസിലാക്കി കൊടുക്കുകയുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

**നാടൻകുരുമുളക് സംരക്ഷണ പദ്ധതി**

വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ബോയ്സ് ടൗണിൽ നടപ്പിലാക്കുന്ന നാടൻ കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു.

കഴിഞ്ഞമാസം പദ്ധതിയോടനുബന്ധിച്ചുള്ള പ്രാഥമിക സർവ്വേ പേരിയ, എള്ളുംമന്ദം, എടമുണ്ട എന്നിവിടങ്ങളിൽ നടന്നു. ഐമ്പിരിയൻ, പെരുംകൊടി, കരിങ്കോട്ട തുടങ്ങിയ ഇനങ്ങൾ നടീൽ വസ്തുക്കളായി ശേഖരിച്ചു. ശേഖരിച്ച നടീൽ വസ്തുക്കൾ ബോയ്സ് ടൗണിൽ സജ്ജമാക്കിയിട്ടുള്ള നഴ്സറിയിൽ നട്ടുവളർത്തി കുരുമുളക് തോട്ടം നിർമ്മിക്കുന്നതിനുള്ള തണ്ടുകാലുകൾ നിർമ്മിച്ചു. സ്ഥായിയായ കാലുകൾ (Permanant pillars) ഉണ്ടാക്കുന്നതിനോടൊപ്പം കുരുമുളകിനങ്ങൾ നടുവാനുള്ള സിൽവർ തൈകൾ നടുന്നതിനുള്ള പണികൾ ആരംഭിച്ചു. 40 ൽ പരം കുരുമുളകിനങ്ങളുടെ തൈകൾ നഴ്സറിയിൽ തയ്യാറാക്കിവരുന്നു. പാരമ്പര്യ കുരുമുളകിനങ്ങളുടെ ലഭ്യതയിൽ വൈഷമ്യം നേരിടുന്നതിനാൽ ഓരോ ഇനങ്ങളുടെയും മാതൃസസ്യങ്ങൾ നഴ്സറിയിൽ നട്ടുവളർത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.

നിലവിലുള്ള ഔഷധസസ്യതോട്ടത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചില അപൂർവ്വയിനങ്ങളായ മഞ്ജുഷ, ഓരിലത്താമരം, ചുവന്ന കൊടുവേലി തുടങ്ങിയ ഇനങ്ങൾ നടയ്ക്കൽ, മക്കിമല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞു.

കുരുമുളക് പദ്ധതിയോടനുബന്ധിച്ചുള്ള കിഴങ്ങുവർഗ്ഗങ്ങളുടെയും, വിവിധ നാടൻ വാഴ ഇനങ്ങളുടെയും ശേഖരം നിർമ്മിക്കുന്നതിനുള്ള നടീൽ വസ്തുക്കളുടെ ശേഖരണവും ആരംഭിച്ചിട്ടുണ്ട്.

## DDU-GKY

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും

സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴുസുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ, ബി പി ഓ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. താല്പര്യമുള്ളവർ എത്രയും വേഗം WSSS മായി ബന്ധപ്പെടുക.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താല്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

**വികാസ്പീഡിയ**

വിജ്ഞാനം സംഘടിത വിജ്ഞാന ശാക്തീകരണത്തിലൂടെ എന്ന ലക്ഷ്യത്തിലേക്കായി കഴിഞ്ഞ വർഷം ആരംഭിച്ച് ചുരുങ്ങിയ കാലയളവിൽ വിവര സാങ്കേതിക വിദ്യയുടെ വിളനിലമായ ഇന്റർനെറ്റിലെ ശ്രദ്ധേയമായ ഒരു വെബ്സൈറ്റായി തീർന്നിരിക്കുന്ന വികാസ് പീഡിയ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രാദേശിക ഭാഷയിൽ സാധാരണ ജനങ്ങളിലേക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവുകൾ പകർന്നു നൽകുവാനായി കേന്ദ്ര ഗവൺമെന്റ് സി-ഡാകിന്റെ സഹായത്തോടെ സംസ്ഥാനങ്ങളിൽ 23 ഭാഷകളിലേറെ ലഭ്യമാക്കി വരുന്ന വികാസ് പീഡിയ പോർട്ടലിന്റെ മലയാള വിഭാഗമായ വികാസ്പീഡിയ കേരള അഭിമാനാർഹമായ സംഭാവനകളാണ് കഴിഞ്ഞ 34 മാസക്കാലമായി കേരള സമൂഹത്തിനും മലയാള ഭാഷാ വിജ്ഞാന ശാഖയ്ക്കും നൽകി വരുന്നത്.

മാധ്യമ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവര ശേഖരണവും വിവരവിനിമയവും പങ്കുവയ്ക്കലും സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിലേക്കായി പ്രധാനമായും ആറു വിഭാഗങ്ങളിലായി വിഭജിച്ചിരിക്കുന്ന ഉള്ളടക്കത്തെ ഓരോ ദിവസവും പുതിയ അറിവുകളുടെ കൂട്ടിച്ചേർക്കൽ, നിലവിലുള്ള ഉള്ളടക്കങ്ങളുടെ പുനപരിശോധനയും പുതുക്കലും വഴി വിശ്വാസ്യത ഉറപ്പാക്കുന്നു. ഇതിനായി ഓരോ വിഷ

യങ്ങളിലും വിദഗ്ദരായവരുടെ പ്രത്യേക പാനൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ പ്രധാന വിഭാഗങ്ങളും ഉപവിഭാഗങ്ങളിലുമായി താഴെ പറയുന്ന വിവരങ്ങൾ വികാസ്പീഡിയയിൽ എല്ലാവർക്കും ലഭ്യമാക്കിയിരിക്കുന്നു. സമൂഹവികസനത്തിന് കാതലായ മാറ്റങ്ങൾ വരുത്തുന്ന ഒട്ടനവധി അറിവുകളും വിവരങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും അടങ്ങുന്നതാണ്.

വിവരസാങ്കേതിക വിദ്യയും മാധ്യമങ്ങളും ഉപയോഗിച്ച് സർക്കാർ ഡിപ്പാർട്ടുമെന്റും സർക്കാർ ഇതര സംഘടനകളുമായി സഹകരിച്ച് വികാസ് പീഡിയയുടെ പ്രചാരണത്തിനും ഉള്ളടക്ക ശേഖരണത്തിനുമായി ശില്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രചാരണ സ്റ്റാളുകൾ നടത്തപ്പെട്ടുവരുന്നു. ഒപ്പം തന്നെ കേരളത്തിലെവിടെയും നടത്തപ്പെടുന്ന പൊതുപരിപാടികളിലും സെമിനാറുകളിലും വികാസ് പീഡിയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**ജലനിധി**

17-6-2017 ന് എടവക ഗ്രാമപഞ്ചായത്തിന്റെ സ്വരാജ് ഹാളിൽ വച്ച് ജലനിധി പദ്ധതികളുടെ അവലോകനയോഗം നടന്നു. യോഗത്തിൽ എടവക ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ജിൽസൺ തൂപ്പുംകര അദ്ധ്യക്ഷത വഹിച്ചു. കെ.ആർ.ഡബ്ല്യൂ എസ്.എ കണ്ണൂർ റീജ്യണിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മാനേജർ ശ്രീ. ജോർജ്ജ് മാത്യൂവും WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ഫാ. പോൾ കൂട്ടാല എന്നിവർ സംബന്ധിച്ചു. എടവക ഗ്രാമപഞ്ചായത്തിലെ എല്ലാ പദ്ധതികളും നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി യോഗം വിലയിരുത്തി.

**ജനകീയസംഘാടനം**

സോഷ്യൽവെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ തുടരുന്നു. വനിതസ്വാശ്രയങ്ങൾക്ക് വായ്പാസബ്സിഡി ലഭ്യമാകുന്ന സമുന്നതി അപേക്ഷ സമർപ്പിച്ചു. സെക്രട്ടറി CDO മീറ്റിംഗ് സംഘടിപ്പിച്ചു. ക്യാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു. ജലസംരക്ഷണ പദ്ധതിയുമായി SWS സഹകരിക്കുന്നു. പതിനൊന്ന് ഗ്രൂപ്പുകൾക്ക് ലോൺ പുതുക്കി ലഭിക്കുകയും ഒരു ഗ്രൂപ്പിന് പുതുതായി ലോൺ ലഭിക്കുകയും ചെയ്തു. ആശാകിരണം പദ്ധതിയുടെ അടിസ്ഥാനതല പ്രവർത്തനങ്ങൾ സോഷ്യൽവെൽഫയർ സൊസൈറ്റികളിലൂടെ നടന്നുവരുന്നു. കുടനിർമ്മാണം, സോപ്പുൽപ്പന്ന നിർമ്മാണം, ചവിട്ടി നിർമ്മാണം തുടങ്ങിയവയിൽ വിവിധ ഇടങ്ങളിൽ പരിശീലനം നൽകി.

**ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതി മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ വരുത്തുന്നു. ക്യാൻസർ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുന്നിൽ വച്ചാണ് ആശാകിരണം പ്രവർത്തിക്കുന്നത്.

2017 മെയ് 20 ന് WSSS ഓഡിറ്റോറിയത്തിൽ ഡോ. സുധാകർ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ് നയിച്ചു.

ഇടയൂർക്കുന്ന്, തവിഞ്ഞാൽ, പുൽപ്പള്ളി, കൊട്ടിയൂർ മേഖലകളിൽ പ്ലാസ്റ്റിക് നിർമ്മാർജനം, കുടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. കബനിഗിരി, ചുങ്കക്കുന്ന്, തവിഞ്ഞാൽ എന്നീ SWS കളിൽ ആശാകിരണം പദ്ധതിയുടെ ഉദ്ഘാടനം നടത്തി. ആശാകിരണം പദ്ധതിയുടെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ ക്യാൻസർ സുരക്ഷ സെമിനാറുകൾ നടത്തി വരുന്നു.

**കേരളലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർമൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**രജിസ്ട്രേഷൻ**

കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിൽ വൈത്തിരി താലൂക്കിലും ബത്തേരി താലൂക്കിലും പുതിയ രജിസ്ട്രേഷൻ നടന്നു. 2008 –ലെ കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട് അനുസരിച്ച് നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധിയാണ് ചെറുകിടതോട്ടം തൊഴിലളി ക്ഷേമനിധി.

5 ഹെക്ടർ വിസ്തീർണ്ണത്തിൽ കുറവായതും ഒന്നോ അതിലധികമോ തൊളിലാളികളെ ജോലിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ തോട്ടമാണ് ഉൾപ്പെടുന്നത്. റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, കശുവണ്ടി തോട്ടങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വിസ്തീർണ്ണം അര ഹെക്ടറിൽ കൂടാതെ സ്വന്തം ചെറുകിട തോട്ടത്തിൽ സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഇതിൽ ഉൾപ്പെടാം. 20 വയസ്സു മുതൽ 53 വയസ്സ് വരെ ക്ഷേമനിധിയിൽ അംഗത്വമെടുക്കാം.

**ആനുകൂല്യങ്ങൾ**

പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാസഹായം, മരണാനന്തര സഹായം, ഒരു വർഷം 40x12 = 480 രൂപയാണ് അംശാദായം അടയ്ക്കേണ്ടത്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

KLM എക്സിക്യൂട്ടീവ് മീറ്റിംഗ് 26-5-17 ന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. KLM രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയ്ക്കുന്നേൽ സ്വാഗതവും KLM State President ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷതയും വഹിച്ചു. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ഫാ. പോൾ കൂട്ടാല, ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ പങ്കെടുത്തു. ക്ഷേമനിധികൾ പ്രത്യേകം അക്കൗണ്ട് ഓപ്പൺ ചെയ്യാനും ക്ഷേമനിധിയെക്കുറിച്ചുള്ള ബ്രോഷർ വിതരണം ചെയ്യാനും അംഗത്വഫീസ് വർദ്ധിപ്പിക്കാനും തീരുമാനമെടുത്തു.

കേരളാ ലേബർ മൂവ്മെന്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനശൈലിയെക്കുറച്ചും KLM State President ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലും, രൂപതയിൽ KLM ന്റെ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് കോർഡിനേറ്റർ മിനിയും വിശദീകരിച്ചു. KLM വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി മാത്യു നന്ദി പറഞ്ഞു.

നിലവിൽ അംഗത്വമെടുത്തവരുടെ പാസ്സ് ബുക്ക് കൽപ്പറ്റ, മാനന്തവാടി, പ്ലാന്റേഷൻ ഓഫീസിൽ വന്നിട്ടുണ്ട്. ഐ.ഡി.കാർഡ്, ഫോട്ടോ എന്നിവ സഹിതം അംഗങ്ങൾ നേരിട്ട് കൈപ്പറ്റേണ്ടതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ മെയ് മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു. പദ്ധതിയിലേക്ക് ഡിസംബർ മാസം പുതുതായി 104 കർഷകർ അംഗങ്ങളായി. ഇവരെ ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളാക്കി തിരിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉല്പ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫാം ക്ലബ്ബ്കളിൽ നടക്കുകയും മീറ്റിംഗുകളിൽ റീജിയണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**വില്ലേജ് ഫാം ക്ലബ്ബ് തെരഞ്ഞെടുപ്പ്**

പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ ഗ്രൂപ്പുകളിൽ പുതിയ ലീഡറെ തെരഞ്ഞെടുക്കുന്നതിനുള്ള ഇലക്ഷൻ പൂർത്തീകരിച്ചു. മുഴുവൻ ഗ്രൂപ്പ് മീറ്റിംങ്ങുകളിലും ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ പങ്കെടുക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**റീജിയണൽ ഫെഡറേഷൻ കമ്മിറ്റി തെരഞ്ഞെടുപ്പ്**

വില്ലേജ് ഫാം ക്ലബ്ബ് ലീഡർമാരുടെ പ്രാദേശിക കൂട്ടായ്മയായ റീജിയണൽ ഫെഡറേഷൻ കമ്മിറ്റികളിൽ തെരഞ്ഞെടുപ്പ് നടന്നു. വൊഫാ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ, അമൽ ആന്റണി, ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ വിവിധ റീജിയണുകളിലായി പങ്കെടുത്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ നടപടികൾ ശ്രീ. അമലിന്റെ നേതൃത്വത്തിൽ കൃഷിയിടങ്ങളിലും ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

**സെമിനാറുകൾ സംഘടിപ്പിച്ചു**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 16 സെമിനാറുകൾ നടത്തി. ചേരിയംകൊല്ലി, കാട്ടിമൂല, ആലാറ്റിൽ, ഒന്നാം മൈൽ, കൊയിലേരി, ചെറുകാട്ടൂർ, പറളിക്കുന്ന്, ഇടിയംവയൽ, കളത്തുവയൽ, ചൊവ്വ, ഉളുവാട്, ആറാം മൈൽ, പുതിയിടംകുന്ന്, തോണിച്ചാൽ, മരകാവ്, പാടിച്ചിറ എന്നിവിടങ്ങളിലാണ് സെമിനാറുകൾ നടന്നത്. കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. 16 സെമിനാറുകളിലായി 430 കർഷകർ പങ്കെടുത്തു.

**തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു**

ജൈവകൃഷി വ്യാപന പദ്ധതിയിൽ അംഗങ്ങളാകാൻ തയ്യാറായ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ കർഷകർക്കായി സെമിനാർ സംഘടിപ്പിച്ചു. തമിഴ്നാട് ജില്ലയിലെ ചേലക്കുന്ന്, ദേവാല എന്നിവിടങ്ങളിലായി മെയ് 15 നാണ് സെമിനാർ സംഘടിപ്പിച്ചത്. കുമാരി ലിജി, കുമാരി റീബ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഐസി എസ് കോർഡിനേറ്റർ ശ്രീ. അമൽ ആന്റണി, ഫീൽഡ് കോർഡിനേറ്റർ ശ്രീമതി ഷീല എന്നിവർ പങ്കെടുത്തു. രണ്ടിടങ്ങളിലുമായി 100 കർഷകർ പങ്കെടുത്തു.

കർണ്ണാടകയിലെ ഗുണ്ടൽപേട്ടിൽ മെയ് 18-ാം തീയതി സംഘടിപ്പിച്ച സെമിനാറിൽ ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, എ ജി ഓ മാരായ കുമാരി ലിജി, കുമാരി റീബ, ക്വാളിറ്റി കൺട്രോൾ മാനേജർ കുമാരി പ്രിൻസി, കുമാരി ലീഷാ മാത്യു എന്നിവർ പങ്കെടുത്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ**

പുതുതായി അംഗങ്ങളായ കർഷകരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും ഉത്പ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള ആദ്യ കൃഷിയിട പരിശോധന ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ 4650 കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ടർമാർ പൂർത്തീകരിച്ചു.

**ഫെയർട്രേഡ്**

**ജൈവകർഷക സംഗമം വിശകലന യോഗം**

2017 മെയ് മാസം 19-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്ന വൊഫാ എക്സിക്യൂട്ടീവ് യോഗത്തിൽ വൊഫാ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ വൊഫാ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതം ചെയ്തു. യോഗത്തിൽ മെയ് മാസം 11 -ാം തീയതി സുൽത്താൻ ബത്തേരി വച്ച് നടത്തിയ ജൈവകർഷക സംഗമത്തെ അവലോകനം ചെയ്തു. 3000 കർഷകരെ പ്രതീക്ഷിച്ച കർഷക റാലിയിൽ 4500 ൽ പരം അംഗങ്ങൾ പങ്കെടുത്തത് സംഘടന യുടെ വിജയമാണെന്ന് യോഗം വിലയിരുത്തി. തുടർന്ന് സംഗമത്തിന്റെ ചെലവുകൾ യോഗത്തിൽ അവതരിപ്പിച്ചു. വൈസ് ചെയർമാൻ ശ്രീ. സണ്ണി മൂലക്കരയുടെ നന്ദിയോടെ യോഗം പിരിഞ്ഞു.

**പഠനയാത്ര**

വൊഫായുടെ ജനറൽ അസംബ്ലി അംഗങ്ങൾക്കായി ഏർപ്പെടു ത്തിയ പഠനയാത്ര 2017 മെയ് മാസം 24 -ാം തീയതി WSSS ൽ നിന്നും ആരംഭിച്ചു. പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം, പടന്നക്കാട് കാർഷിക ഗവേഷണകേന്ദ്രം CPCRI കാസർഗോഡ് എന്നിവിടങ്ങൾ സന്ദർശിക്കുകയും, കാർഷിക മേഖലയിലെ പുത്തൻ അനുഭവങ്ങൾ നേരിട്ട് മനസിലാക്കുകയും ചെയ്തു. യാത്രയിൽ 45 കർഷകർ പങ്കെ ടുത്തു.

**2017-20 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

വൊഫായുടെ 2017-20 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെ ടുക്കുന്നതിനായി 424 വില്ലേജ് ഫാം ക്ലബ്ബുകളിലും തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും തെരഞ്ഞെടുക്കപ്പെട്ട കർഷകരെ റീജിയണൽ തലത്തിൽ വിളിച്ച് ചേർക്കുകയും പ്രസ്തുത മീറ്റിംഗുകളിൽ നിന്നും വാർഷിക പൊതുയോഗ സഭയിൽ പങ്കെടുക്കേണ്ട കർഷകരെ തെര ഞ്ഞെടുക്കുകയും ചെയ്തു.

വൊഫായുടെ 2017-20 വർഷത്തെ വാർഷിക പൊതുയോഗം 2017 ജൂൺ മാസം 27-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേരുന്നതിന് തീരുമാനിച്ചു. ആയതിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 84 കർഷകർ പങ്കെടു ക്കേണ്ടതാണെന്ന് അറിയിച്ചു.

**സംഭരണം**

കർഷകരിൽ നിന്നും മെയ് മാസം 517787 കിലോ കാപ്പി, 72-93 രൂപ നിരക്കിലും 643 കിലോ കുരുമുളക് 640 രൂപ നിരക്കിലും, 23550

കിലോ പച്ച മഞ്ഞൾ 24 രൂപ നിരക്കിലും, 12070 കിലോ പച്ചഇഞ്ചി 33.4 രൂപ നിരക്കിലും, 23.3 കിലോ ഉണക്ക മഞ്ഞൾ 100 രൂപ നിരക്കിലും, 6.6 കിലോ ഏലം 1900 രൂപ നിരക്കിലും, 14.5 കിലോ തേങ്ങാ 30 രൂപ നിരക്കിലും 5975 കിലോ മാങ്ങ 35 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മെയ് മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, പൈനാപ്പിൾ, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ജൈവകർഷക സംഗമം 2017**

'വായു ജലം മണ്ണ് - നമുക്കും വരും തലമുറയ്ക്കും'എന്ന സുസ്ഥിര മുദ്രാവാക്യവുമായി പ്രകൃതി സംരക്ഷണവും കർഷക വികസനവും ലക്ഷ്യമാക്കി ജൈവകാർഷിക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി WSSS യുടെയും, ജൈവകാർഷിക ഉത്പ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും ജൈവകാർഷിക വിപുലീകരണത്തിനുമായി രൂപംകൊണ്ട WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷ (WOFFA) ന്റെയും, ജൈവ ഉത്പ്പന്നങ്ങളുടെ സംഭരണവും മൂല്യവർദ്ധനവും വിപണനവും വഴി കർഷകർക്ക് സുസ്ഥിരമായ വിപണി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട ബയോവിൻ അഗ്രോ റിസേർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ 2017 മെയ് 11 ന് സുൽത്താൻ ബത്തേരിയിൽ 'ജൈവ കർഷക സംഗമം' സംഘടിപ്പിച്ചു. കർഷക പങ്കാളിത്തംകൊണ്ട് വയനാടൻ കാർഷിക സംസ്കൃതിയുടെ നേർക്കാഴ്ചയാവുകയായിരുന്നു ഈ സംഗമം.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**സുസ്വാഗതം**

മാനന്തവാടി രൂപതാ സാമൂഹ്യ സംരംഭങ്ങളുടെ ജനറൽ കോർഡിനേറ്ററായി നിയമിതനായ ബഹുമാനപ്പെട്ട പോൾ കൂട്ടാലയച്ചന് റേഡിയോ മാറ്റൊലി കുടുംബത്തിന്റെ അനുമോദനങ്ങൾ അർപ്പിക്കുകയും സ്വാഗതം നേരുകയും ചെയ്യുന്നു.

**അനുമോദനങ്ങൾ**

കേരള സംസ്ഥാന ശുചിത്വ മിഷന്റെ ഡയറക്ടർ (ഓപ്പറേഷൻസ്) ആയി സ്ഥാനകയറ്റം ലഭിച്ച് സ്തുത്യർഹമായ സേവനം ചെയ്യുന്ന മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി അംഗം ശ്രീ. സി. വി. ജോയ് സാറിന് മാറ്റൊലി കുടുംബത്തിന്റെ ആത്മാർത്ഥമായ അനുമോദനങ്ങൾ.

**വാർഷികാഘോഷവും ശ്രോതാക്കളുടെ സംഗമവും**

മാറ്റൊലിയുടെ എട്ടാം വാർഷികാഘോഷവും ശ്രോതാക്കളുടെ സംഗമവും മാറ്റൊലിക്കൂട്ടം 2017 എന്ന പേരിൽ മെയ് 31 ന് ദ്വാരക എ. യു.പി. സ്കൂളിൽ വെച്ച് വിപുലമായ പരിപാടികളോടെ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ഡോ. ഫാ. അബ്രഹാം നെല്ലിക്കൽ അധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, എടവക ഗ്രാമപഞ്ചായത്ത് മെമ്പർ സുബൈദ പുളിയോട്ടിൽ, തുടിച്ചെത്തം പ്രോഗ്രാം കോർഡിനേറ്റർ സരിത ചന്ദ്രൻ എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും ജനറൽ കൺവീനർ ഷാജൻ ജോസ് നന്ദിയും പറഞ്ഞു. തുടർന്ന് സാമൂഹിക റേഡിയോ-സ്വത്വവും സത്യവും സഹയാത്രയും എന്ന വിഷയത്തിൽ സ്റ്റേഷൻ ഡയറക്ടർ ക്ലാസ്സെടുത്തു.

സമാപനസമ്മേളനം എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ സാമൂഹ്യസംരംഭങ്ങളുടെ കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല അധ്യക്ഷത വഹിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ

പുത്തേൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട് നന്ദിയും പറഞ്ഞു.

**മാറ്റൊലിക്കൂട്ടം**

റേഡിയോ മാറ്റൊലിയുടെ ശ്രോതാക്കളുടെ വിവിധ സ്ഥലങ്ങളിലെ കൂട്ടായ്മയായ മാറ്റൊലിക്കൂട്ടത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോസ് ഇമ്മാനുവേൽ നിർവ്വഹിച്ചു. പ്രഥമ ഭാരവാഹികളെ തെരഞ്ഞെടുക്കലും ഇതോടനുബന്ധിച്ചു നടന്നു. മാറ്റൊലിക്കൂട്ടം പ്രസിഡന്റായി ശ്രീ. ഷാജൻ ജോസിനേയും വൈസ് പ്രസിഡന്റായി ജിത്തു ബത്തേരിയേയും സെക്രട്ടറിയായി ശ്രീ. ചാക്കോ വെള്ളമുണ്ട, ജോയിന്റ് സെക്രട്ടറിയായി ശ്രീമതി സുലോചന തരിയോട് എന്നിവരെയും തിരഞ്ഞെടുത്തു.

**കരുതൽ പുസ്തക പ്രകാശനം**

സ്ത്രീകളുടെ സുരക്ഷ, അവരുടെ ആത്മാഭിമാനം എന്നിവ സംരക്ഷിക്കേണ്ടത് സുസ്ഥിതിയുള്ള സമൂഹത്തിന്റെ കടമയാണ്. ഈ ലക്ഷ്യം മുൻ നിർത്തി സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ കരുത്താർജ്ജിക്കാനുള്ള പ്രായോഗിക വഴികളുമായി റേഡിയോ മാറ്റൊലി പുസ്തകവും സി.ഡി.യും പുറത്തിറക്കി. കേരള സമൂഹത്തിന്റെ സമഗ്ര വികസനത്തിനും വിമോചനത്തിനും ഇതിനോടകം സ്ഥായിയായ സംഭാവന നൽകിയ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി കഴിഞ്ഞ വർഷം 91 എപ്പിസോഡുകളായി പ്രക്ഷേപണം ചെയ്ത കരുതൽ എന്ന പരമ്പരയിൽ നിന്നും തെരഞ്ഞെടുത്ത പതിനൊന്ന് ചിത്രീകരണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആത്മ ഡെപ്യൂട്ടി ഡയറക്ടർ ഷാജൻ തോമസ് പുസ്തകം പ്രകാശനം ചെയ്തു. ശ്രീ. ഷാജൻ ജോസ് പുസ്തകം ഏറ്റു വാങ്ങി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ പുസ്തകം പരിചയപ്പെടുത്തി. റേഡിയോ മാറ്റൊലി എക്സ്പെർട്ട് വോളണ്ടിയർ ശ്രീ. ജോസഫ് പള്ളത്താണ് പുസ്തകത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. തിരുനാളുകൾക്കും മറ്റും സ്റ്റേജിൽ അവതരിപ്പിക്കാൻ ഉതകുന്ന വിധത്തിലാണ് ചിത്രീകരണങ്ങളുടെ സി.ഡി. തയ്യാറാക്കിയിരിക്കുന്നത്.

**സർവ്വോദയ സദസ്സ്**

2017-18 വർഷത്തിൽ റേഡിയോ മാറ്റൊലി ആരംഭിക്കുന്ന പുതിയ റേഡിയോ പരിപാടി സർവ്വോദയ സദസ്സ് ലീഡ് ബാങ്ക് മാനേജർ എം.ഡി. ശ്യാമള ഉദ്ഘാടനം ചെയ്തു. ജില്ലയിലെ പഞ്ചായത്തുകളിൽകൂടി

സഞ്ചരിച്ച് അവരുടെ പദ്ധതി നിർവ്വഹണത്തേക്കുറിച്ചും പുതിയ പദ്ധതികളേക്കുറിച്ചും ചർച്ച ചെയ്യുന്ന പരിപാടിയാണ് സർവ്വോദയ സദസ്സ്. എല്ലാമാസവും 2, 4 ആഴ്ചകളിൽ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 07.10 ന് പരിപാടി റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യും.

**മാറ്റൊലി മരം**

മാറ്റൊലിക്കൂട്ടം 2017 ൽ പങ്കെടുത്ത എല്ലാവർക്കും മാറ്റൊലി മരം വിതരണം ചെയ്തു. മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി മുൻ അംഗം ഇ. ജി. ജോസഫ് മാനേജിംഗ് കമ്മിറ്റി അംഗം കെ. കെ. ചന്ദ്രശേഖരന് മരം നല്കി വിതരണോദ്ഘാടനം നിർവ്വഹിച്ചു.

**'കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2017'**

റേഡിയോ മാറ്റൊലി നിർമ്മിച്ച് കോമൺവെൽത്ത് എഡ്യുക്കേഷണൽ മീഡിയ സെന്റർഫോർ ഏഷ്യ സംഘടിപ്പിച്ച 'കമ്മ്യൂണിറ്റി റേഡിയോ വീഡിയോ ചലഞ്ച് 2017' പുരസ്കാരം നേടിയ ഒത്താൽ എന്ന ഹൃസ്വചിത്രത്തിന്റെ അണിയറ പ്രവർത്തകരെ മാറ്റൊലിയുടെ സ്ഥാപക ശിൽപികളിലൊരാളായ ഫാ. ജോസഫ് ചിറ്റൂർ ആദരിച്ചു.

**ശുചിത്വരത്ന – ശുചിത്വ ശ്രീ അവാർഡ്**

ദ്വാരക പ്രാദേശിക ശുചിത്വ സമിതിയുടെ ശുചിത്വ അവാർഡുകൾ പ്രഖ്യാപിച്ചു. കെ. പത്മകുമാറിന് ശുചിത്വരത്ന പുരസ്കാരവും ഒറവച്ചാലിൽ പൈലി മാസ്റ്റർക്ക് ശുചിത്വ ശ്രീ പുരസ്കാരവും മുൻ മാനേജ്മെന്റ് കമ്മിറ്റി അംഗം ജോസ് സെബാസ്റ്റ്യൻ വിതരണം ചെയ്തു.

**ലഹരി പ്രതിജ്ഞ**

ലഹരി വസ്തുക്കളുടെ വിപത്തുകളെ കുറിച്ച് പൗരനിരയെ ബോധവത്കരിച്ച് ലഹരി വിമുക്ത വയനാട് നേടിയെടുക്കുന്നതിന് റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. മാറ്റൊലിയുടെ എട്ടാം വാർഷികാഘോഷം നടന്ന ലോക പുകയില വിരുദ്ധ ദിനത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ലഹരി വിരുദ്ധ മുന്നേറ്റം നടത്തിയത്. ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക എന്ന പരിഷ്കൃത സമൂഹത്തിന്റെ പൊതുലക്ഷ്യത്തോടും സർക്കാരുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പ്രതിബദ്ധതയോടും ചേർന്ന് പ്രവർത്തിക്കുന്നതിനാണ് മാറ്റൊലി ഇത്തരമൊരു ഉദ്യമത്തിൽ പങ്കുചേർന്നത്.

**അവാർഡ് ജേതാക്കളെ ആദരിക്കൽ**

ദേശീയ-സംസ്ഥാന കാർഷിക പുരസ്കാരങ്ങൾ നേടിയ വെള്ളമുണ്ട കൃഷി ഓഫീസർ കെ.മമ്മൂട്ടി, കണിയാമ്പറ്റ കൃഷി ഓഫീസർ കെ.ജി.സുനിൽ, കർഷകരായ ഷാജി എൻ.എം, പി.ജെ. മാനുവൽ, അജി തോമസ് എന്നിവരെ അമ്പലവയൽ പ്രാദേശിക കാർഷിക വിഭാഗം മേധാവി ഡോ. രാജേന്ദ്രൻ ആദരിച്ചു. ക്ഷീരകർഷക പുരസ്കാര ജേതാക്കളായ എം.വി മോഹൻദാസ്, ആനീസ് ബിജു എന്നിവരെ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഗീതയും കർഷകതിലകം പുരസ്കാരം നേടിയ ഹർഷ എം.എസിനെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം.പി.വത്സനും ആദരിച്ചു.

**റേഡിയോസെറ്റ് വിതരണം**

കിടപ്പു രോഗികൾക്കുള്ള റേഡിയോസെറ്റ് വിതരണോദ്ഘാടനം മാനന്തവാടി രൂപതാ മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ.ജെയ്സ് ബേബി ചെട്ട്യാശ്ശേരി നിർവ്വഹിച്ചു. മാറ്റൊലിക്കൂട്ടം വൈസ് പ്രസിഡന്റ് ജിത്തു ബത്തേരി ഏറ്റുവാങ്ങി.

കിടപ്പുരോഗികൾക്കുള്ള റേഡിയോസെറ്റ് വിതരണത്തിന്റെ ഭാഗമായി വിളമ്പുകണ്ടത്തുള്ള തോട്ടത്തിൽ ജോസ് തോമസിന് റേഡിയോ സെറ്റ് നല്കി.

**ആശംസ മത്സര വിജയികൾ**

മാറ്റൊലിയുടെ ഒൻപതാം പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി ശ്രോതാക്കളുടെ ആശംസ മത്സരം സംഘടിപ്പിച്ചു. വേണുഗോപാൽ ചീക്കല്ലൂർ, സിനി ജോർജ്ജ്, ശ്രീജിത്ത് മാനന്തവാടി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങളും പ്രഭ ഉദയൻ, ബേബി മക്കിയാട് എന്നിവർ പ്രോത്സാഹന സമ്മാനവും നേടി. സ്റ്റാഫിനുവേണ്ടി സംഘടിപ്പിച്ച മത്സരത്തിൽ പ്രോഗ്രാം പ്രൊഡ്യൂസർ ലിതിൻ മാത്യു വിജയിയായി. വിജയികൾക്കുള്ള സമ്മാനദാനം ബയോവിൻ ഡയറക്ടർ അഡ്വ.ഫാ.ജോൺ ചൂരപ്പുഴയിൽ നിർവ്വഹിച്ചു.

**വാരാചരണ പരിപാടികൾ**

**പരിസ്ഥിതി വാരാചരണം**

പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ സ്കൂളുകളിലെ പരിസ്ഥിതി ക്ലബുകൾ, ജില്ലയിലെ പരിസ്ഥിതി പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. പരിപാടികൾക്ക് മാറ്റൊലിയിലെ ഇന്റേൺസ് ആയ ശ്രേയ സി. ബാബു, അമല. ടി. ചാക്കോ, ആൽഫി അബ്രാഹം, ഷാരോൺ ജോസ്, ശരത് കൃഷ്ണ എന്നിവർ നേതൃത്വം നല്കി.

ജൂൺ 5 തിങ്കളാഴ്ച മുതൽ 10 ശനിയാഴ്ചവരെ വൈകിട്ട് അഞ്ച് മണി മുതൽ 5.15 തത്സമയ പരിസ്ഥിതി ക്വിസ് മത്സരം നടത്തി. വിജയികളായവർക്ക് സമ്മാനം നല്കി.

**സാമ്പത്തിക സാക്ഷരതാ വാരം**

സാമ്പത്തിക സാക്ഷരതാ വാരത്തോട് അനുബന്ധിച്ച് റേഡിയോ മാറ്റൊലി ലീഡ് ബാങ്ക് മാനേജർ എം.ഡി. ശ്യാമളയുമായി ഒരു മണിക്കൂർ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വാരാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ലീഡ് ബാങ്ക് മാനേജർ എം.ഡി.ശ്യാമള നിർവ്വഹിച്ചു.

സാമ്പത്തിക സാക്ഷരതാ വാരത്തോട് അനുബന്ധിച്ചുള്ള റേഡിയോ പരിപാടികളുടെ ഭാഗമായി സാമ്പത്തിക സാക്ഷരതയുമായി ബന്ധപ്പെട്ട തത്സമയ ക്വിസ് പരിപാടി ജൂൺ 12 തിങ്കളാഴ്ച മുതൽ ജൂൺ 17 ശനിയാഴ്ച വരെ വൈകിട്ട് അഞ്ച് മണി മുതൽ 5.15 വരെ നടത്തി. വിജയികളായവർക്ക് സമ്മാനം നല്കി.

**വായനാദിന വാരാചരണം**

'വായിച്ച് മുന്നേറാം' എന്ന പേരിൽ വായനാദിന വാരാചരണത്തിന്റെ ഭാഗമായി ജൂൺ 19 മുതൽ ജൂൺ 24 വൈവിധ്യമാർന്ന റേഡിയോ പരിപാടികളുമായി വായനാവാരം ആചരിച്ചു. ജില്ലയിലെ പ്രമുഖ ഗ്രന്ഥശാലകളെ പരിചയപ്പെടുത്തൽ, തത്സമയ ക്വിസ് പരിപാടി എന്നിവ വായനാവാരത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ചു. ശ്രോതാക്കൾക്കായി വായനാമത്സരവും സംഘടിപ്പിച്ചു. വായനാദിന സന്ദേശം നൽകി കൊണ്ട് സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ വായനാവാരം ഉദ്ഘാടനം ചെയ്തു.

**പാനൽ ചർച്ച**

വിദ്യാഭ്യാസ വായ്പയും വിദ്യാർത്ഥികളും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ഗ്രാമീണ ബാങ്ക് റിട്ട. റീജിയണൽ മാനേജർ എൻ.യു. ജോൺ, ഷാജൻ ജോസ്, ജോസഫ് ചെട്ടിക്കാത്തോട്ടത്തിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. വാളാട് ഗവ. ഹൈസ്കൂൾ അധ്യാപകൻ റോജസ് മാർട്ടിൻ മോഡറേറ്ററായിരുന്നു.

**ഇന്റേൺഷിപ്പ്**

വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും കോളേജിൽ നിന്നും വന്ന ആൽഫി അബ്രാഹം, ദിവ്യ അലക്സ്, ഷാരോൺ ജോസ്, നന്ദുലാൽ, മീനങ്ങാടി ഗവ. പോളിടെക്നിക് കോളേജിലെ 10 വിദ്യാർത്ഥികൾ എന്നിവർ ഇന്റേൺഷിപ്പ് പൂർത്തിയാക്കുകയും അവർക്ക് സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു.

**പങ്കാളിത്തം**

കേരള ശുചിത്വ മിഷൻ തിരുവനന്തപുരത്ത് കേരളത്തിലെ മാധ്യമ പ്രവർത്തകർക്കുവേണ്ടി ശുചിത്വവും മാധ്യമ പങ്കാളിത്തവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു.

നീർമാതളം ബുക്സിന്റെ മൺസൂൺ പുസ്തകങ്ങളുടെ പ്രകാശനം മാനന്തവാടി പഴശ്ശി ഗ്രന്ഥാലയം ഹാളിൽ നടന്നു. 'സംഭവസ്ഥലത്ത് സംഭവിച്ചത്' എന്ന ജോസ് മുട്ടത്തിന്റെ കഥാസമാഹാരം നോവലിസ്റ്റ് ബാലൻ വേങ്ങര പ്രകാശനം ചെയ്തു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ.സെബാസ്റ്റ്യൻ പുത്തേൻ പുസ്തകം ഏറ്റുവാങ്ങി.

ശ്രീ. ജോസ് മുട്ടത്തിന് അനുമോദനങ്ങൾ: മാറ്റൊലിയുടെ ആരംഭം മുതൽ തനതായ സംഭാവനകൾ നൽകുകയും പ്രതിധ്വനി എന്ന പ്രോഗ്രാം കൈകാര്യം ചെയ്യുകയും ചെയ്യുന്ന ശ്രീ. ജോസ് മുട്ടത്തിന്റെ അഞ്ചാമത് പുസ്തകം പ്രകാശനം ചെയ്തതിലുള്ള അനുമോദനങ്ങൾ പ്രത്യേകം നേരുന്നു.

എടവക പഞ്ചായത്ത് പരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അറിവിനൊരു മരം പരിപാടിയിൽ അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

ദ്വാരക YMCA യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മഴക്കാല രോഗ പ്രതിരോധ ബോധവത്കരണ പരിപാടിയിലും SSLC, Plus Two പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ ആദരിക്കുന്ന ചടങ്ങിലും അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

WSSS ന്റെ വാർഷിക ജനറൽ ബോഡിയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു.

മണ്ണൂത്തി കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജിയിൽ നിന്നും 40 വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

ലോക സമാധാനത്തിനു വേണ്ടി ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം ജൂൺ 8 ന് ഉച്ചക്ക് 1 മണിക്ക് 1 മിനിറ്റ് മൗന പ്രാർത്ഥനയും തുടർന്ന് സമാധാന പ്രാർത്ഥനയും നടത്തി.

**പുത്തൻ പടവുകൾ അവലോകനം**

തിരുവനന്തപുരത്ത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി

കൗൺസിലിന്റെ വാർഷിക അവലോകന യോഗത്തിൽ പ്രോജക്ട് ഡയറക്ടർ പങ്കെടുത്ത് പുത്തൻ പടവുകൾ എന്ന പ്രക്ഷേപണ പരമ്പരയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ബോർഡ് തികഞ്ഞ സംതൃപ്തി രേഖപ്പെടുത്തുകയും റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. സ്റ്റേഷൻ ഡയറക്ടറും ഒപ്പം സന്നിഹിതനായിരുന്നു.

**സർക്കാർ പദ്ധതികൾ**

എനർജി സെന്റർ ഡയറക്ടർ ശ്രീ. നടേശൻ ഉണ്ണിത്താൻ, സാമൂഹ്യ സുരക്ഷാ ജോയിന്റ് ഡയറക്ടർ ശ്രീ ജയചന്ദ്രൻ, ശുചിത്വ മിഷൻ ഡയറക്ടർ ഡോ.വാസുകി , ഡയറക്ടർ (ഓപ്പറേഷൻസ് ) ശ്രീ. സി.വി.ജോയ്, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ കേശവേന്ദ്രകുമാർ IAS , SIET ഡയറക്ടർ ശ്രീ. അബുരാജ് എന്നിവരുമായി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ.സെബാസ്റ്റ്യൻ പുത്തേൻ, അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു മുത്താനിക്കാട്ട് എന്നിവർ തിരുവനന്തപുരത്ത് വെച്ച് സന്ദർശിക്കുകയും ചർച്ച നടത്തുകയും റേഡിയോ മാറ്റൊലിയിലൂടെ ആവിഷ്ക്കരിക്കാവുന്ന പ്രക്ഷേപണങ്ങളുടെ പ്രോജക്ട് സമർപ്പിക്കുകയും ചെയ്തു.

**അനുശോചനം**

മാനന്തവാടി സെന്റ് തോമസ് മലങ്കര പള്ളി വികാരി ആയിരുന്ന ഫാ. ജോൺ മനയിലിന്റെ മൃതശരീരം സന്ദർശിച്ച് സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫാ. മനോജ് കാക്കോനാൽ**

അസി. ഡയറക്ടർ

**May-June 2017**

The college reopened on June 1, 2017 after the summer vacation and classes for II & III Year UG, and II Year PG students began. Rev. Fr. George Myladoor has taken over as the new Manager of the college and was accorded a warm reception on the reopening day. The college community also paid tribute to the memory of late Rev. Fr. Francis Njallampuzha who left us for his heavenly abode three years ago. The students were issued new Identity Cards with tags and were instructed to wear it always when they are on the campus for easy identification. The inauguration of the activities of the Career and Guidance Cell for the Academic Year 2017-18 was held on 9 June 2017 with an Orientation Programme for the students. Dr. Vinod K Jose, a noted journalist and our former student, inaugurated the activities of the Literary Association 2017-18. Admissions to the first year degree programmes are going on through CAP (Centralized Allotment Process) of Kannur University for the year 2017-18. The first year UG classes are expected to begin on 6 July 2017.

**Dr. Savio James V**

Principal

# ഡി.എഫ്.സി. മാനന്തവാടി രൂപത

**എക്സിക്യൂട്ടീവ് കമ്മിറ്റി**

ഡി.എഫ്.സി. മേഖല ഭാരവാഹികളും രൂപതാ ഭാരവാഹികളും ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഡി.എഫി.സി. രൂപതാ ഓഫീസിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ, രൂപതാ പ്രസിഡണ്ട് അലക്സ് കടേക്കാട്ട്, സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ തുടങ്ങിയവർ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു. വൈസ്പ്രസിഡണ്ട് ജോസഫ് സാർ നന്ദി അറിയിച്ചു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ, ഫൊറോന, യൂണിറ്റ് തലങ്ങളിലെ ഭാരവാഹികളെ പങ്കെടുപ്പിച്ച് ഒരു കൺവെൻഷൻ നടത്തുന്നതിനും പ്രസ്തുത കൺവെൻഷനിൽ സംസ്ഥാന ഡയറക്ടർ റവ. ഫാ. റോയി കണ്ണംചിറയുടെ ക്ലാസ്സ് സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

**ഭാരവാഹികളുടെ സംഗമം**

2017 മെയ് 6-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇടവക, ഫൊറോന, രൂപത ഭാരവാഹികളുടെ സംഗമം ടൗൺ പള്ളിയുടെ ഹാളിൽ വച്ച് ചേർന്നു. ഡി.എഫ്.സി സംസ്ഥാന ഡയറക്ടർ ബഹു. ഫാ. റോയി കണ്ണംചിറ ഡി.എഫ്.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് നയിച്ചു. ഡി.എഫ്.സി ശാക്തീകരണത്തിന്റെ ആവശ്യകത അച്ചൻ പറഞ്ഞു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ എല്ലാവരേയും സ്വാഗതം ചെയ്ത് ആമുഖപ്രഭാഷണം നടത്തി.

**നന്ദിയുടെ ഒരു വാക്ക്**

ദീപിക കോഴിക്കോട് എഡിഷന്റെ റസിഡന്റ് മാനേജരായി സ്തുത്യർഹ സേവനത്തിനുശേഷം സ്ഥലം മാറിപ്പോയ ബഹു. ജോയിസ് വയലിൽ അച്ചന് മാനന്തവാടി രൂപത ഡി.എഫ്.സി കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. ദീപിക കണ്ണൂർ

എഡിഷന്റെ അസിസ്റ്റന്റ് മാനേജരായി ദീർഘകാല സേവനത്തിനു ശേഷം സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ. ഡി.പി. ജോസിന് അഭിനന്ദനങ്ങളും സ്നേഹവും നന്ദിയും അർപ്പിക്കുന്നു. മാനന്തവാടി രൂപത ഡി.എഫ്.സിയെ ശക്തിപ്പെടുത്തുന്നതിന് ആത്മാർത്ഥമായി അധ്വാനിച്ച ശ്രീ. ജോസിന് പ്രത്യേകം നന്ദി.

**ഹൃദ്യമായ സ്വാഗതം**

ദീപികയുടെ കോഴിക്കോട് എഡിഷന്റെ റസിഡന്റ് മാനേജരായി ചുമതലയേറ്റ ബഹു. സായി പാറൻകുളങ്ങര അച്ചന് മാനന്തവാടി രൂപത ഡി.എഫ്.സി അംഗങ്ങളുടെ അഭിനന്ദനങ്ങളും ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**

ഡി.എഫ്.സി രൂപതാ സെക്രട്ടറി

## NISCORT

**a). Certificate Course in Pastoral Communication: Duration Six months**

Syllabus:

1. Science of Human Communication
2. Basic Computer Applications
3. Communication and Media
4. Basic skills on writing
5. Documentary Filmmaking and Non-Fiction Programming
6. Church documents on Communication

**b). Diploma in Pastoral Communication: Duration One Year**

The programme is divided into two semesters.

First Semester: Syllabus as mentioned above

Second Semester:

1. Advertising and Public Relations
2. Audio Visual Comm. & Production Technology
3. Television Journalism
4. Graphics and Animation
5. Communication for Pastoral Leadership
6. Media Education & Pastoral Plan
7. One month Internship

**v All the courses will commence from 01 August 2017.**

Looking forward to your support

Yours Sincerely in Jesus

**Dr. Jose Murickan O.Praem**

Director

# Pastoral Centre Programme



**July 2017**

| | |
|---|---|
| 1 | Zion |
| 3 | St. Thomas Day |
| 7 | Department of Youth Ministry |
| 8 | KCYM, SMMA |
| 7-9 | Catechism Amukha Seminar |
| 11 | KCYM Directors, Animators Meeting |
| 16-20 | Zion Retreat |
| 17 | Marian Singles |
| 21-24 | Marriage Preparation Course |

**Fr. Paul Vazhappilly**
Director, Pastoral Centre



# Bishop's Programme

***July 2017***

| | | |
|---|---|---|
| *1* | *Sat -2 Sun ..........* | *Pune* |
| *3* | *Mon- 7 Fri .........* | *Eluru* |
| *8* | *Sat .....................* | *Out of Station* |
| *9* | *Sun ...................* | *Kottiyoor: Kandapunam Chapel blessing* |
| *10* | *Mon .................* | *Nadavayal* |
| *11* | *Tue ...................* | *Mananthavady Forane: Monthly Recollection* |
| *12* | *Wed ..................* | *Visitors' day* |
| *13* | *Thu - 14 Fri ......* | *Out of station* |
| *15* | *Sat ....................* | *Engaged* |
| *16* | *Sun ....................* | *Machikolly : Pastoral Visit* |
| *18* | *Tue ....................* | *Out of station* |
| *19* | *Wed ...................* | *Malom* |
| *20* | *Thu ....................* | *Birikkulam* |
| *21* | *Fri ....................* | *Out of station* |
| *23* | *Sun ...................* | *Arulnilayam : Pastoral Visit* |
| *24* | *Mon ..................* | *Visitors' Day* |
| *25* | *Tue ....................* | *Out of station* |
| *26* | *Wed 27 Thu .......* | *Engaged* |
| *28* | *Fri ....................* | *Out of station* |
| *30* | *Sun ...................* | *Kunnalady - Bekki : Pastoral Visit* |
| *31* | *Mon .................* | *Visitiors' Day* |

***August 2017***

| | | |
|---|---|---|
| *3* | *Thu ..................* | *Vianney Day* |
| *5* | *Sat ...................* | *Engaged* |
| *6* | *Sun - 12 Sat ......* | *K C B C Bishops' Retreat* |
| *14* | *Mon ................* | *Vistors' Day* |
| *15* | *Tue .................* | *Kunnoth: Good Shepherd Major Seminary* |
| *16* | *Wed- 17 Thu .....* | *Out of station* |
| *20* | *Sun - 31 Thu ....* | *Kakkanad : Synod* |